# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2021 | വാല്യം 48 ലക്കം 3 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


## പെട്രോൾ വില നൂറും കടന്നു
# കുത്തിക്കവർച്ച തുടരുന്നു

**കോവിഡ് മഹാമാരിയിൽ ചക്രശ്വാസം വലിക്കുന്ന ജനങ്ങളെ പട്ടിണി മരണങ്ങളിലേയ്ക്ക് നയിക്കുന്ന വിധത്തിൽ 2021 മെയ് നാല് മുതൽ ജൂലൈ 5 വരെ പെട്രോളിന് 35 തവണയും ഡീസലിന് 33 തവണയുമാണ് കേന്ദ്ര സർക്കാർ വില വർധിപ്പിച്ചത്. ജൂലൈ മാസം ആദ്യത്തെ അഞ്ച് ദിവസത്തിനിടയിൽ മൂന്നു തവണ നിഷ്ക്കരുണം വില കൂട്ടി. ഫലത്തിൽ, മൂന്നു മാസത്തിനിടെ 10% വില വർധനയാണ് ഉണ്ടായിരിക്കുന്നത്.**

പെട്രോൾ വില കേരളത്തിലും നൂറു രൂപ കടന്നു. നൂറിൽ 56 രൂപയും സർക്കാർ നികുതിയാണ്. കേന്ദ്രവും സംസ്ഥാനവും ചേർന്ന് ഈടാക്കുന്ന നികുതി 125 ശതമാനം വരും.പെട്രോൾ നികുതിയിനത്തിൽ ഇപ്പോൾ ഒരു ദിവസം കേരളത്തിലെ ജനങ്ങൾ നൽകുന്നത് 30കോടിയോളം രൂപയാണ്. ഇതിൽ 17.5കോടി കേന്ദ്രവും 12.5 കോടി സംസ്ഥാന സർക്കാരും തട്ടിയെടുക്കുന്നു. നികുതിക്ക് പുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സെസ്സും പിരിക്കുന്നു.

പെട്രോൾ ഡീസൽ വില വർധനമൂലം എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില സീമാതീതമായി ഉയർന്നുകൊണ്ടേയിരിക്കുന്നു.കടത്തു കൂലി കൂടുമ്പോൾ ഭക്ഷ്യ വസ്തുക്കൾ ഉൾപ്പടെയുള്ള വസ്തു വില കൂടുമെന്ന് അറിയുന്ന ഭരണാധികാരികൾ ജനങ്ങളെ നിർദയം കൊള്ളയടിക്കുകയാണ്.

### 100ൽ 56 രൂപയും കേന്ദ്ര-സംസ്ഥാന നികുതി


100 രൂപ ഒരു ലിറ്റർ പെട്രോളിന് ഈടാക്കുമ്പോൾ അതിൽ 55.61 രൂപയും കേന്ദ്ര സംസ്ഥാന നികുതിയാണ്. കേന്ദ്ര സർക്കാർ വക എക്സൈസ് ഡ്യൂട്ടി (1.40) സ്പെഷ്യൽ ഡ്യൂട്ടി (11), റോഡ് ആൻറ് ഇൻഫ്രാസ്ട്രക്ചർ സെസ് (18), അഗ്രികൾച്ചർ ആന്റ് ഡെവലപ്മെന്റ് സെസ് (2.50). സംസ്ഥാനസർക്കാർവക വാറ്റ് നികുതി 22.71 രൂപയും. പെട്രോളിന്റെ വില കേവലം 43.39രൂപ മാത്രം! പെട്രോൾ 100 കടന്നിട്ടും നികുതി കുറയ്ക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നുമില്ല.

അന്താരാഷ്ട്ര വിപണിയിൽ എത്രയൊക്കെ വില ക്രൂഡ് ഓയിലിന് കുറഞ്ഞാലും അതിന്റെ നേട്ടം ജനങ്ങൾക്ക് നൽകാതിരിക്കുക എന്ന ക്രൂരത മോഡി സർക്കാർ തുടരുകയാണ്. എന്നാൽ ആ നേട്ടം കേന്ദ്ര സർക്കാർ കൈക്കലാക്കുന്നു. അതേസമയം, അന്താരാഷ്ട്ര മാർക്കറ്റിൽ വില വർധിച്ചാൽ അതിന്റെ ഭാരം പൂർണമായി ജനങ്ങളുടെ തലയിൽ വെക്കുകയും ചെയ്യും. വാസ്തവത്തിൽ, കോവിഡ്

(ശേഷം 2-ാം പേജിൽ)



പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ ആഭിമുഖ്യത്തിൽ പാമ്പാടിയിൽ നടന്ന പ്രതിഷേധം



## ലാൽസലാം സഖാവ് ശങ്കർ സാഹ

എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റിയിലും പൊളിറ്റ് ബ്യൂറോയിലും അംഗവും എഐയുടിയുസിയുടെ പ്രസിഡന്റും മുൻനിര ട്രേഡ് യൂണിയൻ നേതാവും ഒരു ആജീവനാന്ത വിപ്ലവകാരിയുമായ സ ഖാവ് ശങ്കർ സാഹ 2021 മെയ് 21 രാവിലെ 8.10ന് അന്തരിച്ചു.

അദ്ദേഹത്തിന് 81 വയസ്സായിരുന്നു. കടുത്ത പനിയെ തുടർന്ന് ഏപ്രിൽ 12ന് കൽക്കത്ത ഹാർട്ട് ക്ലിനിക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടക്കത്തിൽ അല്പം മെച്ചപ്പെട്ടെങ്കിലും തുടർന്ന് സ്ഥിതി മോശമാകുകയും ന്യുമോണിയ ബാധിക്കുകയും ചെയ്തു. ഏപ്രിൽ 27ന് അദ്ദേഹത്തിന് വെന്റിലേറ്റർ സഹായം ആവശ്യമായിവന്നു. മെയ് 8ന് നടത്തിയ കോവിഡ് ടെസ്റ്റിന്റെ റിപ്പോർട്ട് നെഗറ്റീവ് ആയിരുന്നു. എന്നാൽ കിഡ്നി തകരാറുമൂലം തുടർച്ചയായി ഡയാലിസിസ് വേണ്ടിവന്നു. ക്രമേണ രോഗനില വഷളാകുകയും ഗുരുതരാവസ്ഥയിലാകുകയും ചെയ്തു. മെഡിക്കൽ ടീം അക്ഷീണം പരിശ്രമിച്ചെങ്കിലും അദ്ദേഹത്തെ രക്ഷിക്കാനായില്ല.

അദ്ദേഹത്തിന്റെ ഭൗതികശരീരം പാർട്ടി കേന്ദ്രകമ്മിറ്റി ഓഫീസിൽ എത്തിക്കുകയും ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിനുവേണ്ടി പൂക്കളർപ്പിക്കുകയും ചെയ്തു. മറ്റ് പൊളിറ്റ് ബ്യൂറോ അംഗങ്ങളും കേന്ദ്രകമ്മിറ്റി അംഗങ്ങളും സംസ്ഥാന നേതാക്കളും അന്ത്യോപചാരം അർപ്പിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം ദീർഘകാലം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും തൊഴിലാളിവർഗ്ഗ സമരങ്ങൾക്കും നേതൃത്വം നൽകിയ എഐയുടിയുസി കേന്ദ്ര ഓഫീസിലേയ്ക്ക് കൊണ്ടുപോയി. അവിടെ എഐയുടിയുസി നേതാക്കൾ നിറകണ്ണുകളോടെ അദ്ദേഹത്തിന് വിടനൽകി. തുടർന്ന് കിയാരത്തല ശ്മശാനത്തിൽ എത്തിച്ച് സംസ്കാരം നടത്തി.

അദ്ദേഹത്തിന്റെ വിയോഗം പാർട്ടിക്കും രാജ്യത്തെ വിപ്ലവ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ വിപ്ലവ ജീവിതത്തോടും സമരത്തോടും ആദരവ് പുലർത്തിക്കൊണ്ട് പാർട്ടി ദേശീയ തലത്തിൽ മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു. മെയ് 31 മുതൽ ജൂൺ 2വരെ എല്ലാ പാർട്ടി ഓഫീസുകളിലും പാർട്ടി പതാക പകുതി താഴ്ത്തിക്കെട്ടുകയും സഖാക്കൾ കറുത്ത ബാഡ്ജ് ധരിക്കുകയും ചെയ്തു. ■

## വിനാശകരമായ കെ-റയിൽ പദ്ധതിക്കെതിരെ
# ജനകീയ സമരം ശക്തിപ്പെടുന്നു

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള റയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(KRDCL), തിരുവനന്തപുരം മുതൽ കാസർഗോഡുവരെ സിൽവർലൈൻ എന്ന പേരിൽ അർദ്ധ അതിവേഗ പാത നിർമ്മിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. പരമാവധി 200 കിലോമീറ്റർ വേഗതയിൽ ഓടുമെന്നു പറയുന്ന ട്രെയിനിന്റെ ശരാശരി വേഗം 136 കിലോമീറ്ററാണ്. 4 മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തുനിന്നും കാസർകോഡ് എത്താം. കിലോമീറ്ററിന് 2.75 രൂപയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്ന ചാർജ്ജ്. എല്ലാ വർഷവും 7.5% വർദ്ധിപ്പിക്കും. ഒരുവഴിക്കുമാത്രം 1457 രൂപയാകും. 63,941 കോടിയാണ് കെആർഡിസിഎൽ മതിപ്പ് ചിലവ് കണക്കാക്കുന്നത്. നീതി ആയോഗ് റിപ്പോർട്ടിൽ പറയുന്നത് 1,26,000 കോടി ചെലവാകുമെന്നാണ്. അങ്ങിനെയെങ്കിൽ ടിക്കറ്റ് ചാർജ്ജ് ഇരട്ടിയാകും.

കൊച്ചുവേളി, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, കാക്കനാട്, നെടുമ്പാശേരി, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലാണ് സ്റ്റോപ്പ്. സ്റ്റാന്റേഡ് ഗേജിലാണ് പണിയുന്നത്. വായ്പയും സാങ്കേതിക വിദ്യയും ബോഗിയും റെയിലുമൊക്കെ ജപ്പാനിൽനിന്നും വാങ്ങും. ലൈനിനും സ്റ്റേഷനുകൾക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി 5000ത്തിലേറെ ഏക്കർ ഭൂമി വേണ്ടിവരും. 132 കിലോമീറ്റർ നെൽവയലുകളിലൂടെ കടന്നുപോകും.

11.5 കിലോമീറ്റർ നീളത്തിൽ തുരങ്കവും 13 കിലോമീറ്റർ പാലങ്ങളും 88 കിലോമീറ്റർ ആകാശപ്പാതയും 120 കിലോമീറ്റർ മലകൾ വെട്ടിമുറിച്ച് അതിനിടയിലൂടെയും 293 കലോമീറ്റർ മണൽതിട്ടുകെട്ടി അതിനുമുകളിൽ 4.5 മീറ്റർ ഉയരത്തിൽ കോൺക്രീറ്റ് മതിൽ കെട്ടി അതിനിടയിലൂടെയുമാണ് പോകുന്നത്. വീടുകൾ ആരാധനാലയങ്ങൾ, സ്കൂളുകൾ മറ്റ് പൊതുസ്ഥാപനങ്ങൾ വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ ഇരുപതിനായിരത്തോളം നിർമ്മിതികൾ പൊളിച്ചുമാറ്റേണ്ടിവരും. ഈ പദ്ധതിയുടെ ദോഷഫലങ്ങൾ ഒരു ലക്ഷത്തിലേറെ ആളുകളെ നേ

(ശേഷം 6-ാം പേജിൽ)

### ഉൾപ്പേജുകളിൽ


പേജ് 6 — സർക്കാർ ഒത്താശയോടെ നടന്ന ആസൂത്രിത മരം കൊള്ള

പേജ് 9 — തീരം തകർക്കുന്ന പദ്ധതികൾക്കെതിരെ സമരജ്വാലകൾ

ഇന്ധന വില വർദ്ധനവ് കുത്തിക്കവർച്ച

# ഇന്ത്യ എഗയ്ൻസ്റ്റ് ഫ്യുവൽ പ്രൈസ് ഹൈക്ക് ക്യാമ്പയിനിൽ അണിനിരക്കുക

(1–ാം പേജിൽ നിന്ന്)

മഹാമാരിയിൽ മനുഷ്യർ മരണത്തിന് കീഴ്പ്പെട്ട് വീണുകൊണ്ടിരുന്ന മാസങ്ങളിൽ, 2020 ഒടുവിൽ കേന്ദ്ര സർക്കാർ ചുമത്തിയ അധിക സെസ് മാത്രം പിൻവലിച്ചിരുന്നെങ്കിൽ പെട്രോളിനും ഡീസലിനും ലിറ്ററിന് 4.5രൂപ വീതം കുറയ്ക്കാൻ കഴിയുമായിരുന്നുവെന്ന് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഐസിആർഎ ചൂണ്ടികാണിച്ചിരുന്നു. പക്ഷേ, മോഡി സർക്കാർ കരുണ കാട്ടിയില്ല. തത്ഫലമായി, വിപണിയിൽ വിലക്കയറ്റം 6.3 ശതമാനം കടക്കുന്ന സ്ഥിതി ഉണ്ടായി.

2010 ജൂണിൽ യുപിഎ സർക്കാർ പെട്രോൾ വിലനിയന്ത്രണം എണ്ണക്കമ്പനികളുടെ ചുമതലയിലാക്കി. ജനതാല്പര്യം തരിമ്പും പരിഗണിക്കാതെ കുത്തകകൾക്കുവേണ്ടി, തുടക്കം മുതൽതന്നെ എല്ലാ ക്ഷേമ സംവിധാനങ്ങളെയും പൊളിച്ചെഴുതിയ മോഡി സർക്കാർ പെട്രോൾ വില നിയന്ത്രണ മെക്കാനിസത്തെ പൂർണമായി ഇല്ലാതാക്കികളഞ്ഞു. പൊതുജന താല്പര്യം സംരക്ഷിക്കാൻ ഏതെങ്കിലും അളവിൽ സഹായകരമായിരുന്ന അഡ്മിനിസ്ട്രേറ്റീവ് പ്രൈസ് മെക്കാനിസം അഥവാ എപിഎം എന്ന വില നിയന്ത്രണ സംവിധാനത്തെ 2014 ഒക്ടോബർ 18ന് മോഡി ഗവണ്മെന്റ് അവസാനിപ്പിക്കാൻ തീരുമാനിച്ചതും കൊള്ളയടി നിർബാധം തുടരാൻ വേണ്ടിയായിരുന്നു. വിദേശ വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കഴിഞ്ഞ ഫെബ്രുവരിയിൽ ബാരലിന് 54 ഡോളർ ആയിരുന്നത് മാർച്ച് മാസം 33 ഡോളർ ആയി ഒറ്റയടിക്ക് കുറഞ്ഞിട്ടും ഇന്ത്യൻ വിപണിയിൽ വില കുറച്ചില്ല. വിലക്കുറവിന്റെ നേട്ടം ജനങ്ങൾക്ക് നൽകാതിരിക്കാൻ വിവിധയിനം എക്സൈസ് തീരുവകൾ വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. യഥാർഥത്തിൽ തീരുവകൾ പരമാവധി വർധിപ്പിച്ചു കഴിഞ്ഞിരുന്നു.പക്ഷേ, പരിധിക്കപ്പുറം കൊള്ള തുടരാൻ വർധനയുടെ പരിധി വർധിപ്പിക്കുകയാണ് മോഡിയും സംഘവും ചെയ്തത്. അതുവഴി എണ്ണ കമ്പനികൾ ലാഭ കുമ്പാരം വർധിപ്പിച്ചു. മറുവശത്ത് ജനജീവിതം അനുദിനം തകരുന്ന ദയനീയ സ്ഥിതി തുടരുകയാണ്.

### പ്രക്ഷോഭം മാത്രം വഴി

ഇത്തൊരുമൊരു സ്ഥിതിയിൽ രാജ്യമെമ്പാടും വമ്പിച്ച പ്രതിഷേധം ഉയർന്നുവരേണ്ടതാണ്. പ്രതിപക്ഷം ജനസമരം വളർത്തുന്നതിന് പകരം നിശബ്ദമായി കൊള്ളക്ക് കൂട്ടുനിന്നുകൊടുക്കുന്നതാണ് കാണുന്നത്. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ചടങ്ങ് പ്രതിഷേധങ്ങൾ പോര, അതിശക്തമായ സമരം വളർത്താൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി നിരന്തരം ഇടതു പാർടികളോട് അഭ്യർത്ഥിക്കുന്നു. എന്തായാലും, ഒടുവിൽ സംയുക്ത ട്രേഡ് യൂണിയനുകളുടെ അഭിമുഖ്യത്തിൽ ജൂൺ 21ന് ചക്രസ്തംഭന സമരം നടത്താനുള്ള തീരുമാനം ഉണ്ടായി. ആ സമരം വിജയകരമായി സംഘടിപ്പിക്കുന്നതിൽ പാർട്ടിയുടെയും കേന്ദ്ര ട്രേഡ് യൂണിയനായ എഐയുടിയുസിയുടെയും സഖാക്കൾ നിർണായകമായ പങ്ക് വഹിക്കുകയുണ്ടായി.

### വിദ്യാർത്ഥികൾ രംഗത്ത്

ചക്രസ്തംഭന സമരത്തിന് മുമ്പുതന്നെ വിദ്യാർത്ഥികളുടെ ഒരു സംഘം പെട്രോൾ വില വർധനക്കെതിരെ സോഷ്യൽ മീഡിയ ക്യാമ്പയിൻ തുടങ്ങുകയുണ്ടായി. ഫെബ്രുവരി 16നുതന്നെ വിദ്യാർത്ഥികളുടെ ഒരു ചെറിയ സംഘം India Against Fuel Price Hike എന്നൊരുകൂട്ടായ്മക്ക് രൂപം നൽകി.

ഫെബ്രുവരി 18ന് പെട്രോൾ പമ്പുകൾ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടായിരുന്നു പ്രവർത്തനങ്ങളുടെ ആരംഭം. തുടർന്ന്, ഫെബ്രുവരി 26,27,28 മാർച്ച് 1 എന്നീ ദിവസങ്ങൾ പ്രതിഷേധ–പ്രതികരണ ദിനങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. ഈ ദിവസങ്ങളിൽ വിവിധ തരത്തിലുള്ള ഓൺലൈൻ/ഓഫ്‌ലൈൻ പ്രതിഷേധ പരിപാടികൾ സ്വീകരിക്കുകയുണ്ടായി.

മാർച് 9 വിദ്യാർത്ഥികളുടെ പ്രതിഷേധ ദിനമായി ആചരിക്കപ്പെട്ടു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കോളേജുകളിൽ പ്രതിഷേധ പരിപാടികൾ നടത്തി. ഒപ്പ് ശേഖരണം, ടയർ ഉരുട്ടിയുള്ള പ്രതിഷേധം, പ്ലക്കാർഡ് പിടിച്ചുകൊണ്ടുള്ള പ്രതിഷേധം, ജനങ്ങളുടെ പ്രതികരണം വീഡിയോകളാക്കി തയ്യാറാക്കിയ ക്യാമ്പയിൻ എന്നിങ്ങനെ വ്യത്യസ്ത സമരങ്ങൾ നടത്തി. വിവിധ മേഖലകളിൽനിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങൾ നൽകിയ പ്രതികരണ വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടു.

ഏപ്രിൽ 30ന് ഓൺലൈൻ കൺവെൻഷൻ നടത്തി. പ്രശസ്ത സിനിമ താരം പ്രേംകുമാർ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സാമൂഹികപ്രവർത്തകൻ ജോസഫ് സി. മാത്യു മുഖ്യ പ്രഭാഷണം നടത്തി. വിദ്യാർത്ഥി കൂട്ടായ്മയുടെ പ്രതിനിധികളായ ആർ.ജതിൻ, അജിത് മാത്യു, എസ്.ആമി എന്നിവർ സംസാരിച്ചു. അതിനുശേഷം മെയ് 15ന് സമരമുറ്റം പരിപാടി സംഘടിപ്പിച്ചു. എല്ലാവരും അവരവരുടെ വീട്ടുമുറ്റങ്ങളിൽ ഇന്ധന വിലവർധനവിനെതിരെ പ്രതികരിക്കുന്ന സമര രൂപമായിരുന്നു അത്. പെട്രോൾ–ഡീസൽ വില 50 രൂപയാക്കണം, പാചകവാതക വില കുറക്കണം എന്നീ ഡിമാൻഡുകൾ വച്ചുകൊണ്ടുള്ള പ്ലക്കാർഡ് ഉപയോഗിച്ച് പ്രതിഷേധം രേഖപെടുത്തി. ധാരാളം വീട്ടമ്മമാരും സമര മുറ്റത്തിൽ പങ്കാളികളായി. ജൂൺ 4ന് 'ഇന്ധന വിലയ്ക്ക് തീ പിടിപ്പിക്കുന്നതാര്' എന്ന വിഷയത്തിൽ ക്ലബ് ഹൗസിൽ സംഘടിപ്പിച്ച ചർച്ചയും ശ്രദ്ധേയമായി. അഡ്വ.വിനോദ് മാത്യു വിൽസൺ അടക്കം നിരവധി ആളുകൾ ചർച്ചയിൽ പങ്കെടുത്തു.

### പ്രധാനമന്ത്രിയുടെ കോലം കത്തിച്ച പ്രതിഷേധം

കേരളത്തിൽ പ്രീമിയം പെട്രോളിന് 100 രൂപയായതോടെ പ്രതിഷേധം ആളിക്കത്തി. ജൂൺ 10ന് പ്രധാനമന്ത്രിയുടെ കോലം വീട്ടുമുറ്റങ്ങളിൽ കത്തിക്കുവാനുള്ള കൂട്ടായ്മയുടെ ആഹ്വാനം ജനങ്ങൾ ഏറ്റെടുത്തു. വീട്ടമ്മമാരടക്കം നിരവധി ആളുകൾ പരിപാടിയിൽ പങ്കെടുത്തു. ജൂൺ 16ന്, കലാ പ്രതിഷേധം നടത്തി. 'let us band against fuel price hike' എന്നതായിരുന്നു തലക്കെട്ട്. ആ സമര ദിനത്തിൽ കലാ രംഗത്തുള്ളവരുടെ പ്രതിഷേധ പരിപാടികൾ അരങ്ങേറി. സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത ജൂൺ 21ന്റെ ചക്രസ്തംഭന സമരത്തിന്റെ പ്രചരണാർഥം 19 ന് ക്ലബ് ഹൗസ് ചർച്ചയും, 20ന് വെർച്വൽ റാലിയും സംഘടിപ്പിച്ചു. ജൂൺ 21ന്റെ ചക്രസ്തംഭന പരിപാടിയിൽ വിവിധ കേന്ദ്രങ്ങളിൽ സോഷ്യൽ മീഡിയ ഗ്രൂപ്പംഗങ്ങൾ പങ്കെടുത്തു. എറണാകുളം കച്ചേരിപ്പടിയിൽ നടന്ന കൂട്ടായ്മ ന്യൂക്ലിയർ സയന്റിസ്റ്റ് ജോർജ് ജോസഫ് ഉദ്ഘാടനം ചെയ്തു. നിഖിൽ സജി, കെ.പി.സാൽവിൻ എന്നിവർ സംസാരിച്ചു.

### ചക്രസ്തംഭന സമരത്തിൽ

ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനം ചെയ്ത 15 മിനുട്ട് നീണ്ടുനിന്ന ചക്രസ്തംഭന സമരത്തിൽ എഐയുടിയുസിയുടെയും എസ്‌യുസിഐ(സി)യുടെയും അനേകം നേതാക്കളും പ്രവർത്തകരും എല്ലാ ജില്ലകളിലും പങ്കെടുത്തു. തിരുവനന്തപുരത്ത് അന്നേ ദിവസം രാവിലെ നഗരത്തിൽ എസ്‌യുസിഐ(സി) പ്രവർത്തകർ ബൈക്ക് റാലി നടത്തി. തുടർന്ന് പിഎംജിയിൽ നടന്ന സമരത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് ഹരികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ സംസാരിച്ചു. കണിയാപുരത്തെ സംയുക്ത സമരത്തിൽ സഖാവ് എ.ഷൈജു സംസാരിച്ചു. എറണാകുളം ജില്ലയിൽ തിരുവാങ്കുളത്ത് സഖാവ് സി.ബി.അശോകൻ അധ്യക്ഷത വഹിച്ചു. സഖാവ് കെ.എസ്.ഹരികുമാർ സംസാരിച്ചു. കച്ചേരിപ്പടിയിൽ സഖാവ് കെ.ഒ.ഷാൻ സംസാരിച്ചു. ചാലക്കപ്പാറയിൽ പാർട്ടി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. തൊടുപുഴയിൽ ട്രേഡ് യൂണിയൻ നേതാവ് സഖാവ് എം.എൻ.അനിൽ സംസാരിച്ചു. കോഴിക്കോട്ട് കാട്ടിലപീടികയിൽ സഖാവ് പ്രവീൺ ചെറുവത്ത് സംസാരിച്ചു. ചാവക്കാട് സഖാവ് സി.വി.പ്രേമരാജൻ സംസാരിച്ചു. ആലപ്പുഴയിൽ വണ്ടാനം മെഡിക്കൽ കോളേജിന് മുന്നിൽ നടന്ന ചക്രസ്തംഭന സമരം എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ.ആർ.ശശി ഉദ്ഘാടനം ചെയ്തു. കായംകുളത്ത് സഖാവ് എൻ.ആർ.അജയകുമാർ സംസാരിച്ചു. ജില്ലയിൽ മറ്റ് നിരവധിയിടങ്ങളിലും പാർട്ടി സഖാക്കൾ സമരത്തിന് നേതൃത്വം നൽകി.

എറണാകുളം മുളന്തുരുത്തിയിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എൻ.ആർ. മോഹൻകുമാർ അധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലയിൽ നിരവധിയിടങ്ങളിൽ എസ്‌യുസിഐ(സി)യുടെയും എഐയുടിയുസിയുടെയും സഖാക്കൾ സമരത്തിന് നേതൃത്വം നൽകി. കണ്ണൂർ ജില്ലയിലെ ആലക്കോട് ടൗണിൽ സഖാക്കൾ അനൂപ് ജോൺ, വി.രാമചന്ദ്രൻ, വി.എം.ഹാരിസ് എന്നിവർ പങ്കെടുത്തു. കണ്ണൂർ ഗവൺമെന്റ് ആശുപത്രി ബസ് സ്റ്റാന്റിൽവച്ച് നടന്ന വാഹന സ്തംഭന സമരം എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എം.കെ.ജയരാജൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മുതലക്കുളത്ത് സഖാവ് പി.എം. ശ്രീകുമാർ, കുറ്റ്യാടിയിൽ സഖാവ് എം.കെ.രാജൻ, കാട്ടിലപ്പീടികയിൽ സഖാവ് പ്രവീൺ ചെറുവത്ത്, ബാലുശ്ശേരിയിൽ സഖാവ എം.പി.അനിൽ കുമാർ എന്നിവരും പ്രസംഗിച്ചു.

പെട്രോൾ ഡീസൽ വില വർധനക്കെതിരെ കൂടുതൽ ഉയർന്ന സമരങ്ങൾ നിരന്തരം വളർത്തിയെടുക്കുവാൻ ഏവരും മുന്നോട്ടു വരേണ്ട സമയമാണിത്. ■

# കെ–റെയിൽ വിരുദ്ധ ജനകീയ സമിതിയെ ശക്തിപ്പെടുത്തുക

(1–ാം പേജിൽ നിന്ന്)

രിട്ടും കേരളത്തിലെ മുഴുവൻ ജനങ്ങളെയും പരോക്ഷമായും ബാധിക്കും. നിരവധി നദികളുടെയും നീർച്ചാലുകളുടെയും സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുത്തും. തണ്ണീർത്തടങ്ങളും കണ്ടൽക്കാടുകളുമൊക്കെ നശിപ്പിക്കപ്പെടും. പതിനായിരക്കണക്കിന് വൃക്ഷങ്ങൾ മുറിച്ചുമാറ്റേണ്ടി വരും. പശ്ചിമഘട്ട മലനിരകൾ വൻതോതിൽ ഇതിനുവേണ്ടി തകർക്കപ്പെടും. നിലവിൽ ജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റോഡുകളും ഗ്രാമീണ പാതകളുമൊക്കെ അടയ്ക്കപ്പെടുക വഴി വലിയ യാത്രാക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുമാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും നഷ്ടങ്ങളല്ലാതെ മറ്റൊന്നും കെ–റെയിൽ വഴി സംഭവിക്കില്ല.

സ്ഥലമുടമകൾക്ക് 4 ഇരട്ടി വില നൽകുമെന്ന് കെ–റെയിൽ എംഡി പറഞ്ഞപ്പോൾ അന്നത്തെ മന്ത്രി ജി.സുധാകരൻ പറഞ്ഞത് അത് ശരിയല്ലെന്നും 2.3 ഇരട്ടി മാത്രമേ സർക്കാർ തീരുമാനമുള്ളൂ എന്നുമാണ്.

വേഗത്തിൽ സഞ്ചരിക്കാനാണ് കെ–റെയിൽ എന്ന് പറയുമ്പോൾ ശരാശരി 136 കിലോമീറ്റർവേഗംമാത്രമാണുള്ളത്.ഇന്ത്യൻ റെയിൽവേയാകട്ടെ 160 കിലോമീറ്റർ വേഗത്തിൽ പല സ്ഥലങ്ങളിലും ട്രെയിൻ ഓടിക്കുന്നുണ്ട്. കേരളത്തിലും 2025 ആകുമ്പോൾ വേഗതകൂട്ടും എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ പതിനഞ്ചുകൊല്ലമെങ്കിലുമെടുത്ത് പണി തീർത്ത് കഴിയുമ്പോൾ കെ–റെയിൽ കാലഹരണപ്പെട്ടതായി മാറും.


ഒരു ദിവസം 70,000 യാത്രക്കാർ ഇതിൽ സഞ്ചരിക്കുമെന്ന് പറയുമ്പോൾ കേരളത്തിൽ മൊത്തം യത്രാസൗകര്യങ്ങളും ഉപയോഗിച്ച് പ്രതിദിനം ഇത്രയും പേർ യാത്ര ചെയ്യുന്നില്ല എന്ന് കാണാം. കൊച്ചി മെട്രോയുടെ കാര്യത്തിൽ ഉന്നയിച്ച അവകാശവാദങ്ങൾ പൊള്ളയായിരുന്നെന്നും വൻ നഷ്ടത്തിലാണ് മെട്രോ പ്രവർത്തിക്കുന്ന തെന്നും അവരുടെ കണക്കുകൾ പറയുന്നു. 40 വർഷം മുൻപ് ആയിരക്കണക്കിനാളുകളെ കുടിയൊഴിപ്പിച്ച് നാഷണൽഹൈവേയ്ക്കു സ്ഥലമേറ്റെടുത്തിട്ടും റോഡ് പണിതിട്ടില്ല. ഇന്ത്യൻ റയിൽവേയുടെ വികസന പദ്ധതികൾ പൂർത്തീകരിക്കാതെ ജല, വ്യോമ ഗതാഗത മാർഗ്ഗങ്ങളുടെ സാദ്ധ്യതകൾ പരിഗണിക്കാതെ കെഎസ്ആർടിസിയെ മര്യാദയ്ക്ക് നോക്കിനടത്താതെയാണ് യാതൊരു വികസന സാധ്യതയുമില്ലാത്ത കെ–റെയിലിനുവേണ്ടി വാദിക്കുന്നത്.

റെയിൽവേയുടെ കാര്യത്തിൽ വിദഗ്ധനായ ഇ.ശ്രീധരനും സതേൺ റയിൽവേയുടെ മുൻ

(ശേഷം 3–ാം പേജിൽ)

# സഖാവ് മൊബിനുൾ ഹൈദർ ചൗധരിക്ക് ലാൽസലാം

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ അനുശോചന സന്ദേശം



പ്രിയ സഖാക്കളെ,

ബംഗ്ലാദേശ് സോഷ്യലിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ബംഗ്ലാദേശിലെ വിഖ്യാതനായ വിപ്ലവ നേതാവുമായ സഖാവ് മൊബിനുൾ ഹൈദർ ചൗധരിയുടെ നിര്യാണത്തിൽ അഗാധമായ ദുഃഖത്തിലാണ്ടിരിക്കുന്ന പാർട്ടി നേതാക്കളോടും കേഡർമാരോടും അനുഭാവികളോടും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പേരിൽ ഞാൻ ഹൃദയവ്യഥയോടെ അനുശോചനം അറിയിക്കുന്നു.

സഖാവ് മൊബിനുൾ ഹൈദർ ചൗധരി അദ്ദേഹത്തിന്റെ വിപ്ലവ രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത് ഇന്ത്യയിലായിരുന്നുവെന്നത് നിങ്ങളിൽ പലർക്കും അറിവുള്ളതാണ്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന അന്നത്തെ അവിഭജിത ഇന്ത്യയിൽ, കൽക്കട്ടയിലായിരുന്ന തന്റെ മൂത്ത സഹോദരനുമൊത്ത് അദ്ദേഹം താമസിച്ചുവന്നിരുന്നത്. കൗമാരം പിന്നിട്ടയുടനെ, യുവത്വത്തിന്റെ പ്രാരംഭത്തിൽ, 1951-ൽ മഹാനായ മാർക്സിസ്റ്റ് നേതാവും ചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്‌ദാസ് ഘോഷുമായി അദ്ദേഹം ബന്ധപ്പെടാനിടയായി. സഖാവ് ഘോഷിന്റെ ആശയങ്ങളിൽനിന്ന് ആവേശമുൾക്കൊണ്ടും അദ്ദേഹം നൽകിയ ശിക്ഷണത്താലും, മാമൂൽ പ്രകാരമുള്ള സാധാരണ ജീവിതത്തിന്റെ എല്ലാ ആകർഷണങ്ങളെയും ത്യജിച്ചുകൊണ്ട് സഖാവ് ഹൈദർ സമ്പൂർണമായ അർപ്പണ മനോഭാവത്തോടെ വിപ്ലവ സമരം ഏറ്റെടുത്തു.

ഇന്ത്യയിലായിരിക്കുമ്പോൾ കോൺഗ്രസ് സർക്കാരിനെതിരെയുള്ള പല ബഹുജന പ്രക്ഷോഭങ്ങളിലും പങ്കെടുക്കുകയും പോലീസ് അതിക്രമങ്ങളെ നേരിടുകയും പല സന്ദർഭങ്ങളിലും ജയിലിൽ അടക്കപ്പെടുകയും ചെയ്തിട്ടുണ്ട്. തൊഴിലാളിവർഗ്ഗ പ്രക്ഷോഭങ്ങളിലും ദരിദ്ര കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പ്രക്ഷോഭങ്ങളിലും യുവജന-സാംസ്കാരിക പ്രവർത്തനങ്ങളിലും വർഗീയ വിരുദ്ധ പ്രസ്ഥാനങ്ങളിലും അദ്ദേഹം സവിശേഷമായ പങ്കുവഹിച്ചു. ഈ പ്രക്രിയയിലൂടെ ഒരു കഴിവുറ്റ സംഘാടകൻ എന്ന നിലയിൽ അദ്ദേഹം വളർന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംഘടന ഡൽഹിയിലും ഹരിയാനയിലും കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം ഒരു പ്രധാന പങ്കുവഹിച്ചു.

ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചില്ലായിരുന്നുവെങ്കിൽപ്പോലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളാലും മഹാനായ ആ നേതാവിനോടൊത്തുള്ള സജീവമായ സഹവർത്തിത്വത്താലും പ്രചോദിതനായി, മാർക്സിസ്റ്റ് ദർശനത്തെ മനോഹരമായി അവതരിപ്പിക്കാനും ദേശീയ-അന്തർദേശീയ സാഹചര്യങ്ങളെ ശരിയായി വിശകലനം ചെയ്യാനും കലാസാഹിത്യ സാംസ്കാരിക വിഷയങ്ങളിൽ ആകർഷണീയമായ ചർച്ചകൾ നടത്താനും വിപ്ലവ പാർട്ടിയെയും വർഗബഹുജന സംഘടനകളെയും വളർത്തിയെടുക്കാനും യുവാക്കളിൽ വിപ്ലവാശയങ്ങളോടും വിപ്ലവ പാർട്ടിയോടും വമ്പിച്ച ആകർഷണം സൃഷ്ടിച്ചെടുക്കാനും ജനങ്ങളെ പ്രബുദ്ധരാക്കി അവരിൽ ഉയർന്ന മൂല്യങ്ങളും മാനഷിക ഗുണങ്ങളും വളർത്തിയെടുക്കാനുമുള്ള അസാമാന്യമായ ശേഷികൾ അദ്ദേഹം ആർജിക്കുകയുണ്ടായി.

മാർക്സിസം-ലെനിനിസം ശിബ്ദാസ് ഘോഷ് ചിന്ത എന്ന വിപ്ലവ ആശയം വ്യാപകമായി പ്രചരിപ്പിക്കുക, വിപ്ലവപാർട്ടി കെട്ടിപ്പടുക്കുക, വിപ്ലവ സമരങ്ങൾ വളർത്തിയെടുക്കുക എന്നതു മാത്രമായിരുന്നു സഖാവിന്റെ ഒരേയൊരു ജീവിത ദൗത്യം. ആ ലക്ഷ്യത്തെ മുൻനിർത്തി 1972ൽ അദ്ദേഹം ജന്മനാടായ ബംഗ്ലാദേശിലേക്ക് പോയി. നിരവധി ബുദ്ധിജീവികളെയും പ്രഗത്ഭരായ വിദ്യാർത്ഥികളെയും യുവാക്കളെയും അധ്വാനിക്കുന്ന ബഹുജനങ്ങളെയും പ്രചോദിപ്പിക്കാനും അവരെ സംഘടിപ്പിക്കാനും മാതൃകാപരമായ സമരം അദ്ദേഹം നടത്തി. ആ പ്രക്രിയയിലൂടെ ബംഗ്ലാദേശിന്റെ മണ്ണിൽ ഒരേയൊരു യഥാർത്ഥ വിപ്ലവ പാർട്ടിയെന്ന നിലയിൽ ബംഗ്ലാദേശ് സോഷ്യലിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടി സ്ഥാപിച്ചു.

തന്റെ പിൽക്കാല ജീവിതത്തിൽ ഒട്ടേറെ അസുഖങ്ങൾ അദ്ദേഹത്തെ ബാധിച്ചു. ആ ബുദ്ധിമുട്ടുകൾ അവഗണിച്ചും പ്രായസംബന്ധമായ ശാരീരിക-മാനസിക പരിമിതികളെ അതിജീവിച്ചും തന്റെ വിപ്ലവ ജീവിതസമരം അന്ത്യശ്വാസം വരെ അദ്ദേഹം അവിരാമം തുടർന്നു. മഹത്വമാർന്ന ഹൃദയവികാരങ്ങളും ഉന്നത ധാരണകളും സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ പ്രകാശമാനമായ വിപ്ലവ സ്വഭാവവും ആർജിച്ചതോടെ ബംഗ്ലാദേശിലെയും ഇന്ത്യയിലെയും അനേകമാളുകളുടെ മനസ്സിൽ ഉയർന്ന ആദരവും ബഹുമാനവും അദ്ദേഹം നേടി. ഒരു യഥാർത്ഥ തൊഴിലാളിവർഗ്ഗ സാർവ്വദേശീയവാദി എന്ന നിലയിൽ മാർക്സിസം-ലെനിനിസം ശിബ്ദാസ് ഘോഷ് ചിന്തകൾ പല യൂറോപ്യൻ രാജ്യങ്ങളിലും അറബ് രാജ്യങ്ങളിലും പ്രചരിപ്പിക്കുന്നതിനും സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കുന്നതിലും അദ്ദേഹം സവിശേഷമായ പങ്കുവഹിച്ചു. സ്വഭാവവൈശിഷ്ട്യവും ഉയർന്ന സാംസ്കാരിക നിലവാരവും ആർജിച്ച്, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽനിന്ന് ആവേശം ഉൾക്കൊണ്ട് ഈ വിപ്ലവ പോരാളി ചൂഷിതരായ ജനങ്ങളോട് നിസ്സീമമായ സ്നേഹവും മാർക്സിസം-ലെനിനിസം ശിബ്ദാസ് ഘോഷ് ചിന്തയോടും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയോടും അചഞ്ചലമായ കൂറും വച്ചുപുലർത്തിയിരുന്നു.

പ്രതിബന്ധങ്ങളെ എതിരിടുന്നതിൽ അദ്ദേഹം പതംവന്ന പോരാളിയായിരുന്നു. വിപ്ലവാശയങ്ങളോടും വിപ്ലവ പ്രവർത്തനത്തോടും അടിപതറാത്ത പ്രതിജ്ഞാബദ്ധത പുലർത്തി. ഇളമുറക്കാരിൽ അതീവ സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞു. വളരെ എളിമയോടെയായിരുന്നു അദ്ദേഹം പെരുമാറിയിരുന്നത്. ഇന്ത്യയിലെ വിപ്ലവ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നതിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട പങ്കിനെ ഞങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ബംഗ്ലാദേശിലെ ശരിയായ വിപ്ലവപാർട്ടിയായ ബംഗ്ലാദേശ് സോഷ്യലിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി, നമ്മെ വിട്ടുപിരിഞ്ഞ സഖാവ് മൊബിനുൾ ഹൈദർ ചൗധരിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെ മാർക്സിസം-ലെനിനിസം -ശിബ്ദാസ് ഘോഷ് ചിന്തകളുടെയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും പതാക അടിപതറാതെ ഉയർത്തിപ്പിടിക്കുമെന്നും ദേശീയ ബൂർഷ്വാസിക്കും ലോക സാമ്രാജ്യത്വത്തിനുമെതിരായ പ്രസ്ഥാനം ശക്തിപ്പെടുത്തി മുന്നേറുമെന്നുമാണ് ഞങ്ങളുടെ പാർട്ടിയുടെ ഉറച്ച വിശ്വാസം.

തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയിൽ അടിയുറച്ച് വിശ്വസിക്കുന്ന രണ്ട് പ്രസ്ഥാനങ്ങളെന്ന നിലയിൽ ബംഗ്ലാദേശ് സോഷ്യലിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടിയും ഇന്ത്യയിലെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും തമ്മിലുള്ള ഐക്യവും സാഹോദര്യവും കെട്ടുറപ്പോടെ നിലകൊള്ളുമെന്നും വരുംനാളുകളിൽ കൂടുതൽ ബലപ്പെടുമെന്നും ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ആജീവനാന്ത വിപ്ലവകാരിയായ സഖാവ് മൊബിനുൾ ഹൈദർ ചൗധരിക്ക് ലാൽസലാം...

ബംഗ്ലാദേശ് സോഷ്യലിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി നീണാൾ വാഴട്ടെ..
മാർക്സിസം ലെനിനിസം ശിബ്ദാസ് ഘോഷ് ചിന്തകൾ നീണാൾ വാഴട്ടെ...
തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾ വാഴട്ടെ...
വിപ്ലവം നീണാൾ വാഴട്ടെ..

---

(2-ാം പേജിൽ നിന്ന്)

ചീഫ് എഞ്ചിനീയറായ അലോഷ്യസ് കുമാർ വർമ്മയുമുൾപ്പെടെ വിദഗ്ധന്മാരായ നിരവധിയാളുകൾ സിൽവർലൈൻ ഒരു വിനാശ പദ്ധതിയാണെന്നും ഒരർത്ഥത്തിലും ഇത് കേരളത്തിനനുയോജ്യമല്ല എന്നും പ്രഖ്യാപിച്ചതാണ്.

നിയമസഭയിലോ ജനപ്രതിനിധികളോടോ ചർച്ച ചെയ്യാതെ അതീവ നിഗൂഢമായാണ് പദ്ധതിക്കുവേണ്ടി ശ്രമിക്കുന്നത്. അംഗീകാരമില്ലാത്ത ഏജൻസിക്ക് 32 ലക്ഷം രൂപ നൽകി 3 മാസം കൊണ്ട് തട്ടിക്കൂട്ടിയ ഇഐഎ പഠനം ഇപ്പോൾ തള്ളിക്കളയേണ്ടി വന്നിരിക്കുന്നു. സാമൂഹിക സമ്മർദ്ദത്തിന്റെയും കോടതി ഇടപെടലുകളുടെയും ഫലമായി വീണ്ടും പരിസ്ഥിതി ആഘാത മാനേജ്മെന്റ് പ്രൊജക്ട് തയ്യാറാക്കാൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു.

എത്ര കുറ്റകരവും നിരുത്തരവാദപരവുമായ സമീപനമാണ് സർക്കാരിന്റേത്. കേരളം ഇപ്പോൾത്തന്നെ പാരിസ്ഥിതികമായി വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ നമ്മുടെ കാലാവസ്ഥയെയും പരിസ്ഥിതിയെയും ഭൂമിശാസ്ത്രത്തെയും മനസ്സിലാക്കാതെ നടത്തിയ നിർമ്മാണങ്ങളും ഇടപെടലുകളുമൊക്കെ ദുരന്തങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. കുട്ടനാട് മനുഷ്യവാസയോഗ്യമല്ലാതായി മാറിയിരിക്കുന്നു. വിഴിഞ്ഞം തുറമുഖം നിർമ്മാണം ആരംഭിച്ചപ്പോൾതന്നെ തിരുവനന്തപുരം ജില്ലയുടെ തീരദേശം ദുരന്തഭൂമിയായി മാറിയിരിക്കുന്നു. പണി പൂർത്തിയാക്കാൻ കഴിയാതിരിക്കുന്നത് പാറ കിട്ടാത്തതുകൊണ്ടാണ്. പത്തനംതിട്ട ജില്ലയിൽ ഇനി പുതിയ പാറമടകൾ അനുവദിക്കില്ലെന്ന് സിപിഐ(എം) നേതാക്കൾക്കുപോലും പ്രഖ്യാപിക്കേണ്ടി വന്നിരിക്കുന്നു. അപ്പോൾ കെ-റെയിലിന് നിർമ്മാണ സാമഗ്രികൾ എവിടെനിന്നും ലഭിക്കും. 392 കിലോമീറ്റർ നീളത്തിൽ ഭൂനിരപ്പിൽ നിന്നും 5 മീറ്ററിലേറെ ഉയരത്തിൽ മതിൽകെട്ടുവഴി എല്ലാ വർഷവും കരകവിഞ്ഞൊഴുകുന്ന നദികളിലെ വെള്ളം കെട്ടിനിന്ന് മതിലിന് കിഴക്കുഭാഗത്തുള്ള ജനവാസം അസാദ്ധ്യമാകും. അരകിലോമീറ്റർ ഇടവിട്ട് നിർമ്മിക്കുന്ന അണ്ടർപാസുകൾ വഴി കുത്തിയൊഴുകുമ്പോൾ സംഭവിക്കുന്ന അപകടം എത്ര വരുതായിരിക്കും. 2018 ലെ പ്രളയത്തിൽ സഹായിക്കാനെത്തിയ സന്നദ്ധ പ്രവർത്തകർക്ക് തടസ്സമായത് നദികളിലെ വെള്ളം റോഡുകൾ വഴി കുത്തിയൊഴുകിയതും വീടുകളുടെ മതിലുകളുമൊക്കെയായിരുന്നു എന്ന് നമുക്കറിയാം. പെട്ടിമുടിയും പുത്തുമലയും കവളപ്പാറയുമൊക്കെ നിരന്തരമാവർത്തിക്കപ്പെടുന്ന ദുരന്തഭൂമിയായി കേരളം മാറുമെന്നതിൽ തർക്കമില്ല

കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം കേരളത്തിൽ വലിയ സാമൂഹിക പ്രശ്നമായി മാറും. മൂലമ്പിള്ളിയിൽ 316 കുടുംബങ്ങളെ പൂർണ്ണമായും പുനഃരധിവസിപ്പിക്കാൻ 12 വർഷമായിട്ടും കഴിഞ്ഞിട്ടില്ല. നാലുവർഷംമുമ്പ് തിരുവനന്തപുരത്ത് കടലാക്രമണത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവർ ഇപ്പോഴും എഫ്സിഐ ഗോഡൗണിലാണ് കഴിയുന്നത്. അങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്. 3 സെന്റ് ഭൂമിക്കുവേണ്ടി അപേക്ഷനൽകി കാത്തുകിടക്കുന്ന ലക്ഷങ്ങൾ കേരളത്തിലുണ്ട്. അതൊന്നും പരിഗണനാവിഷയമായിരുന്നില്ല. കടം കയറി മുടിഞ്ഞിരിക്കുന്ന സർക്കാർ വീണ്ടും കടം വാങ്ങി ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത് ആഗോള കുത്തകകളുടെ താൽപ്പര്യപ്രകാരവും വലിയ കമ്മീഷൻ ലാക്കാക്കിയുമാണ്. സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായി വലിയ ദുരന്തമായ സിൽവർലൈൻ പദ്ധതിക്കെതിരെ ഇന്ന് കേരള ജനത ഒന്നാകെ ഉണർന്നിരിക്കുന്നു. സംസ്ഥാന കെറെയിൽ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ നിരന്തരമായ സമരപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായി ജനകീയ സമരകമ്മറ്റികൾ രൂപീകരിച്ചു കൊണ്ടിരിക്കുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പോലെയുള്ള ഇടത് അനുകൂല സംഘടനകൾ പരസ്യമായി പദ്ധതിക്കെതിരെ രംഗത്തു വന്നുകൊണ്ടിരിക്കുന്നു. ഈ സർക്കാർ വരാനിരിക്കുന്ന വലിയ ജനകീയ പ്രക്ഷോഭണത്തിന് മുന്നിൽ പരാജയപ്പെടണോ അതോ പദ്ധതി എത്രയും വേഗം പിൻവലിച്ച് ജനരോഷത്തിൽനിന്നും രക്ഷപ്പെടണോ എന്ന് ആലോചിക്കാൻ സമയം ആയിരിക്കുന്നു. ■

## ജീവനേക്കാൾ വിലയുള്ളതല്ല പരീക്ഷ

# സർവ്വകലാശാല വിദ്യാർത്ഥികളുടെ സമരം നയിച്ച് എഐഡിഎസ്ഒ

**ഗാഡ്ജറ്റുകളുടെയും നെറ്റ് വർക്കിന്റെയും അഭാവം മൂലം വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ വേണ്ട വിധത്തിൽ ലഭ്യമായിട്ടില്ല. ലഭിച്ച ക്ലാസുകൾ കൃത്യമായി മനസ്സിലാകുന്നില്ലായെന്ന പ്രശ്നവും വിദ്യാർത്ഥികൾ വ്യാപകമായി നേരിടുന്നുണ്ട്. കോവിഡിനൊപ്പം സർവകലാശാലകളുടെ പിടിപ്പുകേട് കൂടിയായപ്പോൾ കോഴ്സുകൾ അനിശ്ചിതമായി നീണ്ടുപോകുകയും ഓവർലാപ്പ് ചെയ്യുകയും ചെയ്തു. നടത്തിയ പരീക്ഷകളുടെപോലും മൂല്യനിർണയം പൂർത്തിയാക്കി ഫലം പ്രഖ്യാപിച്ചിട്ടില്ല. കൂടാതെ, കോവിഡ് സൃഷ്ടിച്ചിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളും അസാധാരണമായ ജീവിതസാഹചര്യവും വിദ്യാർത്ഥികളെ മാനസിക സമ്മർദ്ദത്തിലേക്ക് തള്ളിവിട്ടിട്ടുണ്ട്.**



ഒന്നര വർഷമായി തുടരുന്ന കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് അപരിഹാര്യമായ നഷ്ടങ്ങൾ വരുത്തികൊണ്ടിരിക്കുകയാണ്. കോവിഡ് ഒന്നാം തരംഗത്തിൽ വിദ്യാലയങ്ങൾ ഏകദേശം പൂർണ്ണമായും അടഞ്ഞുകിടന്നു; രണ്ടാം തരംഗവും ആസന്നമായ മൂന്നാം തരംഗം എന്ന ഭീതിയും മറ്റൊരു അക്കാദമിക് വർഷം കൂടി വിദ്യാലയങ്ങൾ അടഞ്ഞുകിടക്കുന്ന സ്ഥിതിയിലേക്ക് കൊണ്ടെത്തിക്കുന്നു.വിദ്യാർത്ഥികളുംഅക്കാദമിയും തമ്മിലുള്ള ബന്ധം നിലനിർത്തുകയെന്നതിനപ്പുറത്തേക്ക് ഓൺലൈൻ ക്ലാസുകൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ പര്യാപ്തമായിരുന്നില്ല.

ഈയൊരു സാഹചര്യത്തിലാണ് പരീക്ഷ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഉന്നതവിദ്യാഭ്യാസ മന്ത്രി ജൂൺ 8ന് വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നത്. ഇത്തരമൊരു യോഗം നടക്കുന്നതായി അറിയിച്ചുകൊണ്ടും ഈ യോഗത്തിൽ അവതരിപ്പിക്കാനുള്ള അഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ടും എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി ഒരു വാട്സ്ആപ്പ് മെസേജ് വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിച്ചു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ അത്ഭുതപൂർവമായപ്രതികരണങ്ങൾ എഐഡിഎസ്ഒ സംസ്ഥാന നേതൃത്വത്തിന് ലഭിച്ചുതുടങ്ങി. കേരളമെമ്പാടുമുള്ള വിദ്യാർത്ഥികൾ- വിവിധ സർവകലാശാലകളിലും കോഴ്സുകളിലും പഠിക്കുന്നവർ- വിദ്യാഭ്യാസ രംഗത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ അറിയിച്ചുകൊണ്ട് എഐഡിഎസ്ഒ നേതാക്കളെ വിളിക്കുവാനും മെസേജ് അയക്കുവാനും ആരംഭിച്ചു. പതിനായിരത്തോളം മെയിലുകളും വാട്സ്ആപ്പ് മെസേജുകളും നൂറുകണക്കിന് ഫോൺ കോളുകളും രണ്ട് ദിവസത്തിനകം എഐഡിഎസ്ഒയ്ക്ക് ലഭിച്ചു. കോവിഡ് ആരംഭിച്ച കാലം മുതൽ സർവകലാശാല വിദ്യാർത്ഥികൾ നേരിടുന്ന പ്രതിസന്ധികൾ അനുഭാവപൂർവം കേൾക്കുവാൻപോലും ബന്ധപ്പെട്ട ഒരു അധികൃതരും തയ്യാറായിട്ടില്ല എന്നതിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു ഓരോ പ്രതികരണങ്ങളും. കോവിഡ് വ്യാപനത്തിന്റെയും വിദ്യാർത്ഥികൾ നേരിടുന്ന മാനസിക സമ്മർദ്ദത്തിന്റെയും ഗതാഗതവും ഹോസ്റ്റലുകളുമുൾപ്പെടെയുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയുടെയും പശ്ചാത്തലത്തിൽ സാധാരണമായ അക്കാദമിക വർഷമായി കോവിഡ് സാഹചര്യത്തെ പരിഗണിക്കുവാൻ സാധിക്കില്ല. വിദ്യാർത്ഥികളുടെ ഭാവിക്കും അക്കാദമിയുടെ മുന്നോട്ടുപോക്കിനും പരമാവധി കുറച്ച് നഷ്ടമുണ്ടാകുന്ന വിധത്തിലുള്ള ഉപാധികൾ ആലോചിക്കേണ്ടതായിവരും. മാത്രമല്ല, ഒരു ഡോസ് വാക്സിൻപോലും ലഭിക്കാത്ത വിദ്യാർത്ഥികൾ വലിയ തോതിൽ സമ്പർക്കത്തിൽ വന്നാൽ അത് കോവിഡ് വ്യാപനത്തിന് കാരണമാകും. ഈ വിഷയങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പതിനാറ് നിർദ്ദേശങ്ങളാണ് എഐഡിഎസ്ഒയെ പ്രതിനിധീകരിച്ച് കൊണ്ട് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുത്ത സംസ്ഥാനസെക്രട്ടറി പി.കെ. പ്രഭാഷ് അവതരിപ്പിച്ചത്.

1. അവസാന സെമസ്റ്റർ പരീക്ഷകൾ കാൻസൽ ചെയ്തുകൊണ്ട് മുൻ സെമസ്റ്റർ റിസൾട്ടുകളുടെ അടിസ്ഥാനത്തിൽ ഫലപ്രഖ്യാപനം നടത്തുക. ബെറ്റർമെന്റ്(കൂടുതൽ മെച്ചപ്പെട്ട റിസൾട്ട്) ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം റഗുലറായിതന്നെ നിലനിർത്തുക.

2. കോവിഡ് സാഹചര്യത്തിൽ പരീക്ഷകളുടെ എണ്ണം കുറയ്ക്കുക. വാർഷികാടിസ്ഥാനത്തിൽ പരീക്ഷ നടത്തുക. അതായത് 1,3,5 സെമസ്റ്ററുകൾ റദ്ദ ചെയ്തുകൊണ്ട് 2,4 സെമസ്റ്റർ പരീക്ഷകൾ നടത്തുക.

3. മുൻപ് നടത്തിയ എല്ലാ പരീക്ഷകളുടെയും ഫല പ്രഖ്യാപനം ഉടൻ നടത്തുക.

4. മുൻകാലങ്ങളിൽ കോവിഡ്മൂലം പരീക്ഷയെഴുതാനാകാതെ പോയവർക്കുള്ള സ്പെഷ്യൽ എക്സാം, സപ്ലിമെന്ററി പരീക്ഷകൾ, പരീക്ഷാനുബന്ധിയായ കമ്മിറ്റികൾ എന്നിവ അനുയോജ്യമായ തൊട്ടടുത്ത സാഹചര്യത്തിൽതന്നെ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ ഫലം പ്രഖ്യാപിക്കണം.

5. എല്ലാ കോളെജ് വിദ്യാർത്ഥികൾക്കും മുൻഗണനാക്രമത്തിൽ വാക്സിൻ നൽകിക്കൊണ്ട് എത്രയും വേഗം ഓഫ് ലൈൻ ക്ലാസുകൾ ആരംഭിക്കുക.

6.ഓൺലൈൻക്ലാസുകൾ അക്കാദമിക ലക്ഷ്യങ്ങൾ നിറവേറ്റുന്നില്ലായെന്നതിനാൽ ഉചിതമായ തൊട്ടടുത്ത സാഹചര്യത്തിൽ പരിഹാരബോധനം നൽകുവാനുള്ള ഉപാധികൾ ആവിഷ്ക്കരിക്കുക.

-തുടങ്ങിയവയായിരുന്നു മീറ്റിംഗിൽ അവതരിപ്പിച്ച ഡിമാന്റുകൾ. എന്നാൽ പരീക്ഷയെക്കുറിച്ച് ചർച്ച ചെയ്യുവാൻ യോഗം വിളിച്ച ഉന്നതവിദ്യാഭ്യാസ മന്ത്രി, പ്രസ്തുത യോഗത്തെ ഒരു പ്രഹസനമാക്കിക്കൊണ്ട്, ആദ്യംതന്നെ ജൂൺ 28 മുതൽ പരീക്ഷകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുകയാണ് ഉണ്ടായത്. വിദ്യാർത്ഥികളുടെ അഭിപ്രായങ്ങൾ തെല്ലും പരിഗണിക്കപ്പെട്ടില്ല. ഈ തീരുമാനത്തിനെതിരെ വിദ്യാർത്ഥികൾ ശക്തമായ പ്രതിഷേധവുമായി രംഗത്ത് വന്നു. എഐഡിഎസ്ഒ ഉയർത്തിയ ഡിമാന്റുകൾ വിദ്യാർത്ഥികൾ ഏറ്റെടുത്തു. ഈ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് അരലക്ഷത്തോളം വിദ്യാർത്ഥികൾ ഒപ്പുവെച്ച നിവേദനം ഉന്നതവിദ്യാഭ്യാസമന്ത്രിക്കും മുഖ്യമന്ത്രിക്കും വിവിധ സർവകലാശാല വൈസ് ചാൻസലർമാർക്കും സമർപ്പിച്ചു.

കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് കളക്ടീവ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് കളക്ടീവ്, എംജി യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് കളക്ടീവ്, കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് കളക്ടീവ്, ബിവോക് സ്റ്റുഡന്റ്സ് കളക്ടീവ്, കുഹാസ്(കേരള ആരോഗ്യ സർവകലാശാല) സ്റ്റുഡന്റ്സ് കളക്ടീവ്, കെടിയു(സാങ്കേതിക സർവകലാശാല) സ്റ്റുഡന്റ്സ് കളക്ടീവ്, പോളിടെക്നിക് സ്റ്റുഡന്റ്സ് കളക്ടീവ്, എസ്ഡിഇ (വിദൂരവിദ്യാഭ്യാസം) സ്റ്റുഡന്റ്സ് കളക്ടീവ്, ബിആർക്ക് സ്റ്റുഡന്റ്സ് കളക്ടീവ്, ലക്ഷദ്വീപ് സ്റ്റുഡന്റ്സ് കളക്ടീവ് എന്നീ സമരവേദികളിലൂടെ കേരളമെമ്പാടും ആയിരക്കണക്കിന് വിദ്യാർത്ഥികൾ എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ സമരരംഗത്ത് അണിനിരന്നു. ലോക്ഡൗൺ സാഹചര്യമായതിനാൽ, ലഭ്യമായ ഓൺലൈൻ സാധ്യതകൾ എല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികൾ തങ്ങളുടെ ഡിമാന്റുകൾ അവതരിപ്പിച്ചു; പുതിയ സമര രീതികൾ ആവിഷ്കരിച്ചു. യൂണിവേഴ്സിറ്റി അധികാരികളെയും മന്ത്രിമാരെയും എംഎൽഎമാരെയും ഗവർണറെയും മനുഷ്യാവകാശ കമ്മീഷനെയുമെല്ലാം തങ്ങളുടെ ഡിമാന്റുകൾ അറിയിച്ചു; ആശങ്കകൾ അവതരിപ്പിച്ചു; പ്രാണഭയത്തോടെ പരീക്ഷയെഴുതുവാൻ തള്ളിവിടരുതെന്ന് അഭ്യർത്ഥിച്ചു; പരീക്ഷാ നടത്തിപ്പിലൂടെ കേരളത്തിൽ മൂന്നാംതരംഗം വിളിച്ചു വരുത്തരുതെന്ന് പറഞ്ഞു-എന്നാൽ മുൻപെങ്ങുമില്ലാത്ത വാശിയോടെ, ജനാധിപത്യവിരുദ്ധ മനോഭാവത്തോടെ, സർക്കാരും യൂണിവേഴ്സിറ്റിയും വിദ്യാർത്ഥികളെ പുച്ഛിച്ചുതള്ളുകയാണുണ്ടായത്. പരീക്ഷകൾ, പ്രഖ്യാപിച്ച ദിവസംതന്നെ നടത്തിയേ തീരുവെന്ന് വാശിപിടിച്ച സർവകലാശാലകളും സർക്കാരും വർഷങ്ങളായി നടക്കാതിരുന്ന പരീക്ഷകളെക്കുറിച്ച് നിശബ്ദത പാലിച്ചു.

എംജി സർവകലാശാലയിലെ അവസാന ബിടെക് വിദ്യാർത്ഥികൾ, ബിവോക് വിദ്യാർത്ഥികൾ, സ്പെഷ്യൽ-സപ്ലിമെന്ററി പരീക്ഷയെഴുതുവാനുള്ളവർ എന്നിങ്ങനെ വലിയൊരു വിഭാഗം കാലങ്ങളായി പരീക്ഷാ നടത്തിപ്പിനായി മുറവിളി കൂട്ടുമ്പോൾ അക്കാര്യത്തിൽ നിസ്സംഗത പാലിച്ച യൂണിവേഴ്സിറ്റികളും സർക്കാരുമാണ് കോവിഡിന്റെ പാരമ്യത്തിൽ വിദ്യാർത്ഥികളെ വെല്ലുവിളിച്ചുകൊണ്ട് പരീക്ഷ നടത്താനൊരുങ്ങിയത്. കണ്ണൂർ, കാലിക്കറ്റ്, എംജി, കേരള സർവകലാശാലകൾക്ക് മുൻപിലും സെക്രട്ടേറിയറ്റ് നടയിലും വിദ്യാർത്ഥികൾ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളോട് മാത്രമല്ല, കോവിഡ് പ്രതിരോധരംഗത്ത് അഹോരാത്രം പണിയെടുക്കുന്ന ആരോഗ്യപ്രവർത്തകരോടും ലോക്ഡൗൺ കാലത്ത് അർദ്ധപട്ടിണിയിലും മുഴുപട്ടിണിയിലും കഴിഞ്ഞുകൂടിയ കേരള ജനതയോടുമുള്ള വെല്ലുവിളിയാണ് പരീക്ഷാ നടത്തിപ്പെന്ന് വിദ്യാർത്ഥികൾ പറഞ്ഞു.



മൂന്നാം തരംഗം വിളിച്ചുവരുത്തുന്ന സർവ്വകലാശാല പരീക്ഷകൾ ഉടൻ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നു

ഇതിനിടയിൽ, വിദ്യാർത്ഥികളുടെ ആശങ്കകൾ ശരിവെയ്ക്കുന്ന വിധത്തിൽ എം ജി യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളർ ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചുകൊണ്ട് വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ ചർച്ച വിളിച്ചു. എന്നാൽ പിന്നീട് അകാരണമായി ഈ ചർച്ച യൂണിവേഴ്സിറ്റി തന്നെ റദ്ദുചെയ്തു. വിദ്യാഭ്യാസ മന്ത്രി ജൂൺ 25ന് കോവിഡ് സാഹചര്യം പരിശോധിച്ചുകൊണ്ട് പരീക്ഷയെക്കുറിച്ച് തീരുമാനമെടുക്കാൻ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചതായും വാർത്ത വന്നു. വിദ്യാർത്ഥി പ്രതിനിധികളുടെ ആശങ്കകൾ കേട്ടുകൊണ്ട് കണ്ണൂർ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ, ഈ യോഗത്തിൽ വിദ്യാർത്ഥികൾ പറഞ്ഞ വിവരങ്ങൾ അവതരിപ്പിക്കാമെന്ന് ഉറ

(ശേഷം 5–ാം പേജിൽ)

## ആറ് മാസം പിന്നിടുന്ന കർഷക പ്രക്ഷോഭം

# സമരം പാർലമെന്റിന് മുന്നിലേയ്ക്ക് വ്യാപിപ്പിക്കുന്നു

**ഇ**ല്ല! ഉരുക്കുവേലികൾ, കമ്പിതിലുകൾ, കിടങ്ങുകൾ, ആണിതറച്ച ഫലകങ്ങൾ, പോലീസ് അതിക്രമങ്ങൾ, വെള്ളവും വൈദ്യുതിയും തടയൽ, സ്വേച്ഛാധിപത്യ സർക്കാരിന്റെ മനുഷ്യത്വരഹിതവും കർക്കശവുമായ സമീപനം, മാരകമായ മഹാമാരിയുടെ തീക്ഷ്ണവ്യാപനം, വിറങ്ങലിപ്പിക്കുന്ന ശൈത്യവും പൊള്ളിക്കുന്ന വേനൽച്ചൂടും, കനത്ത മഴ – ഇവയ്ക്കൊന്നിനും ലക്ഷക്കണക്കായ കർഷകരുടെ അജയ്യമായ ചേതനയെയും അടിയുറച്ച സ്ഥൈര്യത്തെയും സമരോത്സാഹത്തെയും നിർവീര്യമാക്കാൻ കഴിഞ്ഞിട്ടില്ല. മൂന്നു കർഷക വിരുദ്ധ, കോർപ്പറേറ്റനുകൂല കാർഷിക കരിനിയമങ്ങളും വൈദ്യുതി(ഭേദഗതി)ബില്ലും പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2020 നവംബർ 26 മുതൽ ദേശതലസ്ഥാനമായ ഡൽഹിയുടെ അതിർത്തിയിലെ മൂന്നു കേന്ദ്രങ്ങളിൽ തങ്ങളുടെ നീതിയുക്തമായ സമരം തുടരുന്ന കർഷകരാണവർ. സമരത്തിന്റെ ഗതിയിൽ ഇതിനോടകംതന്നെ അഞ്ഞൂറോളം പോരാടുന്ന കർഷകരുടെ വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പക്ഷേ തങ്ങളുടെ ന്യായമായ ഡിമാന്റുകൾ നേടുന്നതിനായി വേണ്ടിവന്നാൽ ഇനിയും ത്യാഗത്തിന് തയ്യാറായി കർഷകർ അചഞ്ചലരായി നിലകൊള്ളുന്നു.

കോവിഡ് മഹാമാരിയുടെ ഈ ഘട്ടത്തിൽ പ്രക്ഷോഭണത്തെ ശക്തിപ്പെടുത്താനായി 2021 മെയ് 26 രാജ്യമെമ്പാടും 'കരിദിന'മായാചരിക്കാൻ സംയുക്ത കിസാൻ മോർച്ചയും അതിലെ ഒരു നിർണ്ണായക ഘടകമായ എഐകെകെഎംഎസും ജനങ്ങളോടഭ്യർത്ഥിച്ചു. ഇന്ത്യയിലെ ജനങ്ങൾ ജാതി, മത, വംശ, വർണ്ണ, ലിംഗ ഭേദമില്ലാതെ പൂർണ്ണമനസ്സോടെ ഈ ആഹ്വാനത്തോട് പ്രതികരിക്കുകയും അതൊരു വൻവിജയമാക്കുകയും ചെയ്തു.

എഐകെകെഎംഎസ് പ്രവർത്തകരും സംഘാടകരും 21 സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെയെല്ലാം ആയിരക്കണക്കിന് വീടുകളടെമേൽ കരിങ്കൊടിയുയർത്തുകയും നൂറുകണക്കിന് ഗ്രാമങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചെറുയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കർഷകരുടെ പ്രശ്നത്തിൽ നിസ്സീമമായ പിന്തുണ നൽകിയ ജനങ്ങളെ എഐകെകെഎംഎസ് പ്രസിഡണ്ട് സഖാവ് സത്യവാനും ജനറൽ സെക്രട്ടറി സഖാവ് ശങ്കർ ഘോഷും അഭിനന്ദിക്കുകയും ചെയ്തു. കർഷകവിരുദ്ധ കരിനിയമങ്ങളും ദുരുപദിഷ്ടമായ വൈദ്യുതി ബിൽ 2020-ഉം പിൻവലിക്കുന്നതുവരെ പ്രക്ഷോഭണം തുടരുമെന്ന് അവർ ദൃഢവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. ഇതിന് മുൻപായി 2021 മെയ് 15ന് എഐകെകെഎംഎസ് 'മുന്നേറുന്ന കർഷക സമരം' എന്ന വിഷയത്തിൽ ഒരു ദേശീയ ഓൺലൈൻ കൺവൻഷനും സംഘടിപ്പിച്ചിരുന്നു. കൺവൻഷനിൽ അംഗീകരിക്കപ്പെട്ട മുഖ്യപ്രമേയം താഴെക്കൊടുക്കുന്നു.

'മൂന്ന് കർഷക കരിനിയമങ്ങളും വൈദ്യുതിബിൽ 2020-ഉം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കാർഷികോൽപ്പന്നങ്ങൾ കാർഷികച്ചിലവിന്റെ ഒന്നരമടങ്ങ് വിലയിൽ സർക്കാർ സംഭരണം നടത്തുന്നതിനു നിയമപ്രാബല്യം ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഡൽഹി അതിർത്തിയിൽ കഴിഞ്ഞ ആറു മാസമായി എല്ലാത്തരത്തിലുള്ള അടിച്ചമർത്തലുകളെയും ഉപദ്രവങ്ങളെയും ചൂടിനെയും തണുപ്പിനെയും പലതരത്തിലുള്ള ഉപജാപങ്ങളെയും വിഷലിപ്തമായ പ്രചാരണങ്ങളെയും ലോക്ക്ഡൗൺ മൂലമുള്ള പ്രതിസന്ധികളെയും അക്രമണങ്ങളെയും നേരിട്ടുകൊണ്ട് നിർഭയവീര്യത്തോടെ പോരാടുന്ന രാജ്യത്തെമ്പാടുമുള്ള കർഷകർക്ക്, പ്രത്യേകിച്ച് പഞ്ചാബ്, ഹരിയാന, യു.പി. രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷകർക്ക് ആൾ ഇന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടൻ (എഐകെകെഎംഎസ്) ഹൃദയം നിറഞ്ഞ വിപ്ലവാഭിവാദ്യങ്ങൾ നേരുന്നു. ഈ മൂന്നു കാർഷിക നിയമങ്ങളും വൈദ്യുതിബിൽ 2020-ഉം കർഷകരുടെയും നമ്മുടെ രാജ്യത്തെ സാധാരണക്കാരുടെയും താല്പര്യങ്ങൾക്ക് ഹാനികരവും സ്വദേശ-വിദേശ കോർപ്പറേറ്റുകളുടെ താല്പര്യങ്ങളെ സഹായിക്കുന്നതുമാണെന്ന് ഈ കൺവൻഷൻ കരുതുന്നു. അതിനാൽ ഈ നിയമങ്ങളും ബില്ലും ഉടനടി പിൻവലിക്കണമെന്ന് ഈ കൺവൻഷൻ ആവശ്യപ്പെടുന്നു. കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനച്ചിലവിന്റെ ഒന്നര മടങ്ങുവില ഉറപ്പാക്കിക്കൊണ്ട് സർക്കാർ സംഭരിക്കുന്നതിനായി നിയമപ്രാബല്യം ഉറപ്പാക്കണമെന്നും ഈ കൺവൻഷൻ ആവശ്യപ്പെടുന്നു.

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗംമൂലം രാജ്യം ഇന്ന് ഒരു സന്ദിഗ്ധഘട്ടത്തിലാണ്. ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനുള്ള അവശ്യനടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഈ കൺവൻഷൻ അഭ്യർത്ഥിക്കുന്നു. ഏറ്റവും ബൃഹത്തും സമ്പൂർണ്ണ സമാധാനപരവുമായ ഈ കർഷകസമരത്തിനുനേരെ ഇന്ത്യാ ഗവർണ്മെന്റ് കണ്ണും കാതും അടച്ചുപിടിച്ചിരിക്കുകയാണെന്ന് ഈ കൺവൻഷൻ നിരീക്ഷിക്കുന്നു. ഇത് അത്യന്തം വേദകരമായ ഒന്നാണ്. ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഈ ജനവിരുദ്ധ മനോഭാവത്തെ ഈ കൺവൻഷൻ ശക്തമായി അപലപിക്കുന്നു. തുടക്കം മുതൽ ഈ കർഷക പ്രക്ഷോഭണത്തിന് പിന്തുണ നൽകിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ, ട്രേഡ് യൂണിയനുകൾ, ബൗദ്ധികവ്യക്തിത്വങ്ങൾ, അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യസംഘടനകൾ എന്നിവരോടെല്ലാമുള്ള കൃതജ്ഞത ഈ കൺവൻഷൻ പ്രകടിപ്പിക്കുന്നു.

കൃഷിയെയും കൃഷിക്കാരെയും മാത്രമല്ല രാജ്യത്തെമ്പാടുമുള്ള പണിയെടുക്കുന്ന ജനങ്ങളുടെ താല്പര്യങ്ങളെയും സംരക്ഷിക്കാൻ ഈ കർഷകസമരം പ്രതിജ്ഞാബദ്ധമാണെന്ന് ഈ കൺവൻഷൻ ഉറച്ച് വിശ്വസിക്കുന്നു. കോർപ്പറേറ്റ് യജമാനന്മാരെ സേവിക്കാനുള്ള ബിജെപി സർക്കാരിന്റെ ഹീനപദ്ധതികളെ പരാജയപ്പെടുത്താനായി മുന്നോട്ടുവരാനും കർഷക സമരത്തോടൊപ്പം നില്ക്കാനും ഈ കൺവൻഷൻ ഇന്ത്യയിലെ ജനങ്ങളോടഭ്യർത്ഥിക്കുന്നു. നമ്മൾ പോരാടും, നമ്മൾ വിജയിക്കും.'

എസ്‌യുസിഐ(സി)യും അതിന്റെ വർഗ്ഗ-ബഹുജനസംഘടനകളായ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ്, എഐയുടിയുസി എന്നിവയും 'കരിദിനം' ആചരിക്കാനുള്ള ആഹ്വാനത്തെ ഏറ്റെടുക്കുകയും മതിയായ ഗൗരവത്തോടെ നടപ്പാക്കുകയും ചെയ്തു. 2021 ജൂൺ 5 'കൃഷിയെ രക്ഷിക്കൂ, കോർപ്പറേറ്റുകളെ പുറത്താക്കൂ' എന്ന ഡിമാന്റ് ഉയർത്തിയുള്ള ദിനാചരണത്തിനും ആഹ്വാനം ചെയ്തിട്ടുണ്ട്. ■

---

## ജീവനേക്കാൾ വിലയുള്ളതല്ല പരീക്ഷ

(4-ാം പേജിൽ നിന്ന്)

പ്പ് നൽകി. എന്നാൽ അവസാനനിമിഷം സർക്കാർ ഈ യോഗവും റദ്ദുചെയ്തുകൊണ്ട് പരീക്ഷ നടത്തുമെന്ന് ഏകപക്ഷീയമായി പ്രഖ്യാപിച്ചു.

തുടർന്ന് പുറത്തുവന്ന പരീക്ഷകളെ സംബന്ധിച്ച നിയമാവലിയാകട്ടെ അങ്ങേയറ്റം വിദ്യാർത്ഥിവിരുദ്ധമായിരുന്നു. കോവിഡ് പോസിറ്റീവായവർ പരീക്ഷയെഴുതാൻ പാടില്ലായെന്നും രാവിലെ ഒൻപതരയ്ക്ക് പരീക്ഷ തുടങ്ങുമെന്നും ഒൻപത് മണിക്ക് മാത്രമേ പരീക്ഷാഹാളിലേക്ക് പ്രവേശിപ്പിക്കു കയുള്ളൂവെന്നും പറഞ്ഞു. ചില സ്ഥലങ്ങളിൽ വിദ്യാർത്ഥികൾ സത്യവാങ്മൂലം നൽകിക്കൊണ്ട് പരീക്ഷയ്ക്കെത്തണമെന്ന് പറഞ്ഞു. അശാസ്ത്രീയവും കോവിഡ് വ്യാപനത്തിനിടയാക്കുന്നതുമായിരുന്നു ഈ നിയമാവലി. കോവിഡ് പോസിറ്റീവായവർക്ക് പരീക്ഷയെഴുതാൻ പാടില്ലയെന്നത് തങ്ങളുടേതല്ലാത്ത കാരണത്താൽ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കുന്നതാണ്. മാത്രമല്ല, ഭാവിയെക്കുറച്ചുള്ള ആശങ്കയിൽ കോവിഡ് പോസിറ്റീവെന്നത് മറച്ചുവെച്ചുകൊണ്ട് വിദ്യാർത്ഥികൾ പരീക്ഷയെഴുതാനെത്താൻ സാധ്യതയുണ്ട്. വിദ്യാർത്ഥികളുടെ ആശങ്കകൾ എല്ലാം യാഥാർത്ഥ്യമാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് പരീക്ഷകൾ നടന്നത്. ഹാൾ ടിക്കറ്റ് വിതരണം മുതൽ കോവിഡ് പ്രോട്ടോക്കോൾ ലംഘനം ആരംഭിച്ചു. സാമൂഹിക അകലം പാലിക്കാനുള്ള സംവിധാനങ്ങൾ ഒരിടത്തുമുണ്ടായിരുന്നില്ല. മിക്കയിടത്തും പരീക്ഷാഹാളുകൾ അണുവിമുക്തമാക്കിയിരുന്നില്ല. പൊതുഗതാഗതത്തിന്റെ കുറവുമൂലം പരീക്ഷാകേന്ദ്രങ്ങളിൽ എത്തുവാൻ വിദ്യാർത്ഥികൾ ബുദ്ധിമുട്ട് അനുഭവിച്ചു. നിരവധി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാനായില്ല. പരീക്ഷയെഴുതുവാനെത്തിയ നിരവധിപേർ കോവിഡ് പോസിറ്റീവായി.

സർക്കാരിന്റെ പിടിവാശിക്കപ്പുറം കോവിഡ് പ്രോട്ടോക്കോൾ പാലിക്കുവാനായി ഒന്നുംതന്നെ പരീക്ഷ നടത്തിപ്പിനായി ഒരുക്കിയിരുന്നില്ലായെന്ന് പരീക്ഷയെഴുതിയ നിരവധി വിദ്യാർത്ഥികൾ വ്യക്തമാക്കി. അതുകൊണ്ടുതന്നെ പരീക്ഷയെഴുതാൻ നിർബന്ധിതരായപ്പോഴും വിദ്യാർത്ഥികൾ സർക്കാരിന്റെയും യൂണിവേഴ്സിറ്റി യുടെയും ജനാധിപത്യ വിരുദ്ധതയ്ക്കെതിരെ പ്രതിഷേധിച്ചു. കരിദിനം ആചരിച്ചുകൊണ്ട്, കറുത്ത വസ്ത്രങ്ങളും മാസ്കും ധരിച്ചുകൊണ്ടാണ് ബഹുഭൂരിപക്ഷവും പരീക്ഷയെഴുതാൻ പോയത്. സത്യവാങ്മൂലം എഴുതി നൽകില്ലായെന്ന് തീരുമാനിച്ചു.

ഇതേസമയം വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളോട് മുഖം തിരിച്ചുനിന്ന എസ്എഫ്ഐ സമരം നടത്തുന്ന വിദ്യാർത്ഥികൾ മടിയന്മാരാണെന്നും ബ്രയിൻവാഷ് ചെയ്യപ്പെട്ടവരാണെന്നും പ്രചരിപ്പിച്ചു. സർക്കാരിന്റെ ഏറാൻമൂളികളായിനിന്നുകൊണ്ട് പരീക്ഷകൾക്കെത്തുവാൻ വിദ്യാർത്ഥികൾക്ക് സ്നേഹവണ്ടികൾ ഒരുക്കിയിട്ടുണ്ട് എന്ന് പ്രഖ്യാപിച്ചു. പക്ഷേ, ഈ വണ്ടികൾ അന്വേഷിച്ച് വിളിച്ച വിദ്യാർത്ഥികളോട് പ്രാദേശിക നേതാക്കന്മാർ കൈമലർത്തി. ഡൽഹിയിലും മറ്റും സർവകലാശാല പരീക്ഷകൾ റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ട് എസ്എഫ്ഐ സമരത്തിലാണുതാനും. അവരാണ് കേരളത്തിൽ ഈ പ്രഹസനം നടത്തിയത്.

### സമരത്തിന്റെ രാഷ്ട്രീയ പാഠങ്ങൾ

വിദ്യാർത്ഥികളുടെ ആരോഗ്യ ആശങ്കകളെ പുച്ഛിച്ചുതള്ളിക്കൊണ്ട് സർക്കാർ പ്രദർശിപ്പിച്ച കടുംപിടുത്തവും എസ്എഫ്ഐയുടെ അവസാരവാദവും വിദ്യാർത്ഥിവിരുദ്ധ നിലപാടുകളും കെ എസ് യു പോലെയുള്ള പ്രസ്ഥാനങ്ങളുടെ നിഷ്ക്രിയത്വവും വ്യക്തമാക്കുന്നതായിരുന്നു ഈ സമരം. ഇന്നേവരെ തങ്ങൾ വിശ്വസിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത പ്രസ്ഥാനങ്ങൾ മുഖം തിരിച്ച് നിന്നെങ്കിലും ന്യായമായ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് സ്വന്തം സമരസമിതികളായ സ്റ്റുഡന്റ്സ് കളക്ടീവുകളിൽ വിദ്യാർത്ഥികൾ ഒന്നിച്ചുനിന്ന് പൊരുതി. സങ്കുചിതമായ എല്ലാ താത്പര്യങ്ങൾക്കും അതീതമായി ന്യായമായ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് വിദ്യാർത്ഥിപക്ഷത്ത് അചഞ്ചലം നിലയുറപ്പിക്കുന്ന എഐഡിഎസ്ഒയുടെ സമരരാഷ്ട്രീയത്തിന്റെ പ്രസക്തി വിദ്യാർത്ഥികൾ തിരിച്ചറിയുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെയും വിദ്യാർത്ഥികളുടെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ, എല്ലാത്തരം അനീതികൾക്കുമെതിരെ ഒറ്റക്കെട്ടായി പൊരുതേണ്ടതെങ്ങനെയെന്ന രാഷ്ട്രീയപാഠമാണ് ഈ സമരം കേരളത്തിലെ വിദ്യാർത്ഥികൾക്ക് പകർന്നുനൽകിയത്; ഈ സമരരംഗത്ത് അവർക്കൊപ്പം അചഞ്ചലം നിലകൊള്ളുന്ന നേതൃത്വം എഐഡിഎസ്ഒ മാത്രമായിരിക്കുമെന്നതും വ്യക്തമാക്കപ്പെട്ടു. ■

# സർക്കാർ ഒത്താശയോടെ നടന്ന ആസൂത്രിത മരം കൊള്ള

**നൂറുകണക്കിന് വർഷങ്ങളുടെ വളർച്ചയുള്ള ആയിരക്കണക്കിന് മരങ്ങൾ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽനിന്ന് തകൃതിയായി വെട്ടിമുറിക്കുകയും കടത്തിക്കൊണ്ടു പോകുകയും ചെയ്തിരിക്കുന്നു. അനുവദിക്കപ്പെട്ട മൂന്നു മാസം രാവും പകലും കൃത്യമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മരംമാഫിയാ-രാഷ്ട്രീയ-ഉദ്യോഗസ്ഥ സംഘം തങ്ങളുടെ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. ഫിബ്രവരി 2ന് വിവാദ ഉത്തരവുകൾ പിൻവലിച്ചുകൊണ്ട് ഓപ്പറേഷൻ അവസാനിപ്പിച്ചുവെങ്കിലും, നേരം വെളുത്തത് അറിയാത്തവിധം മോഷണത്തിൽ മുഴുകിയ 'പാവം കള്ളനെ'പ്പോലെ ചിലർ അതിനുശേഷവും മരം വെട്ടി കടത്തുകയുണ്ടായി.**



സംരക്ഷിത ലിസ്റ്റിൽപ്പെട്ട ഈട്ടിയും തേക്കുമൊക്കെയാണ് മുറിച്ചുകടത്തിയവയിൽ ഏറെയും. വയനാട് മുട്ടിൽ സൗത്ത് വില്ലേജിൽ നടന്ന മരംകൊള്ളയെ സംബന്ധിച്ച വാർത്ത പുറത്തു വന്നതിനെത്തുടർന്നാണ് സംസ്ഥാനത്താകെ നടന്ന വൻ മരംകൊള്ളയുടെ ചുരുളഴിഞ്ഞത്. വയനാട്ടിൽ നിന്നും മുറിച്ചുകടത്തിയ ലോഡുകണക്കിന് മരത്തടികൾ പെരുമ്പാവൂരിലെ ഒരു തടിമില്ലിൽനിന്നും പിടികൂടിയപ്പോൾ യാതൊരു രേഖയും കാണിക്കാൻ ഉണ്ടായിരുന്നില്ല. കർശനമായ ലോക്ഡൗൺ നിലനിന്നിരുന്ന സമയത്ത്, പല ജില്ലകളിലൂടെ പല ചെക്ക് പോസ്റ്റുകൾ കടന്ന് ഈ തടിവണ്ടികൾ എങ്ങിനെ പെരുമ്പാവൂരിൽ എത്തിയെന്നുതന്നെ, കൊള്ളയ്ക്ക് പിന്നിലെ ശക്തമായ അധികാരശക്തി ബന്ധം വെളിവാക്കുന്നുണ്ട്.

മുട്ടിൽ മരംമുറി മഞ്ഞുമലയുടെ ഒരറ്റം മാത്രമാണെന്ന് നിയമസഭയിൽ മുഖ്യമന്ത്രിക്ക് പറയേണ്ടി വന്നു. എന്നാൽ, കേരളത്തിന്റെ കാലാവസ്ഥയെയും പ്രകൃതിയെയും പ്രത്യേകിച്ച്, പശ്ചിമഘട്ടത്തെയും ഗുരുതരമായി ബാധിക്കുന്നതും, നിയമ-റവന്യൂ-പോലീസ് സംവിധാനങ്ങളെ വെല്ലുവിളിക്കുന്നതുമായ ഈ വൻ മരംകൊള്ളയെന്ന മഞ്ഞുമലയുടെ മുഴുവൻ ഭാഗവും പുറത്തുകൊണ്ടുവരാൻ മുഖ്യമന്ത്രി യാതൊന്നും ചെയ്തില്ല. മറിച്ച്,കൊള്ളയ്ക്ക് ചൂട്ടുപിടിച്ചവരെന്ന് സമൂഹമദ്ധ്യത്തിൽതുറന്നുകാട്ടപ്പെട്ട ഉദ്യോഗസ്ഥ സംവിധാനത്തെ അന്വേഷണ ചുമതല ഏല്പിക്കുകയാണ് ചെയ്തത്. സമഗ്രാന്വേഷണത്തിനാകട്ടെ, അന്വഷണ ചുമതല നിർവ്വഹിച്ച് തുമ്പില്ലാതാക്കിയതിന് കുപ്രസിദ്ധി നേടിയ പോലീസ് ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു. സ്വഭാവദാർഢ്യവും വ്യക്തിത്വശുദ്ധിയുമുള്ള ഒരു ജഡ്ജിയുടെ നേതൃത്വത്തിൽ ജുഡീഷ്യൽ എൻക്വയറി നടത്തണമെന്ന ആവശ്യം എന്തുകൊണ്ടാണ് മുഖ്യമന്ത്രിയും സർക്കാരും നിരാകരിച്ചത്?

സംസ്ഥാനത്തെ വിലപ്പെട്ട പ്രകൃതി സമ്പത്തിനുമേൽ നടന്ന ഈ കടുംവെട്ട് അധികാരകേന്ദ്രങ്ങളിൽ നടന്ന ഗൂഢാലോചനയുടെ ഭാഗമാണെന്ന് പ്രഥമദൃഷ്ട്യാതന്നെ മനസ്സിലാക്കാൻ കഴിയും. സർക്കാരിന്റെ പിൻബലത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ക്വാറി-മണൽ മാഫിയകളെപ്പോലെ തന്നെയാണ് മരം മാഫിയയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. സർക്കാർ ഇവർക്കുവേണ്ടി നിലവിലുള്ള നിയമങ്ങളിൽപ്പോലും അയവുവരുത്തുകയും പഴുതുകളുണ്ടാക്കുകയും ചെയ്യുന്നു. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് ജനങ്ങളുടെ താമസസ്ഥലത്തുനിന്നും വനത്തിൽനിന്നുമുള്ള ദൂരപരിധി 200 മീറ്റർ എന്നുണ്ടായിരുന്നത് പിണറായി സർക്കാർ50ആക്കികുറച്ചതിനുപിന്നിൽ മറ്റെന്ത്കാരണമാണ്കണ്ടെത്താൻ കഴിയുക? 5000ലേറെ അനധികൃത ക്വാറികൾ സംസ്ഥാനത്ത് എല്ലാ നിയമങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് പ്രവർത്തിക്കുന്നത് സർക്കാരിന്റെ മൗനാനുവാദത്തോടെയല്ലേ? കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 600 ലേറെ പേരുടെ ജീവനെടുക്കുകയും വിപുലമായ കൃഷിഭൂമിയും വസ്തുവഹകളും നശിപ്പിക്കപ്പെടുകയും ചെയ്ത മലയിടിച്ചിലിന്റെയും പ്രളയത്തിന്റെയും അനുഭവത്തിൽനിന്നും യാതൊന്നും ഉൾക്കൊള്ളാൻ ഭരണത്തിലിരിക്കുന്നവരുടെ നിക്ഷിപ്ത താല്പര്യങ്ങൾ കാരണം കഴിഞ്ഞിട്ടില്ല എന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്.

ഇതേ താല്പര്യം തന്നെയാണ് മരം കൊള്ളയുടെ കാര്യത്തിലും പ്രവർത്തിച്ചത്. രണ്ട് പ്രളയത്തിലും ജനങ്ങളെ ചേർത്തുപിടിച്ച എന്ന ഖ്യാതിപ്പട്ടം സ്വയം അണിഞ്ഞുനിൽക്കുന്ന സർക്കാർതന്നെയാണ് ഇത്തരം പ്രകൃതി കയ്യേറ്റങ്ങൾക്ക് ഒത്താശ ചെയ്യുന്നത്. 2020 മാർച്ച് 11ന് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച പരിപത്രവും (നം. യു.3/187/2019/റവ. 11/03/2020 - ഡോ. വേണു.വി, പ്രിൻസിപ്പൽ സെക്രട്ടറി), 2020 ഒക്ടോബർ 24ന് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുമാണ് (സ.ഉ.(കൈ) നം.261/2020/റവ. 24/10/2020 - ഡോ.എ.ജയതിലക് ഐഎഎസ് പ്രിൻസിപ്പൽ സെക്രട്ടറി) ഈ വ്യാപകമായ മരംകൊള്ളയ്ക്ക് അവസരമുണ്ടാക്കിയത്. ആദ്യത്തെ പരിപത്രം ഇറങ്ങിയപ്പോൾതന്നെ പരിസ്ഥിതിപ്രവർത്തകരിൽനിന്നും ബന്ധപ്പെട്ട സത്യസന്ധരായ ഉദ്യോഗസ്ഥരിൽനിന്നും ചോദ്യങ്ങളും എതിർപ്പും ഉയർന്നിരുന്നു. എന്നാൽ, അവയൊന്നും തെല്ലും പരിഗണിക്കാതെ സർക്കാറിന്റെ അവസാനകാലത്ത്, കോവിഡിന്റെയും ലോക്ഡൗണിന്റെയുമെല്ലാം ദുരിതത്തിൽ ജനങ്ങൾ ഉഴലുന്ന കാലത്ത്, കുറെക്കൂടി ശക്തമെന്നല്ല, സർക്കാർ വ്യവഹാര രേഖകളിൽ മുമ്പെങ്ങും കാണാത്ത വിചിത്രമായ രണ്ടാം ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്തത്. അതിന്റെ 6-ാം ക്ലോസ് ഇപ്രകാരമാണ്: 'മേൽ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, 1964ലെ ചട്ടങ്ങൾ പ്രകാരം പതിച്ചു നല്കിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും കിളിർത്ത് വന്നതും പതിച്ചുകിട്ടുന്ന സമയത്ത് വൃക്ഷ വില അടച്ച് റിസർവ്വ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്ക് മുറിക്കാവുന്നതാണെന്നും അതിന് പ്രത്യേകിച്ച് ആരുടെയെങ്കിലും അനുവാദം വാങ്ങേണ്ടതില്ലായെന്നും വ്യക്തമാക്കി ഉത്തരവാകുന്നു. അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസ്സാക്കുന്നതോ, നേരിട്ട് തടസ്സപ്പെടുത്തുന്നതോ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.'

ഇപ്രകാരം ഒരു ഉത്തരവ് ഒരു പ്രിൻപ്പൽ സെക്രട്ടറി സ്വന്തം നിലയിൽ ഇറക്കുകയില്ലെന്ന് ആർക്കും മനസ്സിലാകുന്നതേയുള്ളൂ. തങ്ങൾ അണിയറയിൽവച്ച് തീരുമാനിച്ചുറപ്പിച്ച പദ്ധതി നടപ്പാക്കാൻ ഏതറ്റം വരെയും പോകാൻ തയ്യാറാവുന്ന രാഷ്ട്രീയ ശക്തിയെയാണ് ഇതിനു പിന്നിൽ വ്യക്തമായും കാണാൻ കഴിയുക.

ഈ ഉത്തരവുകളുടെ ഉത്ഭവത്തെക്കുറിച്ച് ആദ്യമാദ്യം "കണ്ടില്ല കേട്ടില്ല" എന്ന് നടിച്ച ഭരണകക്ഷി നേക്കാക്കൾ, പിന്നീട് ഉത്തരവിനെ ശക്തമായി ന്യായീകരിച്ചുകൊണ്ട് രംഗപ്രവേശം ചെയ്തു. മന്ത്രി സഭയും സർവ്വകക്ഷി യോഗവുമൊക്കെ ചർച്ച ചെയ്ത് ഞങ്ങൾ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവാണെന്നും, കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കാനുള്ള നല്ല പത്തരമാറ്റ് ഉത്തരവാണ് ഇതെന്നും മുഖ്യമന്ത്രിയും, വനം-റവന്യൂ മന്ത്രിമാരും, സിപിഐ-സിപിഎം നേതാക്കളും ഇപ്പോൾ വീറോടെ വാദിച്ചുകൊണ്ടിരിക്കുകയാണ്.

മുട്ടിൽ മരം മുറിയെക്കുറിച്ചുള്ള വാർത്ത മാധ്യമങ്ങളിൽ വന്നതിനെ തുടർന്നാണ്, സംസ്ഥാനത്തെ ഒൻപതോളം ജില്ലകളിൽ നടന്ന ആസൂത്രിതമായ വൻ മരം കൊള്ളയുടെ പിന്നിലെ രാഷ്ട്രീയ-മാഫിയ-ഉദ്യോഗസ്ഥ ഗൂഢാലോചന പുറത്താകുന്നത്. അതിനുമുമ്പുതന്നെ ഈ ഉത്തരവുകൾക്കെതിരെ ഹൈക്കോടതിൽ ചില കേസ്സുകൾ വന്നിരുന്നു. നിയമവകുപ്പിൽനിന്നോ അഡീഷണൽ എജിയിൽനിന്നോ നിയമോപദേശംപോലും തേടാതെ ധൃതിവച്ച് നടപ്പാക്കിയ ഉത്തരവ് സൃഷ്ടിക്കുന്ന നിയമപ്രശ്നത്തിൽനിന്നും രക്ഷപ്പെടുന്നതിനും ജനകീയ രോഷത്തെ തണുപ്പിക്കുന്നതിനും 11-03-2020ലെ പരിപത്രവും 24-10-2020ലെ ഉത്തരവും ഒറ്റയടിക്ക് റദ്ദാക്കിക്കൊണ്ട് 02-02-2021ന് സർക്കാർ മറ്റൊരു ഉത്തരവ് (സ.ഉ.(കൈ)നം.30/2021/റവ - ഡോ. ജയതിലക് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി) പുറപ്പെടുവിച്ചു.

11-03-2020 ലെ പരിപത്രത്തിന്റെയും 24-10-2021ലെ ഉത്തരവിന്റെയും ചരിത്രപരമായ ആവശ്യകതയെക്കുറിച്ചും അതിന്റെ പിന്നിലെ ഉത്തമ വിശ്വാസത്തെക്കുറിച്ചും ആണയിട്ട് പറയുന്ന മുഖ്യമന്ത്രിയും മന്ത്രിമാരുംസിപിഐ-സിപിഎം നേതാക്കളും ഇത്രയും മഹത്തായ ഉത്തരവ് റദ്ദ് ചെയ്തത് എന്തിനുവേണ്ടിയെന്ന് യുക്തിക്കനിരക്കുന്ന രീതിയിൽ ഒന്നും പറയുന്നില്ല.

പരിപത്രവും ഉത്തരവും റദ്ദ് ചെയ്യുന്നതിനുള്ള കാരണമായി പുതിയ ഉത്തരവിൽ 5 കാരണങ്ങൾ കാണിക്കുന്നുണ്ട്. 1) പരിപത്രത്തെയും ഉത്തരവിനെയും ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതി മുമ്പാകെ കേസ്സ് വന്നതിനാലും, 2) 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ ഭൂമിയിലെ ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച് പട്ടയ ഫോറത്തിൽ 17-8-2017ന് ശേഷം നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും, 3) 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ്സ് ആക്ടിലെ ട്രീ എന്നതിന്റെയും 2005ലെ കേരള പ്രൊമോഷൻ ഓഫ് ട്രീസ്സ് ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്ടിലെ സ്പെസഫിക് ട്രീ എന്നതിന്റെയും നിർവ്വചനങ്ങളും പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ നിന്നും വിഭിന്നങ്ങളാകയാലും, 4) 24-10-2020ലെ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് പട്ടയത്തിലെ ഷെഡ്യൂൾ പ്രകാരം റിസർവ്വ് ചെയ്തിരുന്ന മരങ്ങളും മുറിക്കുന്നതായുള്ള പരാതികൾ സർക്കാറിന്റെ ശ്രദ്ധയിൽ പെട്ടതിനാലും, 5) പതിച്ചു നൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും അതിന്റെ നിബന്ധനകളും 1964ലെ ഭൂമി പതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാലും പരിപത്രവും ഉത്തരവും റദ്ദ് ചെയ്യുകയാണെന്നാണ് പുതിയ ഉത്തരവിൽ പറയുന്നത്.

ഇതിൽ ഒന്നാമത്തേത് ഒഴിച്ച് എല്ലാം തന്നെ, വിവാദ ഉത്തരവുകളുടെ ഉത്ഭവം മുതൽതന്നെ ഏതൊരാൾക്കും മനസ്സിലാകുന്നതും, വകുപ്പുകളിലെ സത്യസന്ധരായ ഉദ്യോഗസ്ഥർ അത് രേഖാമൂലം ഉന്നയിച്ചിട്ടുള്ളതും ആണ്. അതെല്ലാം തീർത്തും അവഗണിച്ചുകൊണ്ട് തികച്ചും വഴിവിട്ട രീതിയിൽ, അധികാരമുണ്ടെങ്കിൽ എന്തും ചെയ്യാമെന്ന അഹന്തയോടുകൂടി, നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി ജനങ്ങളുടെ പൊതുസ്വത്ത് കൊള്ളയടിക്കാൻ ഉന്നത ഭരണ നേതൃത്വം തയ്യാറാവുകയായിരുന്നു. മാധ്യമങ്ങളെവരെ വശത്താക്കിക്കൊണ്ട് മൂന്ന് മാസം നീണ്ടുനില്ക്കുന്ന അതിതീവ്ര യത്നം പൂർത്തിയായെന്ന് ഉറപ്പാക്കിയാണ് ഉത്തരവുകൾ റദ്ദ് ചെയ്യുന്നത്. കൃത്യമായ ഗൂഢാലോചനയോടെ നടത്തപ്പെട്ട ഒരു 'ആക്ഷൻ'ഇവിടെ വെളിവാകുകയാണ്.

കർഷകരുടെ പേരിലുള്ള കണ്ണീർപൊഴിക്കൽകൊണ്ട് മാത്രം മരം കൊള്ളയിൽനിന്നും തടിയൂരാൻ എൽഡിഎഫിനാകില്ല. പാവപ്പെട്ട കർഷകരെയും ആദിവാസികളെയും കേസ്സിൽ കുടുക്കി ബലിയാടുകളാക്കാനുള്ള ശ്രമമാണ് അന്വേഷണമെന്ന പേരിൽ നടക്കുന്നത്. വനം-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് വൻതുക കൈക്കൂലി നൽകിയും, നിയമപരമായുമാണ് ഞങ്ങൾ രാജകീയ മര

(ശേഷം 7-ാം പേജിൽ)

# സഖാവ് ആർ.മുരളീധരൻ പിള്ളയ്ക്ക് ലാൽസലാം

**പാ**ർട്ടിയുടെ പ്രാരംഭദശ മുതൽ സജീവമായി കൊല്ലം ജില്ലയിൽ നേതൃനിരയിൽ പ്രവർത്തിച്ചിരുന്ന തട്ടാർകോണം സ്വദേശി സഖാവ് ആർ.മുരളീധരൻ പിള്ള കഴിഞ്ഞ ജൂൺ 10ന് അന്തരിച്ചു.

കൊല്ലം ജില്ലാ സംഘാടക കമ്മിറ്റിയംഗമായിരുന്ന സഖാവ് മുരളീധരൻ പിള്ള ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുണ്ട്. ജനകീയ പ്രതിരോധ സമിതിയുടെയും നേതാജി അനസ്മരണസമിതിയുടെയും ജില്ലയിലെ പ്രധാന സംഘാടകനായിരുന്നു. ദീർഘകാലമായി പാർക്കിൻ



സൺസ് രോഗബാധിതനായിരുന്ന അദ്ദേഹം അവസാനശ്വാസം വരെ പാർട്ടിയോടൊപ്പം നിലകൊണ്ടു. ■

# എസ്‌യുസിഐ(സി) ഒഡീഷ സംസ്ഥാന സെക്രട്ടറി സഖാവ് ദുർജതി ദാസ് അന്തരിച്ചു

**പാ**ർട്ടി കേന്ദ്രകമ്മിറ്റി അംഗവും ഒഡീഷ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ദുർജതി ദാസ് 2021 ജൂൺ 24 ഉച്ചതിരിഞ്ഞ് 2.45ന് അന്തരിച്ചു. അദ്ദേഹത്തിന് 66 വയസ്സായിരുന്നു. കോവിഡ് ബാധയെ തുടർന്ന് ന്യുമോണിയ പിടിപെട്ടെങ്കിലും അത് ഭേദമായിരുന്നു. എന്നാൽ കടുത്ത ക്യാൻസർ ബാധ മൂലം പല ആന്തരികാവയവങ്ങളും പ്രവർത്തന രഹിതമായിത്തീർന്നതിനാൽ ശ്വാസ തടസവും ഹൃദയസ്തംഭനവും ഉണ്ടായതിനെ തുടർന്ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.



വൈകിട്ട് 7.30ന് പാർട്ടി കേന്ദ്രകമ്മിറ്റി ഓഫീസിൽ എത്തിച്ച അദ്ദേഹത്തിന്റെ ഭൗതിക ശരീരത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെയും മുതിർന്ന പൊളിറ്റ്ബ്യൂറോ അംഗങ്ങളായ മണിക് മുഖർജി, അസിത് ഭട്ടാചാര്യ എന്നിവരുടെയും പേരിൽ പുഷ്പങ്ങൾ അർപ്പിച്ചു. അവിടെ സന്നിഹിതരായിരുന്ന മറ്റ് നേതാക്കളും അന്ത്യോപചാരം അർപ്പിച്ചു.

തുടർന്ന് ഭുവനേശ്വർ ഓഫീസിൽ ഒഡീഷയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നേതാക്കളും പ്രവർത്തകരും ബൗദ്ധിക വ്യക്തിത്വങ്ങളുമടക്കമുള്ളവർ അന്ത്യോപചാരം അർപ്പിച്ചു. ■

# ബിപിസിഎൽ സ്വകാര്യവൽക്കരണത്തിനെതിരെയുള്ള പ്രക്ഷോഭം വീണ്ടും ശക്തിപ്രാപിക്കുന്നു

**ബി**പിസിഎൽ എന്ന മഹാരത്ന വ്യവസായ സ്ഥാപനത്തെ കോർപ്പറേറ്റുകൾക്ക് വിറ്റുതുലയ്ക്കാനുള്ള കേന്ദ്ര സർക്കാർ നടപടികളെ പ്രതിരോധിക്കുവാനുള്ള നീക്കങ്ങളുമായി കൊച്ചി റിഫൈനറി തൊഴിലാളികളും അതോടൊപ്പം സംസ്ഥാന-ജില്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും വീണ്ടും പ്രക്ഷോഭരംഗത്ത് ഇറങ്ങിയിരിക്കുകയാണ്.

ബിപിസിഎൽ സ്വകാര്യവൽക്കരണത്തിനെതിരെ കൊച്ചി റിഫൈനറിയിൽ ആരംഭിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തൊഴിലാളികളും ബഹുജനങ്ങളും ഏറ്റെടുത്ത, പൊതുമേഖലയ്ക്കാകെ മാതൃകയായി വികസിച്ചുവന്ന സമരം കോവിഡ് മഹാമാരിയുടെ വ്യാപനത്തോടെ പെട്ടെന്ന് നിർത്തിവയ്ക്കേണ്ടിവന്നു. പ്രസ്തുത സാഹചര്യത്തെമുതലെടുത്തുകൊണ്ട് ബിപിസിഎൽ വില്പനയുടെ നടപടിക്രമം വളരെ വേഗം പൂർത്തീകരിക്കാനാണ് കേന്ദ്രഗവൺമെന്റും മാനേജ്മെന്റിലെ ഒരു പറ്റം ഉന്നതോദ്യോഗസ്ഥരും നീക്കങ്ങൾ നടത്തിയത്.

കോവിഡ് മഹാമാരി സമരത്തെ മാത്രമല്ല വില്പനയെയും തടസ്സപ്പെടുത്തിയെന്നതിനാലാണ് ബിപിസിഎൽ ഇപ്പോഴും പൊതുമേഖലയിൽ നിലനിൽക്കുന്നത്. മാതൃകാ തൊഴിൽ സ്ഥാപനങ്ങളായി അറിയപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പരമ്പരാഗതമായി നിലവിലുള്ള എല്ലാ സംവിധാനങ്ങളെയും പോരാട്ടങ്ങളിലൂടെ ജീവനക്കാർ നേടിയെടുത്ത ആനുകൂല്യങ്ങളെയും അവകാശങ്ങളെയും അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം മാനേജ്മെന്റ് നടപ്പാക്കുന്നത്. കോർപ്പറേറ്റുകളുടെ കടന്നുവരവിന് പാതയൊരുക്കാനാണിത്.




ബിപിസിഎൽ സ്വകാര്യവൽക്കരിക്കുന്നതിനു മുന്നോടിയായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന മാനേജ്മെന്റ് നടപടിക്കെതിരെ തൊഴിലാളികൾ റിഫൈനറി ഗേറ്റിൽ കരിദിനാചരണം നടത്തുന്നു

തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണ കരാർ പുതുക്കുമ്പോൾ ഗവൺമെന്റ് ഗൈഡ് ലൈനോ പെട്രോളിയം കമ്പനികളുടെ പാറ്റേണോ അംഗീകരിക്കില്ലെന്നും പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും വെട്ടിക്കുറയ്ക്കാൻ സ്ഥാപനം ഏറ്റെടുക്കുന്ന സ്വകാര്യ മുതലാളിക്ക് അനുവാദം നൽകുന്ന 1 (f) വകുപ്പ് ഉൾപ്പെടെയുള്ള തൊഴിലാളിവിരുദ്ധ നിർദ്ദേശങ്ങളെ തൊഴിലാളികൾ അംഗീകരിച്ചാലേ പുതിയ ശമ്പള പരിഷ്ക്കരണ കരാർ പുതുക്കുകയുള്ളൂ എന്നതാണ് മാനേജ്മെന്റ് നിലപാട്. ഇത്തരം നടപടികൾകളെ യൂണിയനുകൾ ഒറ്റക്കെട്ടായി എതിർത്തതിനാൽ കരാർ പുതുക്കലുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി സിഎൽസി തലത്തിൽ നടന്നുവന്ന ചർച്ചകൾ പരാജയപ്പെടുകയും കേന്ദ്ര ലേബർ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയ്ക്കായി കരാർ പുതുക്കൽ നടപടികൾ മാറ്റിവയ്ക്കപ്പെട്ടിരിക്കുകയുമാണ്.

പ്രസ്തുത സാഹചര്യത്തെ മറികടക്കാനായി മാനേജ്മെന്റ് ദീർഘകാല കരാറിലൂടെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച സ്വകാര്യവൽക്കരണ അജണ്ടകൾ ഒന്നൊന്നായി ഏകപക്ഷീയമായി നടപ്പിൽ വരുത്തുവാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. പ്രസ്തുത നീക്കങ്ങൾക്കെതിരെ തൊഴിലാളികൾ ഒറ്റക്കെട്ടായി നിസ്സഹകരണ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. പോസ്റ്റ് റിട്ടയർമെന്റ് മെഡിക്കൽ ആനുകൂല്യങ്ങൾ 15 വർഷ സർവ്വീസിൽ താഴെയുള്ളവർക്ക് നിഷേധിച്ചുകൊണ്ട് ഓർഡർ ഇറക്കി. ജീവനക്കാരെ ഭിന്നിപ്പിക്കാനും ആനുകൂല്യങ്ങൾ നിഷേധിക്കാനുമുള്ള നീക്കത്തിനെതിരെ തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്ത് വന്നു. ജൂൺ 16ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കരിദിനമായി ആചരിച്ചു. കരിദിനാചരണത്തിന് ആഹ്വാനം ചെയ്തതിനും ധർണ്ണ നടത്തിയതിനും യൂണിയൻ ഭാരവാഹികൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയും സീനിയർ തൊഴിലാളികൾ ഓഫീസറുടെ ജോലി ചെയ്യാത്തതിന് നോട്ടീസ് നൽകിയും 8 മണിക്കൂർ ജോലി എന്നതിനുപകരം 12 മണിക്കൂർ ജോലി നിർബന്ധപൂർവ്വം ചെയ്യിക്കുന്ന സമീപനം സ്വീകരിച്ചും തൊഴിലാളികളിൽ സമ്മർദ്ദം സൃഷ്ടിക്കുകയാണ് മാനേജ്മെന്റ്.

നിരന്തരമായി തൊഴിലാളിവിരുദ്ധ നടപടികളുമായി നീങ്ങുന്ന ബിപിസിഎൽ മാനേജ്മെന്റിനെതിരെ സ്ഥിരം ജീവനക്കാരുടെയും കരാർജീവനക്കാരുടെയും സംയുക്ത പ്രതിഷേധം വളർത്തിയെടുക്കുവാനുള്ള പരിശ്രമത്തിലാണ് കൊച്ചി റിഫൈനറിയിലെ യൂണിയനുകൾ. അതോടൊപ്പം സ്വകാര്യവൽക്കരണ നടപടികൾക്കെതിരെ വിപുലമായ ജനകീയ പ്രതിഷേധം വളർത്തിയെടുക്കാനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാന - ജില്ലാ ട്രേഡ് യൂണിയൻ സംയുക്ത സമിതി.

ജില്ലയിലുള്ള രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയൻ-ബഹുജനസംഘടനാപ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ ബിപിസിഎൽ - കൊച്ചി റിഫൈനറി പൊതുമേഖലയിൽ നിലനിർത്തുന്നതിനായുള്ള സമരത്തിന് നേതൃത്വം നൽകാൻ റിഫൈനറി സംരക്ഷണ സമരസഹായ സമിതിക്ക് രൂപം നൽകാനും കൂടുതൽ ശക്തമായ പ്രതിരോധം വളർത്തിയെടുക്കാനും ശ്രമിക്കുകയാണ് ട്രേഡ് യൂണിയൻ നേതൃത്വം. ■

## ആസൂത്രിത മരം കൊള്ള

(6-ാം പേജിൽ നിന്ന്)

ങ്ങൽ വെട്ടി മുറിച്ചതും കടത്തിയതുമെന്ന് ചാനലുകാരുടെ അന്തിചർച്ചയിൽ വീരവാദം മുഴക്കിയ മരം മാഫിയകളെയോ, തികഞ്ഞ അഴിമതി വീരന്മാരെന്ന് പരക്കെ അറിയപ്പെടുന്ന ഉന്നത ഉദ്യോഗസ്ഥരെയോ തൊടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല എന്ന് ഇതിനകമുള്ള നടപടികളിൽനിന്ന് വ്യക്തമാണ്.

മുഖ്യമന്ത്രി പിണറായി വിജയൻ നടത്തുന്ന പ്രതിദിന സായാഹ്ന പത്രസമ്മേളനങ്ങളിൽ പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള സൂക്തങ്ങൾ സ്ഥിരമായി വായിക്കാറുണ്ട്. നിശ്ചിത സമയം തികയ്ക്കാനാണെങ്കിലും, പറയുന്നതിനോട് അല്പമെങ്കിലും കൂറുണ്ടായിരുന്നെങ്കിൽ കേരളത്തിൽ ഇത്രമാത്രം പ്രകൃതി നശീകരണം ഉണ്ടാകുമായിരുന്നില്ല. കേരളത്തിന്റെ നിലനില്പിനെതന്നെ ബാധിക്കുംവിധം പശ്ചിമഘട്ടത്തിൽ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് പ്രൊഫ. മാധവ് ഗാഡ്ഗിലിനെപ്പോലുള്ള അനേകം പ്രകൃതി ശാസ്ത്രജ്ഞർ മുന്നറിപ്പ് നൽകിയിട്ടുണ്ട്. പിണറായി വിജയൻ സർക്കാർ ഇതിനൊന്നും തരിമ്പും വില കല്പിക്കാതെയാണ് പാറ, കുന്ന് ഖനനത്തിനും മരം മുറിക്കും കരുക്കൾ നീക്കുന്നത്. പശ്ചിമതീരത്താകട്ടെ, ദൂരവ്യാപകമായ പ്രകൃതി ദുരന്തം സൃഷ്ടിക്കുന്ന വൻ കരിമണൽ ഖനനത്തിനും, വിഴിഞ്ഞം പോർട്ടിനും, കെ.റെയിൽ പദ്ധതിക്കും വികസനത്തിന്റെ പേര് പറഞ്ഞുകൊണ്ട് ഇവർതന്നെ നായകത്വം വഹിക്കുകയാണ്. പ്രകൃതി സംരക്ഷകരെന്ന് സ്വയംതുവൽചാർത്തിനടക്കുന്നസിപിഐ നേതൃത്വത്തിന്റെ ഇരട്ടത്താപ്പു തന്നിനിറവും മരം കൊള്ളയിലൂടെ തുറന്ന കാട്ടപ്പെട്ടിട്ടുണ്ട്.

ക്രിമിനൽ സാമ്പത്തിക ശക്തികളെയും അന്താരാഷ്ട്ര തട്ടിപ്പ് സംഘങ്ങളെയും കൂട്ടുപിടിച്ചുകൊണ്ട് പൊതുമുതൽ കൊള്ളയടിക്കുന്ന രീതിയിലേയ്ക്ക് ഭരണസംവിധാനം മാറുന്നുവെന്ന് ഖേദത്തോടെയെങ്കിലും പറയേണ്ടി വരുന്നു. ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഭാഗമാണ് അധികാര രാഷ്ട്രീയ നേതൃത്വങ്ങളുമെന്ന് ജനങ്ങൾ തിരിച്ചറിയണം. സംസ്ഥാനത്തെ ഇടതുപക്ഷ വിശ്വാസികളും ജനാധിപത്യ-പരിസ്ഥിതി സ്നേഹികളും ഇതിനെതിരെ സദാ ജാഗരൂകരാകുകയുംശക്തമായിപ്രതികരിക്കുകയുമാണ് ഒരേയൊരു പോംവഴി. ■

# ലക്ഷദ്വീപിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നത് ചങ്ങാത്ത മുതലാളിത്തം

**ദാദ്രാ നാഗർ ഹവേലി ആന്റ് ദാമൻ ആന്റ് ദിയുവിലെ ഭരണത്തിലൂടെ കുപ്രസിദ്ധനായ ഭരണാധികാരി പ്രഫുൽ പട്ടേലിന് ലക്ഷദ്വീപിന്റെകൂടി അധിക ചുമതല നൽകപ്പെട്ടതോടെ ദ്വീപുകാരുടെ കഷ്ടകാലവും ആരംഭിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വളരെക്കുറവെങ്കിലും പുറത്തുനിന്നുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ഇടപെടൽ അധികം ഇല്ലാത്തതിനാൽ ശാന്തവും സമാധാനപരവുമായ ജീവിതം നയിച്ചുവരികയായിരുന്നു ദ്വീപുകാർ.**



മത്സ്യബന്ധനവും മൃഗപരിപാലനവും തെങ്ങ് കൃഷിയിൽനിന്നുള്ള വരുമാനവും പരിമിതമായ അളവിലുള്ള സർക്കാർ ജോലികളുമൊക്കെയാണ് ദ്വീപുകാരുടെ സാമ്പത്തിക സ്രോതസ്സുകൾ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് മത്സ്യബന്ധനം തന്നെ. ധാന്യങ്ങളോ പച്ചക്കറികളോ കൃഷി ചെയ്യുക സാധ്യമല്ലാത്തതിനാൽ മത്സ്യവും മാംസവും ആഹാരത്തിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളാണ്. മറ്റ് പട്ടിക വർഗ്ഗ മേഖലകളെപ്പോലെ മദ്യം നിരോധിക്കപ്പെട്ട പ്രദേശം. അപ്പോഴും ബംഗാരം പോലുള്ള തദ്ദേശീയർ വസിക്കാത്ത വിനോദ സഞ്ചാര ദ്വീപുകളിൽ മദ്യം ലഭ്യവുമായിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ അടിച്ചമർത്തലുകളുടെയും മദ്യത്തിന്റെയുമൊക്കെ അഭാവം കൊണ്ടാവാം ക്രിമിനൽ കേസുകൾ ഏറ്റവും കുറവുള്ള പ്രദേശം. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സേവനങ്ങൾ, ചരക്ക് നീക്കം എന്നിവയ്ക്കുവേണ്ടി കേരളത്തെ ആശ്രയിക്കുന്നവരാണ് ദ്വീപുകാർ. സാംസ്കാരികമായും ഭാഷാപരമായും കേരളത്തോട് ഏറ്റവും അടുത്ത് നിൽക്കുന്ന ജനത. ഇതാണ് ലക്ഷദ്വീപ്.

ഈപ്രദേശത്തേക്കാണ് അസ്വസ്ഥത സൃഷ്ടിക്കുകയും ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തുകയും ചെയ്യുന്ന തന്റെ പുതിയ നയങ്ങളുമായി പ്രഫുൽ പട്ടേൽ പറന്നിറങ്ങുന്നത്. പക്ഷേ തന്റെ നയങ്ങൾ ദ്വീപിനെ മാലിദ്വീപിനെപ്പോലെ വികസിപ്പിക്കാനാണെന്നാണ് പ്രഫുൽ പട്ടേലിന്റെ പക്ഷം. 'തീവ്രവാദമുക്തവും മയക്കമരുന്ന് മുക്തവും' ആക്കാനും കൂടിയാണെന്നും ഒരു വാദമുണ്ട്. ഇനി അതിനായി അദ്ദേഹം പുറത്തിറക്കിയ ഉത്തരവുകളും തയ്യാറാക്കി വെച്ചിട്ടുള്ള നിയമ നിർമാണങ്ങളും എന്തൊക്കെയാണെന്ന് പരിശോധിക്കാം.

## പരിഷ്കാരങ്ങൾ !

1. 2020 ഡിസംബർ 5ന് അഡ്മിനിസ്ട്രേറ്ററുടെ ദ്വീപിലേക്കുള്ള ആദ്യ വരവിന് മുന്നോടിയായി വഴിയരികിലെ തെങ്ങുകളുടെ കടയ്ക്കൽ കാവി പെയിന്റ് അടിച്ചു.

2. സിഎഎ-എൻആർസി വിരുദ്ധ സമരങ്ങളുടെ പേരിൽ ദ്വീപ് നിവാസികളെ അറസ്റ്റ് ചെയ്യുകയും തുടർന്ന് രാജ്യദ്രോഹകുറ്റം ചുമത്തുകയും ചെയ്തു. പ്രതിഷേധത്തിന്റെ ഭാഗമായി സ്ഥാപിച്ചിരുന്ന ബോർഡുകൾ എടുത്ത് മാറ്റി.

3. ദ്വീപിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. അത് ഇന്നും തുടരുന്നു.

4. സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജർ(SOP) നിർബന്ധിച്ച് തിരുത്തി എഴുതിക്കുകയും അതുവഴി കോവിഡ് വ്യാപനത്തിന് വഴിയൊരുക്കുകയും ചെയ്തു.

5. കോവിഡ് വ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ 28ന് ലോക്ഡൗൺ പ്രഖ്യാപിച്ചു!

6.മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കാനായി തീരത്ത് കെട്ടിയുണ്ടാക്കിയ താൽക്കാലിക ഷെഡ്ഡുകൾ ഒരു അറിയിപ്പും കൂടാതെ പൊളിച്ച് മാറ്റിത്തുടങ്ങി. തീരസംരക്ഷണ നിയമത്തിന്റെ പേരിലായിരുന്നു നടപടി. ഇതേ നിയമത്തിന്റെ അടിസ്ഥാനത്തിൽ കവരത്തിയിൽ 120 വീടുകൾ പൊളിച്ചു നീക്കാനും ഉടമകൾക്ക് നോട്ടീസ് നൽകി. ആൾത്താമസമില്ലാത്ത ചെറിയം ദ്വീപിൽ തേങ്ങയും മത്സ്യബന്ധന ഉപകരണങ്ങളും സൂക്ഷിക്കാൻ കെട്ടിയുണ്ടാക്കിയ താൽക്കാലിക ടെന്റുകൾ പൊളിക്കാനും ഉത്തരവായിട്ടുണ്ട്.

7. മത്സ്യബന്ധനയാനങ്ങളിൽ CCTV സ്ഥാപിക്കണമെന്നും ഒരു സർക്കാർ ഉദ്യോഗസ്ഥനെ കൊണ്ടുപോകണം എന്നുമുള്ള ഉത്തരവിറക്കി. ഈ ഉത്തരവ് പിന്നീട് പിൻവലിച്ചു.

8. ഓലയും മടലും ചിരട്ടയും പറമ്പിലിട്ടതിന് പിഴ ഏർപ്പെടുത്തി.

9. പല വകുപ്പുകളിൽനിന്നായി 500ൽ കൂടുതൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് ഉത്തരവുകൾ ഇറക്കി.

10. വിദ്യാഭ്യാസം, ആരോഗ്യം, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ സർക്കാർ വകുപ്പുകളുടെ ആധികാരം ജില്ലാ പഞ്ചായത്തിൽ നിന്ന് പിടിച്ചെടുത്തു.

11. ഡയറിഫാമുകളും ലക്ഷദ്വീപ് ബിൽഡിംഗ് ഡവലപ്മെന്റ് ബോർഡും അടച്ചുപൂട്ടാൻ ഉത്തരവിറക്കി. ഇതിൽ ഡയറി ഫാമുകൾ അടച്ചുപൂട്ടാനുള്ള ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു.

12. അമുൽ പാലുൽപ്പന്നങ്ങളുടെ ഔട്ട്ലെറ്റ് കവരത്തിയിൽ തുറക്കാനും അമുൽ ഉൽപന്നങ്ങൾ വിതരണം ചെയ്യാനുമുള്ള ചുമതല ലക്ഷദ്വീപ് കൺസ്യൂമർ ആന്റ് മാർക്കറ്റിങ്ങ് ഫെഡറേഷനെ ഏൽപ്പിച്ചു.

13. വിദ്യാലയങ്ങളിലെ മെനുവിൽനിന്ന് മാംസാഹാരം ഒഴിവാക്കി. ഈ ഉത്തരവും പിന്നീട് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു.

14. ഡെപ്യൂട്ടി കളക്ടർ തസ്തികകളുടെ പേര് സിഇഒ കം ഡെപ്യൂട്ടി കളക്ടർ എന്നാക്കി കേന്ദ്ര സർവീസിൽ നിന്നുള്ളവരെ നിയമിക്കുകയും ദ്വീപുകാരായ ഉദ്യോഗസ്ഥരെ തരംതാഴ്ത്തുകയും ചെയ്തു. ഭൂമി രജിസ്ട്രേഷൻ ഉൾപ്പടെയുള്ള ചുമതലകളിൽനിന്ന് അവരെ ഒഴിവാക്കി.

15. ഭൂമി രജിസ്ട്രേഷൻ തുക വർദ്ധിപ്പിക്കുകയും സർക്കാരിന് വാടകയ്ക്ക് നൽകിയിരുന്ന ഭൂമിയുടെ വാടക കുറയ്ക്കുകയും ചെയ്തു.

16. തദ്ദേശീയർ വസിക്കുന്ന ദ്വീപുകളിൽ മദ്യം അനുവദിച്ചു.

17. ചരക്ക് ഗതാഗതം ബേപ്പൂരിനെ ഒഴിവാക്കി പൂർണമായും മംഗലാപുരത്തേക്ക് മാറ്റാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

18. ലക്ഷദ്വീപിനെ കേരളാ ഹൈക്കോടതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കാനും കർണാടക ഹൈക്കോടതിയുടെ പരിധിയിലേക്ക് മാറ്റാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു.

19. ലക്ഷദ്വീപിൽനിന്ന് രോഗികളെ ചികിത്സയ്ക്കായി കേരളത്തിലേക്ക് കൊണ്ടുപോകുന്നത് തടഞ്ഞ് ഉത്തരവിറക്കി.

20. പഞ്ചായത്ത് സംവിധാനത്തെ ഗവൺമെന്റിന്റെ ചട്ടുകമാക്കുന്ന, രണ്ടിൽ കൂടുതൽ കുട്ടികളുള്ളവരെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കുന്ന വിചിത്രമായ ഉള്ളടക്കമുള്ള പഞ്ചായത്ത് റെഗുലേഷൻ (കരട്) നിയമം, 2021 അവതരിപ്പിച്ചു.

21. ഏതൊരാളെയും ഒരു കാരണവും കൂടാതെ ഒരു വർഷംവരെ തടങ്കലിൽ സൂക്ഷിക്കാൻ അഡ്മിനിസ്ട്രേറ്റർക്ക് അധികാരം നൽകുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ (കരട്) നിയമം, 2021 അവതരിപ്പിച്ചു.

22. മൃഗപരിപാലനം, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മൃഗങ്ങളെക്കൊണ്ടുപോകുന്നത് അവയുടെ വിൽപ്പന, കശാപ്പ് എന്നിവ നിരോധിക്കുന്ന മൃഗപരിപാലന (കരട്) നിയമം, 2021 അവതരിപ്പിച്ചു.

23. ഏത് പ്രദേശവും വികസനത്തിനായി പിടിച്ചെടുക്കാൻ അഡ്മിനിസ്ട്രേഷന് അധികാരം നൽകുകയും ഖനികൾ ഉൾപ്പടെ ആരംഭിക്കാൻ അനുവദിക്കുകയും ചെയ്യുന്ന ലക്ഷദ്വീപ് ഡവലപ്മെന്റ് അതോറിറ്റി റെഗുലേഷൻ (കരട്) നിയമം, 2021 അവതരിപ്പിച്ചു. കവരത്തിയിൽ പുരയിടങ്ങൾ പിടിച്ചെടുക്കുന്നതിന് മുന്നോടിയായി കൊടി കുത്തുകയും ചെയ്തു. നിലവിലെ ചട്ടപ്രകാരം ലക്ഷദ്വീപിലെ ഭൂമി ദ്വീപുകാർക്ക് മാത്രമേ വിൽക്കാനോ വാങ്ങാനോ സാധിക്കൂ. ഈ നിയമം വരുന്നതോടെ വികസനത്തിന്റെ പേരിൽ ഏത് ഭൂമിയും പിടിച്ചെടുത്ത് പുറത്തുനിന്നുള്ള സ്വകാര്യ കമ്പനികൾക്ക് നൽകാൻ അഡ്മിനിസ്ട്രേഷന് സാധിക്കും. നിയമം നടപ്പിലായില്ലെങ്കിലും മിനിക്കോയിയിൽ 15 ഏക്കർ ഭൂമി പിടിച്ചെടുത്ത് 75 വർഷത്തേക്ക് പാട്ടത്തിന് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ദ്വീപ് നിവാസികൾക്കുള്ള തൊഴിൽ സംവരണവും എടുത്ത് മാറ്റി.

24. മേൽപ്പറഞ്ഞ പരിഷ്കാരങ്ങൾക്കെതിരെ പ്രതികരിച്ചതിന്റെ പേരിൽ ദ്വീപിൽനിന്നുള്ള ആദ്യ ചലചിത്ര സംവിധായിക ഐഷ സുൽത്താനയുടെമേൽ രാജ്യദ്രോഹകുറ്റം ചുമത്തി.

ഇത്രയൊക്കെയാണ് പ്രഫുൽ പട്ടേൽ ഇതുവരെ ദ്വീപിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ. ഭരണകൂടം അവകാശപ്പെടുന്നതുപോലെ തീവ്രവാദവും മയക്കമരുന്നും ഇല്ലാതാക്കുന്നതല്ല ഇതിൽ ഒരു പരിഷ്കാരവും. എന്നാൽ മാലിദ്വീപിൽ സംഭവിച്ചതുപോലെ വൻകിട വിനോദ സഞ്ചാര ഭീമൻമാർക്കും ഖനി മുതലാളിമാർക്കും റോഡ് നിർമ്മാതാക്കൾക്കും ലക്ഷദ്വീപിൽ കടന്നുവരാനും അവിടുത്തെ ഭൂമിയെയും മനുഷ്യരെയും തങ്ങളുടെ വരുതിയിൽ നിർത്താനുമുള്ള നടപടികളാണ് അഡ്മിനിസ്ട്രേഷൻ സ്വീകരിക്കുന്നത്. ജനങ്ങളുടെ തൊഴിൽ, ഭക്ഷണം, പാർപ്പിടം, രാഷ്ട്രീയ സ്വാതന്ത്ര്യം, സാംസ്കാരിക ജീവിതം എന്നിവ സമ്പൂർണമായി തകർത്തെറിയുന്നതാണ് മേൽപ്പറഞ്ഞ ഓരോ ഉത്തരവും കരട് നിയമവും. ഇതെല്ലാം ചെയ്യുന്നതാകട്ടെ, കുത്തക മുതലാളിമാർക്ക് യാതൊരു പ്രതിഷേധവും കൂടാതെ ദ്വീപിലേക്ക് കടന്നുവരാനുള്ള സാഹചര്യം സൃഷ്ടിക്കാൻ വേണ്ടിയും.

## പ്രതിരോധങ്ങൾ:

സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജർ പരിഷ്കരിച്ചതുമുതൽ ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ ആരംഭിച്ചെങ്കിലും പ്രതിഷേധങ്ങൾക്ക് സംഘടിതവും ഏകോപിതവുമായ സ്വഭാവം വരുന്നത് കേരളം കേന്ദ്രമാക്കി 'ഇൻ സോളിഡാരിറ്റി വിത്ത് ലക്ഷദ്വീപ്' എന്ന കൂട്ടായ്മ രൂപീകരിക്കപ്പെടുന്നതോടെയാണ്. ലക്ഷദ്വീപിൽനിന്ന് കേരളത്തിൽവന്ന് പഠിക്കുന്ന വിദ്യാർത്ഥികളും കേരളീയരായ വിദ്യാർത്ഥികളും ചേർന്ന് മെയ് 24നാണ് ഈ കൂട്ടായ്മയ്ക്ക് രൂപം നൽകിയത്. തുടർന്ന് അതിന്റെ നേതൃത്വത്തിൽ രാഷ്ട്രപതിക്ക് നൽകാനുള്ള ഭീമ ഹർജി തയ്യാറാക്കുകയും 15,000 ഒപ്പുകൾ ശേഖരിച്ച് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് മെയ് 27ന് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ലക്ഷദ്വീപിന് കേരളത്തിന്റെ ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഓൺ ലൈൻ കൺവൻഷൻ സംഘടിപ്പിച്ചു. സുപ്രീം കോടതിയിലെ പ്രമുഖ അഭിഭാഷകനായ സഞ്ജയ് ഹെഗ്ഡെ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ലക്ഷദ്വീപ് എംപി മുഹമ്മദ് ഫൈസൽ, രാജ്യസഭ എംപിമാരായ ബിനോയ് വിശ്വം, എളമരം കരീം, ലോക്സഭ എംപിമാരായ എൻ.കെ.പ്രേമചന്ദ്രൻ, ഹൈബി ഈഡൻ, ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, വൈസ് പ്രസിഡന്റ് ജയ്സൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. മെയ് 28ന് കിൽത്താനിൽ 12 പേരെ അറസ്റ്റ് ചെയ്തതിനെതിരെ അന്നേ ദിവസം പന്തംകൊളുത്തി പ്രതിഷേധിച്ചു. തുടർന്ന് അഡ്മിനിസ്ട്രേറ്ററെ തിരിച്ച് വിളിക്കാനും കരിനിയമങ്ങൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ അവസാനിപ്പിക്കാനും ആവശ്യപ്പെട്ട് മെയ് 30ന് കരിദിനം ആചരിച്ചു. കരിദിനത്തിന്റെ ഭാഗമായി സമരമുറ്റവും ട്വിറ്റർ സ്റ്റോമും സംഘടിപ്പിച്ചു. മേയ് 31ന് കവി സച്ചിദാനന്ദൻ പങ്കെടുത്ത ഐക്യദാർഢ്യ സമ്മേളനം സംഘടിപ്പിച്ചു. ജൂൺ 2ന് ലക്ഷദ്വീപ് നിവാസികളെ പങ്കെടുപ്പിച്ച് ക്ലബ് ഹൗസ് ചർച്ച സംഘടിപ്പിച്ചു. ഇതിനിടയിൽ ദ്വീപിലെ രാഷ്ട്രീയപ്പാർട്ടികൾ ഒത്തുചേർന്ന് സേവ് ലക്ഷദ്വീപ് ഫോറത്തിന് രൂപം നൽകുകയുണ്ടായി. സേവ് ലക്ഷദ്വീപ് ഫോറം ആഹ്വാനം ചെയ്ത ആദ്യ സമര പരിപാടിയായ ജൂൺ 7ന്റെ നിരാഹാര സമരത്തിനും പാത്രം കൊട്ടി പ്രതിഷേധത്തിനും ഓല മടൽ സമരത്തിനും *ഇൻ സോളിഡാരിറ്റി വിത്ത് ലക്ഷദ്വീപ്* പരിപൂർണ പിന്തുണ നൽകി. പരിസ്ഥിതി പ്രവർത്തകരും മനുഷ്യസ്നേഹികളും ജനാധിപത്യ വിശ്വാസികളും ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലക്ഷദ്വീപിനെ പിന്തുണച്ചുകൊണ്ടിരിക്കുന്നു.

(ശേഷം 9–ാം പേജിൽ)

## തീരം തകർക്കുന്ന, തീരവാസികളെ കുടിയിറക്കുന്ന, വിനാശകരമായ പദ്ധതികൾക്കെതിരെ

# തീരത്ത് സമരജ്വാലകൾ ഉയരുന്നു

**കേരളത്തിന്റെ ആകെ നീളം 580 കിലോമീറ്ററാണ്. ഏറ്റവും കുറഞ്ഞവീതി 10 കിലോമീറ്റർ. കൂടിയ വീതി 120 കിലോമീറ്ററും. നേർത്തവരമ്പിന്റെ രൂപത്തിലുള്ള കേരളത്തിന് കിഴക്ക് പശ്ചിമഘട്ടമലനിരകളും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്നു. കടൽനിരപ്പിലും താഴ്ന്ന നിൽക്കുന്ന കുട്ടനാട് എന്ന അത്ഭുതം വേറെ. പറഞ്ഞാൽ കേരളം ആകെപ്പാടെ ഒരു പരിസ്ഥിതിലോല പ്രദേശമാണ്. എന്നാൽ മാറി മാറി ഭരിച്ച സർക്കാരുകൾ തങ്ങളുടെ ദുരയും കുത്തകദാസ്യ മനോഭാവവും നിമിത്തം സ്വീകരിച്ച നടപടികളിലൂടെ കേരളത്തിന്റെ സമ്പൂർണനാശം ഏതാണ്ട് ഉറപ്പാക്കിയിട്ടുണ്ട്.**



നമ്മുടെ പശ്ചിമഘട്ട മലനിരകളും സ്വാഭാവിക വനവും, അനധികൃതക്വാറികളും മണ്ണെടുപ്പുംമൂലം നാശോന്മുഖമായിക്കഴിഞ്ഞിരിക്കുന്നു. 2018,19 വർഷങ്ങളിലെ തുടർച്ചയായ രണ്ട് പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും മേഘവിസ്ഫോടനവും ചുഴലിക്കാറ്റുകളും രൂക്ഷമായ കടലേറ്റവുമെല്ലാം പരിസ്ഥിതിനാശത്തിന്റെ പ്രത്യാഘാതമാണ് എന്നത് തെളിയിക്കുന്ന പഠനങ്ങൾ വേണ്ടുവോളം നടന്നുകഴിഞ്ഞു. ഇപ്പോൾ കോവളംമുതൽ ചെല്ലാനംവരെ കടലെടുത്തുപോകുന്നതിന്റെ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

### കരിമണൽ ഖനനത്തിനെതിരെ ആലപ്പുഴയുടെ തീരത്ത് വീണ്ടും പ്രതിഷേധമുയരുന്നു

ആലപ്പുഴയുടെ തീരത്ത് ജനങ്ങൾ ചെറുത്ത് തോൽപ്പിച്ച കരിമണൽഖനനംവീണ്ടുംഐആർഇ/കെഎംഎംഎൽ കമ്പനികളെ മുൻനിർത്തി കേരളസർക്കാർ നടത്തുകയാണ്. 2003-2004 കാലത്തെ സമരത്തിലൂടെ ഒരു സർക്കാർ ഉത്തരവ് പിൻവലിപ്പിക്കുവാൻ ജനങ്ങൾക്ക്കഴിഞ്ഞിരുന്നു. ജനകീയ പ്രതിരോധ സമിതി മുൻകൈയെടുത്ത് സംഘടിപ്പിച്ച ജനകീയ കമ്മിറ്റികൾ ആയിരുന്നു ആ സമരത്തിന് അടിത്തറ. ജനങ്ങൾ ആയിരങ്ങളായി പതിനായിരങ്ങളായി കമ്മിറ്റികളിലൂടെ തെരുവിലിറങ്ങി. സമരത്തിനെതിരെ ചതുരുപായങ്ങളും പയറ്റിയ കമ്പനികളും സർക്കാരും രാഷ്ട്രീയപാർട്ടികളും മുട്ടുമടക്കി. ചില രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ ബന്ധങ്ങൾ മാറ്റിവെച്ച് സമരത്തോടൊപ്പം ചേർന്നു. മറ്റുചിലർ ജനകീയ സമ്മർദ്ദത്താൽ സമരത്തിൽ പങ്കുചേർന്നു.

എഴുപത്തിമൂന്ന് സമര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. നിരന്തരമായ ചർച്ചാ ക്ലാസുകൾ, നാടകങ്ങൾ, ഗാനങ്ങൾ, കുടുംബയോഗങ്ങൾ, തെരുവ് യോഗങ്ങൾ, കളക്ടറേറ്റ് മാർച്ചുകൾ, സെക്രട്ടറിയേറ്റ് പിക്കറ്റിംഗ്, മേധാപട്കർ പങ്കെടുത്ത അത്യുജ്ജ്വല റാലി, തൃക്കുന്നപ്പുഴ കുമ്പളം ഓഡിറ്റോറിയത്തിൽ നടന്ന മഹാ കൺവെൻഷൻ, ലഘുലേഖകൾ, നോട്ടീസുകൾ, ചിത്രങ്ങൾ, ശില്പങ്ങൾ അങ്ങനെ അനേകം പ്രവർത്തനങ്ങൾ സമരത്തിന്റെ ഭാഗമായി ആവിഷ്കരിക്കപ്പെട്ടു. അവസാനം തീരമേഖല ഏറ്റെടുത്ത മനുഷ്യചങ്ങല കനത്ത മഴയിൽ മനുഷ്യർ തീർത്ത വൻകോട്ടയായി മാറി. ഒരൊറ്റ ശരീരമായി തീരം ഏറ്റുപറഞ്ഞു: കരിമണൽഖനനം വേണ്ട, തീരസംരക്ഷണം ഉറപ്പാക്കുക. കേരളത്തിലെ ജനങ്ങൾ അതിനെ നെഞ്ചിലേറ്റി, ഖനന ഉത്തരവ് സർക്കാർ പിൻവലിച്ചു.

2013ലെ പിഎസ്‌സി പരീക്ഷയിൽ കേരളത്തിൽ നടന്ന ഏറ്റവും വലിയ ജനകീയ സമരം ഏത് എന്നചോദ്യത്തിനുത്തരം ആലപ്പുഴയുടെ തീരത്തെ കരിമണൽ ഖനനം എന്നായിരുന്നു. ആ ചരിത്രത്തെ മറികടക്കുവാൻ ക്രിമിനൽ മൂലധനത്തിന്റെ വക്താക്കൾ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. കേരള സർക്കാർ വലിയഴീക്കലും തോട്ടപ്പള്ളിയിലും ഹാർബറുകളുടെ വികസനത്തിന് എന്നപേരിൽ ഖനനം നടത്തുവാൻ കരിമണൽ കമ്പനികളെ ഏൽപിച്ചു. പുറക്കാട് പഞ്ചായത്തിന്റെ വിലക്ക് മറികടന്ന് പഞ്ചായത്ത് സെക്രട്ടറിയെ ഉപയോഗപ്പെടുത്തി തോട്ടപ്പള്ളി ഹാർബറിൽ ഖനനം തുടങ്ങി. മൂന്നുമാസത്തേക്ക് എന്നുപറഞ്ഞുവന്ന ഐആർഇഎൽ കമ്പനി കഴിഞ്ഞ എട്ടുവർഷമായി ആസൂത്രിതമായി മണൽവാരിക്കൊണ്ടിരിക്കുന്നു. മാഗ്നെറ്റിക് സ്പൈറൽ യൂണിറ്റ് ഉപയോഗിച്ച് മണൽ വേർതിരിച്ച് കടത്തിക്കൊണ്ടേയിരിക്കുന്നു. തോട്ടപ്പള്ളി ഹാർബറിന് വടക്കോട്ടുള്ള പുന്തല, പുറക്കാട്, പഴയങ്ങാടി, പായൽകുളങ്ങര, വളഞ്ഞവഴി, പുന്നപ്ര തീരങ്ങൾ അതിശക്തമായ കടലാക്രമണത്തിൽ തകർന്നിരിക്കുന്നു.



കരിമണൽ ഖനനത്തിനെതിരെ ആലപ്പുഴ തോട്ടപ്പളിള്ളിയൽ നടന്ന തീരദേശ മഹാ സമരപ്രഖ്യാപനത്തിൽ മണൽപ്രതിജ്ഞയെുക്കുന്ന വേദിയും സദസ്സും. കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ്കുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു

വലിയഴീക്കലിൽ ഹാർബർ വികസനത്തിന്റെ പേരിൽ ഡ്രഡ്ജ് ചെയ്ത മണ്ണ് കൂനപോലെ കൂട്ടിയിട്ട്, മിനറൽ സെപ്പറേറ്റർ ഉപയോഗിച്ച് വേർതിരിച്ച് കൊണ്ടുപോകുന്നു. വലിയഴീക്കൽ, പെരുമ്പള്ളി തറയിൽ കടവ്, കള്ളിക്കാട്, ആറാട്ടുപുഴ, പത്തിശ്ശേരിൽ മംഗലം, തോപ്പിൽമുക്ക്, പല്ലന തുടങ്ങിയ സ്ഥലങ്ങളിൽ കടലാക്രമണം അതിരൂക്ഷമായിരിക്കുന്നു. കുട്ടനാടിന്റെ രക്ഷയ്ക്ക് എന്ന പേരിൽ തോട്ടപ്പള്ളി പൊഴിയിൽ പ്രളയാനന്തര പരിപാടിയുടെ മറവിൽ മണൽവാരി കൊണ്ടേയിരിക്കുന്നു. ഇരുട്ടിന്റെ മറവിൽ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച്, അഞ്ച് ജില്ലകളിലെ പോലീസിനെ ഇറക്കി, ഓരോ വീടിനും പോലീസിനെ കാവൽ നിർത്തി, പ്രകൃതിസ്നേഹികൾ നട്ട കാറ്റാടി മരങ്ങൾ വെട്ടിമാറ്റി, തെറ്റായ കാലാവസ്ഥാപ്രവചനം ഉയർത്തിക്കാട്ടി നടക്കുന്ന മണൽകൊള്ള തോട്ടപ്പള്ളി സ്പിൽവേ തകർത്തിരിക്കുന്നു. ഏഴാം നമ്പർ ഷട്ടർ തകർന്നു, ഉയർത്തിയ ഷട്ടറുകൾ അടയ്ക്കാൻ വയ്യ, അടച്ച ഷട്ടറുകൾ തുറക്കാൻ വയ്യ, കോർണർ ആങ്കിളുകളും കേടായിരിക്കുന്നു.

കോവിഡിന്റെ മറവിൽ ജനങ്ങളെ നിശബ്ദരാക്കി, സമരം ചെയ്തവർക്കെതിരെ കേസെടുത്തു. നൂറുകണക്കിന് സാധാരണക്കാരെ കോടതിയിൽ ഹാജരാക്കാതെ മറ്റ് പ്രദേശങ്ങളിൽ കൊണ്ടുപോയി ഇറക്കിവിട്ടു. പണം കൊടുക്കേണ്ടവർക്ക് പണം കൊടുത്തും ജോലി വാഗ്ദാനം ചെയ്തും ജനങ്ങളെ വശത്താക്കുന്നു. കരുനാഗപ്പള്ളിയുടെ തീരത്ത് നടത്തിയ എല്ലാ വഞ്ചനയും ചതിയും ഇവിടെയും പയറ്റിക്കൊണ്ടിരിക്കുന്നു. സമരമുഖത്തെ ഭിന്നിപ്പിക്കുന്ന സ്പോൺസേർഡ് സമരങ്ങൾക്കുപോലും മുതിരുന്നു.

പതിറ്റാണ്ടുകളായി ജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന പഞ്ചായത്ത് റോഡുകൾപോലും ഐആർഇയും, കെഎംഎംഎല്ലും കൈയടക്കിയിരിക്കുന്നു. എംഎൽഎയും പഞ്ചായത്ത് പ്രസിഡന്റും കമ്പനി മാനേജർമാരും ചേർന്ന് നവീകരണ മാമാങ്കം നടത്തുന്നു, അങ്ങനെയും നൂറുകണക്കിന് ലോഡ് മണ്ണ് ദിനംപ്രതി കടത്തിക്കൊണ്ടിരിക്കുന്നു.

കുട്ടനാട്ടിലെ 36,000 ഏക്കറോളം സ്ഥലത്ത് ഉപ്പുവെള്ളം കയറി. രണ്ടാം കൃഷി മുഴുവൻ ഉപ്പുവെള്ളം കയറി നശിച്ചിരിക്കുന്നു. ചമ്പക്കുളം, നെടുമുടി, വീയപുരം, കരിപ്പുഴ, കുരീത്തറ, പള്ളിപ്പാട്, പുന്നപ്ര, പുറക്കാട് പാടശേഖരങ്ങളിൽ ഉപ്പിന്റെ ഗാഢത കൂടിയിരിക്കുന്നു. കർഷകർ പ്രതിഷേധിച്ച് ഇറിഗേഷൻ ഓഫീസ് വളയുന്നു, തോട്ടപ്പള്ളി പൊഴിയിലെ മണ്ണ് നീക്കുന്നതിനെക്കുറിച്ച് ഫിഷറീസ് മന്ത്രി വാതോരാതെ വർത്തമാനം പറയുന്നു

കുട്ടനാട് സമുദ്രനിരപ്പിനുംതാഴെ ആണെന്നും തീരവരമ്പ് മുറിഞ്ഞാൽ കടൽവെള്ളം ഇരമ്പിയെത്തും എന്നും മനസ്സിലാക്കാതെയോ അറിഞ്ഞിട്ടും അത് ഭാവിക്കാതെയോ ആണ് അധികാരികൾ നടപടികൾ സ്വീകരിക്കുന്നത്. ആലപ്പുഴ ജില്ലയുടെ തീരത്ത് ജനകീയ സമര കമ്മിറ്റികളിൽ കക്ഷി രാഷ്ട്രീയ ഭേദമെന്യെ അണിനിരക്കാനുള്ള ആഹ്വാനം ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

തോട്ടപ്പള്ളിയിൽ നടക്കുന്ന സത്യാഗ്രഹം 33 ദിവസം പിന്നിട്ടിരിക്കുന്നു. നിരവധി പ്രമുഖ വ്യക്തികൾ സത്യാഗ്രഹികളായി അവിടെ എത്തി. ചർച്ചകൾ, യോഗങ്ങൾ, മണൽപ്രതിജ്ഞകൾ, ഹർത്താലുകൾ ഇവ സമരത്തിന്റെ ഭാഗമായി നടന്നു. 2021 ജൂൺ 21ന് തീരദേശത്ത് പ്രതിഷേധദിനം ആചരിക്കുകയും പുറക്കാട് പഞ്ചായത്തിൽ തീരദേശ ഹർത്താൽ ആചരിക്കുകയും ചെയ്തു. തോട്ടപ്പള്ളി വടക്കേക്കരയിൽ തീ

(ശേഷം 10-ാം പേജിൽ)

(8-ാം പേജിൽ നിന്ന്)

### എന്ത്കൊണ്ട് ലക്ഷദ്വീപ് ?

സത്യത്തിൽ ലക്ഷദ്വീപ് ഒരു ഒറ്റപ്പെട്ട സംഭവമല്ല. വികസനത്തിന്റെ പേരിലെ കുടിയൊഴിപ്പിക്കലും പൗരൻമാരെ സാമ്പത്തികമായി തകർത്തുകളയാനുള്ള ശ്രമങ്ങളും ഇന്ത്യയെ സംബന്ധിച്ച് ഒരു പുതുമയുമല്ല. സമ്പത്തിന്റെ കേന്ദ്രീകരണം സൃഷ്ടിച്ച പ്രതിസന്ധിയാണിത്. കുമിഞ്ഞുകൂടിയ സമ്പത്ത് എവിടെയെങ്കിലും നിക്ഷേപിച്ച് ലാഭം കൊയ്യുകയാണ് സമ്പന്നരുടെ താൽപര്യം. അവരെ മനുഷ്യന്റെ വേദനകളോ പരിസ്ഥിതി നാശമോ അലട്ടാറില്ല. പരമാവധി ലാഭം, അത് മാത്രമാണ് ലക്ഷ്യം. ഈ താൽപര്യത്തിനനുസരിച്ച് ഭരണകൂടവും പ്രവർത്തിച്ച് തുടങ്ങുന്നതാണ് ചങ്ങാത്ത മുതലാളിത്തം. ആ ചങ്ങാത്ത മുതലാളിത്തമാണ് ഇന്ന് ലക്ഷദ്വീപിൽ അശാന്തി വിതറിയിരിക്കുന്നത്. ലക്ഷദ്വീപിലെ ജനാധിപത്യ സംവിധാനങ്ങളെ തല്ലി തകർക്കുന്നതും ജനങ്ങളുടെ അധികാരം കവർന്നെടുക്കുന്നതും ഈ താൽപര്യം മുൻനിർത്തിയാണ്. ആൻഡമാനിലും കാശ്മീരിലും ദാമൻ ദിയു ആന്റ് നാഗർ ഹവേലിയിലും ഡൽഹിയിലുമെല്ലാം നീതി ആയോഗിലൂടെയും അല്ലാതെയുമുള്ള അധികാരക്കവർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ തുടർച്ചയാണ് നമ്മൾ ലക്ഷദ്വീപിലും കാണുന്നത്.

ഇന്ത്യ മുഴുവൻ പടരുന്ന വിശാലവും സ്ഥിരതയുള്ളതുമായ ജനകീയ സമരങ്ങളിലൂടെ മാത്രമേ ഇനി ജനങ്ങൾക്ക് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അത്തരമൊരു ജനകീയ പ്രക്ഷോഭമായി ലക്ഷദ്വീപ് സമരത്തെ വളർത്തിയെടുക്കാൻ ജനങ്ങൾ മുന്നോട്ട് വരേണ്ടതുണ്ട്. ■

# തീരത്തുനിന്ന് ജനങ്ങളെ ഒഴിപ്പിക്കുന്നതിന് പിന്നിൽ കോർപ്പറേറ്റ് താല്പര്യം

(9–ാം പേജിൽ നിന്ന്)

രദേശവാസികൾപങ്കെടുത്തമണൽ പ്രതിജ്ഞ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. 2021 ജൂലൈ 7ന് തീരദേശ സമരപ്രഖ്യാപന മഹാസമ്മേളനം നടന്നു.

സമരപ്രഖ്യാപന സമ്മേളനത്തിന് കരിമണൽ ഖനന വിരുദ്ധ ഏകോപനസമിതി ജനറൽ കൺവീനർ അർജ്ജുനൻ സ്വാഗതമാശംസിച്ചു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ, കർഷക നേതാവ് പി.റ്റി.ജോൺ, കെ.സി. ശ്രീകുമാർ,അഡ്വക്കേറ്റ്ഒ.ഹാരിസ്, സഖാവ് എസ്.സീതിലാൽ, പാർത്ഥസാരഥി വർമ്മ, പ്രസാദ്, ബി.ഭദ്രൻ, നാസർ ആറാട്ടുപുഴ, ജാക്സൺ പൊള്ളയിൽ, ജോയി കമ്പക്കാരൻ, കെ.എ.ഷെഫീഖ്, സുധിലാൽ, ഷിബു പ്രകാശ്, സുഭദ്രാമണി, കെ.പി.സുബൈദ എന്നിവർ പ്രസംഗിച്ചു. കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ സുരേഷ് കുമാർ മണൽ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. ഖനനവിരുദ്ധ പ്രമേയം ഹർഷാരവത്തോടെ സദസ്സ് പാസാക്കി. സമ്പൂർണമായ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തോട്ടപ്പള്ളി തെക്കേക്കരയിൽ നടന്ന പരിപാടിയിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

## വിഴിഞ്ഞം തുറമുഖപദ്ധതി

തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങൾ കടലെടുത്തുപോകുകയും പ്രദേശവാസികളായ മത്സ്യത്തൊഴിലാളികൾ അഭയാർത്ഥികളായിത്തീരുകയും ചെയ്യുന്ന പ്രതിഭാസം വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തോടെയാണ് ആരംഭിച്ചത്. പദ്ധതി പാതിയെത്തുന്നതിനുമുമ്പുതന്നെ കേരളത്തിന്റെ വശ്യഭംഗി ലോകപ്രശസ്തമാക്കിയ കോവളം ബീച്ച് അപ്രത്യക്ഷമായി,ശംഖുമുഖംബീച്ച് അപ്രത്യക്ഷമായി. തിരുവനന്തപുരം വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് കടലെടുത്ത് യാത്രായോഗ്യമല്ലാതെയായിക്കഴിഞ്ഞു. ചരിത്രപ്രസിദ്ധമായ വലിയതുറ കടൽപാലം വിസ്മൃതിയിലായി. തിരുവനന്തപുരം ജില്ലയുടെ പടിഞ്ഞാറൻ മേഖലയൊന്നാകെ വിശേഷിച്ചും പൂന്തുറ, വലിയ തുറ, ബീമാപള്ളി, ശംഖുമുഖം, വെട്ടുകാട് പ്രദേശങ്ങൾ കടൽവിഴുങ്ങുകയാണ്. അശാസ്ത്രീയ നിർമ്മിതികൾ കടലിന്റെ സ്വഭാവംതന്നെ മാറ്റിയിരിക്കുന്നു.

സിംഗപ്പൂരിലും ദുബയിലും റോട്ടർഡാമിലും നിരനിരയായ് കിടക്കുന്നതുപോലെ വിഴിഞ്ഞത്തും കപ്പലുകളുടെ വലിയ വിന്യാസം, വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപ്പോയ പത്തുലക്ഷത്തിലധികം വരുന്ന മലയാളികളെയെല്ലാം മടക്കി വിളിച്ച് പണി കൊടുക്കാവുന്നത്ര തൊഴിൽസാധ്യത, ഇതൊക്കെ നിരന്തരം പ്രചരിപ്പിച്ചിട്ടാണ് 2015 ഡിസംബറിൽ വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറുഖം നിർമ്മാണം ആരംഭിച്ചത്. അന്താരാഷ്ട്ര കപ്പൽ പാതയും 24 മീറ്റർ സ്വാഭാവിക ആഴവും അത്യാകർഷകങ്ങളായ വാഗ്ദാനങ്ങളായിരുന്നു. ആയിരം ദിവസം കൊണ്ട് പൂർത്തിയാക്കുന്ന കേരളത്തിന്റെ സ്വപ്ന പദ്ധതി എന്നായിരുന്നു മറ്റൊരു വാഗ്ദാനം. ഭരണ പ്രതിപക്ഷങ്ങളുടെ വികസന അജണ്ടയിലെ പ്രഥമസ്ഥാനം നേടി അദാനിയുടെ വിഴിഞ്ഞം തുറമുഖം.

വർഷം അഞ്ചുകഴിഞ്ഞു. മൂന്നര കിലോമീററർ നീളത്തിലാണ് തുറമുഖ നിർമ്മാണത്തിന് പുലിമുട്ട് വേണ്ടത്. എന്നാൽ 700 മീറ്റർ ആയപ്പോളാണ് ഓഖി ചുഴലിക്കാറ്റ് വന്നത്. പുലിമുട്ടിനായി ഇട്ട വമ്പൻ കല്ലുകൾ ആർമർ ഒന്നാകെ കടലെടുത്തുപോയി. തലമുറകളായി കഴിഞ്ഞിരുന്ന ആയിരക്കണക്കിന് തീരദേശ മത്സ്യത്തൊഴിലാളികൾ ഇന്നവിടെയില്ല. അദാനിയുടെ തുറമുഖ വികസനത്തിന്റെ ഇരകളായിമാറിയ ആദ്യ സംഘം തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ ആയിരുന്നു.

2011 ൽ ഈ പദ്ധതിയുടെ പാരിസ്ഥിതിക അനുമതിക്കായി സമീപിച്ചപ്പോൾ ,ഒരു തരത്തിലും ഇത്തരം വൻ നിർമ്മാണങ്ങൾ നടത്താൻ പാടില്ലാത്ത പ്രദേശമാണിതെന്ന് വ്യക്തമാക്കി അനുമതി നിഷേധിച്ചിരുന്നു. പക്ഷെ, തടസ്സങ്ങളെല്ലാം പെട്ടെന്ന് മാറുന്നതാണ് പിന്നീട് നാം കണ്ടത്. അദാനിയുമായി ഉമ്മൻ ചാണ്ടി സർക്കാർ നടത്തിയത് 6000 കോടി രൂപയുടെ, കേരളം കണ്ട ഏറ്റവും വലിയ അഴിമതി കരാറാണെന്ന് പ്രതിപക്ഷത്തിരുന്ന് പിണറായി വിജയൻ അന്ന് പറഞ്ഞു. അദാനി, ഉമ്മൻചാണ്ടി പരസ്പര സഹായ പദ്ധതിയെന്ന് അതിനെ നാമകരണം ചെയ്യണമെന്നും സംസ്ഥാനത്തിന് ഒരു കാലത്തും ഒരു രൂപപോലും ലാഭമുണ്ടാവില്ലെന്നും നിയമസഭയിൽ വീണാ ജോർജ്ജ് രേഖകൾ നിരത്തി പ്രസംഗിച്ചതിന്റെ ദൃശ്യങ്ങൾ ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്.

> **കടൽ കയറ്റത്തിന്റെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കാൻ ശാസ്ത്രീയമായ അറിവുകൾ തേടണം. തീരദേശത്തെ ആവാസ വ്യവസ്ഥയെ തകർത്തുകളയുന്ന എല്ലാ വൻകിട നിർമ്മാണങ്ങളും നിർത്തി വച്ചുകൊണ്ട്, മനുഷ്യപക്ഷത്തു നിന്നുള്ള പരിഹാര മാർഗ്ഗങ്ങളിലേക്ക് ഇനിയെങ്കിലും സർക്കാൻ കടക്കണം. വാഗ്ദാനങ്ങളിലും പ്രഖ്യാപനങ്ങളിലും പെട്ടുപോകാതെയുള്ള മത്സ്യത്തൊഴിലാളികളുടെയും പൊതുസമൂഹത്തിന്റെയും ജാഗ്രതയോടെയുള്ള ജനകീയ മുന്നേറ്റം വളർത്തിയെടുത്തുകൊണ്ടുമാത്രമേ ഇതെല്ലാം ഉറപ്പാക്കാനാവൂ.**

7500 കോടിയിലധികം വരുന്ന പദ്ധതിയുടെ പകുതിയിലേറെ തുക അദാനിക്ക് സംസ്ഥാനം സംഭാവനയായി നൽകി. കൂടാതെ 250 ഏക്കറിലധികം ഭൂമി ജനങ്ങളിൽനിന്ന് ഏറ്റെടുത്ത് ദാനവും ചെയ്തിട്ടുണ്ട്. തുറമുഖ നിർമ്മാണ ഉദ്ഘാടനത്തിന് തിരുവനന്തപുരത്തെത്തിയ അദാനി വി.എസ്. അച്ചുതാനന്ദനെ പ്രതിപക്ഷ നേതാവിന്റെ വസതിയിൽ പോയി കണ്ടു.

2016ൽ അധികാരത്തിൽ കയറിയ പിണറായി വിജയൻ സർക്കാർ അതിവേഗം നിലപാട് മാറ്റുന്നതാണ് നമ്മൾ കണ്ടത്. അദാനിമാർ ഏകെജി സെന്ററിൽ വന്നും പോയും നിന്നു. പിന്നാലെ കേരളത്തിന്റെ സ്വപ്നപദ്ധതി ഉടനടി പൂർത്തിയാക്കാനുള്ള എല്ലാ നടപടികൾക്കും സർക്കാരിന്റെ പൂർണ്ണ സഹകരണ പ്രഖ്യാപനവും വന്നു. തുറമുഖത്തിന്റെ പണി പൂർത്തിയായി പതിനഞ്ച് വർഷം കഴിയുമ്പോൾ കമ്പനി ലാഭത്തിലാണ് പോവുന്നതെങ്കിൽ വരുമാനത്തിന്റെ ഒരു ശതമാനം സംസ്ഥാന സർക്കാരിന് നൽകുമെന്ന് അദാനി ഉറപ്പും കൊടുത്തു.

വിഴിഞ്ഞം കരാറിൽ സിഎജി ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളും അതിനു പിന്നിൽ നടന്ന ഗൂഢാലോചനകളും പുറത്തു കൊണ്ടുവരണമെന്നും ജുഡീഷ്യൽ അന്വേഷണം പൂർത്തിയാവുംവരെ നിർമ്മാണം നിർത്തിവയ്ക്കണമെന്നുമാണ് വിഎസ് അച്ചുതാനന്ദൻ ആവശ്യപ്പെട്ടിരുന്നത്. അഴിമതി ആരോപണവും വിവാദവും ഉയർന്നുവരുന്നു എന്നതുകൊണ്ടുമാത്രം ഇതുപോലൊരു പദ്ധതി ഉപേക്ഷിച്ചുകളയും എന്ന് ആരും കരുതേണ്ടതില്ല എന്ന് എതിർ ശബ്ദങ്ങൾക്ക് കടുത്ത ഭാഷയിൽ മറുപടി പറഞ്ഞത് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയായിരുന്നു. വിഴിഞ്ഞം തീരത്തുനിന്നും കുടിയൊഴിപ്പിച്ച് വിട്ടവർക്ക് പ്രഖ്യാപിച്ച വാഗ്ദാനങ്ങളും തൊഴിലും ഇനിയും എങ്ങുമെത്തിയിട്ടില്ല. ജീവിതം തകർക്കപ്പെട്ടജനങ്ങളുടെരോഷവും പ്രതിഷേധവും വളർന്നുവരാതെ തണുപ്പിച്ചുകളയുന്ന മധ്യസ്ഥശ്രമങ്ങൾ മുറപോലെ നടക്കുകയും ചെയ്യുന്നു. തീരദേശത്ത് പാലിക്കേണ്ട നിയന്ത്രണങ്ങളൊന്നുംതന്നെ അദാനിക്ക് ബാധകമല്ല.

കേരളത്തിന്റെ തീരമേഖലയിലെ ഏറ്റവും ജൈവസമ്പന്നമായ തീരക്കടലാണ് വിഴിഞ്ഞം. തുറമുഖ നിർമാണവും കടൽ നികത്തലും ആ ജൈവവ്യവസ്ഥയെ തകർത്തുകളഞ്ഞു. വാണിജ്യ തുറുഖത്തിന്റെ നിർമ്മാണം മുന്നേറുന്നതിനനുസരിച്ച് വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖം മത്സ്യത്തൊഴിലാളികൾക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുമെന്നതിന്റെ വ്യക്തമായ സൂചനകൾ കണ്ടുതുടങ്ങി. വർഷകാലമാകുമ്പോൾ അയൽപ്രദേശങ്ങളിലെവള്ളങ്ങൾ ലോറികളിലും മറ്റും കൊണ്ടുവന്ന് കടലിൽ പോവുകയും വരികയും ചെയ്യുന്ന സുരക്ഷിത ഇടമായിരുന്നു വിഴിഞ്ഞം. പക്ഷെ, വാണിജ്യ തുറമുഖത്തിന്റെ നിർമ്മിതികളും കടൽ നികത്തലും പുലിമുട്ടുകളും തിരമാലകളുടെയും ഒഴുക്കിന്റെയും ഗതിയാകെ മാറ്റിക്കഴിഞ്ഞു. വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചപ്പോൾ മുതൽ പദ്ധതിയോട് ചേർന്ന കിടക്കുന്ന വഴിഞ്ഞം ഹാർബറിൽ കടലിലേക്കുള്ള പ്രവേശന കവാടത്തിൽ മണൽ അടിഞ്ഞുകൂടുകയാണ്. മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപെടുന്നതും മത്സ്യത്തൊഴലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്നതും പതിവാകുന്നു. വാണിജ്യതുറമുഖം നിർമ്മിച്ചാൽ വിഴിഞ്ഞം ഫിഷിങ് തുറമുഖത്തിന്റെ പ്രവേശനകവാടം പ്രക്ഷുബ്ധമാകുകയും അപകടസാധ്യതയുണ്ടാകുകയും ചെയ്യുമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതി 2011ൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വാണിജ്യ തുറമുഖം നിർദ്ദിഷ്ടപ്രദേശത്തുനിന്ന് മാറ്റണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ കമ്മിറ്റിയുടെ അഭിപ്രായങ്ങളെ തൃണവൽഗണിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകുകയാണ് ഉമ്മൻചാണ്ടി സർക്കാർ ചെയ്തത്.

തുറമുഖത്തിനുവേണ്ടി വർഷങ്ങളായി കടൽ കുഴിച്ച് മണലെടുത്തുകൊണ്ടിരിക്കുന്ന കമ്പനി, അടിഞ്ഞുകൂടിയ മണലെല്ലാം സൗജന്യമായി നീക്കിക്കൊള്ളാമെന്ന വാഗ്ദാനം വച്ചപ്പോൾ സർക്കാർ ഉടനടി അംഗീകരിച്ചുകൊടുത്തു. അദാനി തീരദേശത്ത് 'ചാരിറ്റി പ്രവർത്തനവും' തുടങ്ങി.

തിരുവനന്തപുരത്തെ കടലോര മേഖലയിലെ മത്സ്യത്തൊഴിലാളികളുടെയും ജനങ്ങളുടെയും ജീവിതം തകർത്തുകളയുന്ന കാഴ്ചകളാണ് ഇന്നു കണ്ടു കൊണ്ടിരിക്കുന്നത്. എന്നു മാത്രമല്ല, ഭയാനകമായ രീതിയിൽ കരയാകെ കടലെടുത്തുകൊണ്ടിരിക്കുന്നു. വിഴിഞ്ഞത്തിന് വടക്കോട്ടുള്ള തീരങ്ങളിൽ മണൽ അടിയുന്നില്ല. പൂന്തുറ, ബീമാപള്ളി, വലിയതുറ, ശംഖുംമുഖം, വെട്ടുകാട് പ്രദേശങ്ങളിലെ നൂറുകണക്കിന് വീടുകൾ തകർന്നുകഴിഞ്ഞു. വള്ളമിറക്കാൻ തീരമില്ലാതായി. നിരന്തരമായ കടൽ കയറ്റംവഴി വീട് നഷ്ടപ്പെട്ടവർ സ്വന്തം നാട്ടിൽ അഭയാർത്ഥികളായി തുടരുന്നു. അവിടെ കടലിനെ ചെറുത്ത് നിർത്താൻ ഊരാളുങ്കൽ കമ്പനിയെ കോടികൾകൊടുത്തു നിറുത്തിയിരിക്കുന്നു.

മുതലപ്പൊഴി ഹാർബറും തമിഴ്നാടിന്റെ അതിർത്തി ഗ്രാമങ്ങളിലെ പുലിമുട്ടുകളും ഈ വിഷയത്തിൽ ചെറുതല്ലാത്ത സംഭാവനകളാണ് നൽകുന്നത്. മുതലപ്പൊഴിയിലെ ഫിഷിങ് ഹാർബറിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരവുമായെത്തിയ അദാനി കമ്പനി ഇപ്പോൾ അവിടവും കൈയ്യടക്കുകയാണ്. വിഴിഞ്ഞത്തേയ്ക്കുള്ള പാറകൾ സംഭരിക്കാനുള്ള ഇടത്താവളം അവിടെ ഒരുക്കിക്കഴിഞ്ഞു. വിഴിഞ്ഞത്തെന്നതുപോലെ പ്രദേശവാസികളെ അതിരുകെട്ടി ആട്ടിപ്പായിക്കാൻ നിൽക്കുന്ന അദാനി ഗുണ്ടകളെ ഇപ്പോൾ മുതലപ്പൊഴിയിലും കാണാം. കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക് എന്ന് ഉറക്കെ ആവർത്തിക്കുന്ന ഭരണാധികാരികൾ, മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്ന വൻകിട നിർമ്മാണങ്ങൾക്ക് ഒപ്പമാണെന്നും തങ്ങളോടൊപ്പമല്ലെന്നും അവർ തിരിച്ചറിയുന്നു.

## ജനജീവിതം അസാധ്യമായി മാറുന്ന ചെല്ലാനം

എറണാകുളം ജില്ലയുടെ തെക്കുപടിഞ്ഞാറൻ തീരപ്രദേശഗ്രാമമാണ് ചെല്ലാനം പഞ്ചായത്ത്. കൊച്ചി തുറമുഖവുമായി ബന്ധപ്പെട്ട് തീരപ്രദേശത്ത് വേണ്ടത്ര പാരിസ്ഥിതിക ആഘാത പഠനങ്ങൾ കൂടാതെ നടപ്പാക്കിയ വൻകിടപദ്ധതികളും നിർമ്മാണപ്രവർത്തനങ്ങളുംകൊണ്ടും അഴിമുഖത്തിന്റെ ആഴംകൂട്ടിയതുമൂലവും കടലിലേയ്ക്കുള്ള ജലപ്രവാഹത്തിന്റെ സ്വാഭാവിക ഗതിമാറി. ഇതുമൂലം ചെല്ലാനത്തിന്റെ തീരത്ത് കടലാക്രമണത്തിന്റെ ശക്തിവർദ്ധിച്ചു. പ്രദേശത്ത് ജനജീവിതം അസാധ്യമായി മാറുന്ന അവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്.

42 വർഷംമുമ്പ് നിർമ്മിക്കപ്പെട്ട കടൽഭിത്തി മിക്കവാറും പ്രദേശങ്ങളിൽ തകർന്നുകഴിഞ്ഞു. കാലാകാലങ്ങളിൽ കടൽഭിത്തി ബല

(ശേഷം 11–ാം പേജിൽ)

(10-ാം പേജിൽ നിന്ന്)

പ്പെടുത്തുന്നതിന് തയ്യാറാകാതിരുന്നതിനാൽ അത് പൂർണ്ണമായും ദുർബലമായി മാറി. 30വർഷത്തിനശേഷം 50സെന്റിമീറ്റർ കടൽഭിത്തിയുടെ പൊക്കം വർദ്ധിപ്പിച്ച നടപടിയാകട്ടെ യാതൊരു പ്രയോജനവും ചെയ്തുമില്ല. ശാസ്ത്രീയമായി കടൽഭിത്തി പുനർനിർമ്മിച്ചും നിശ്ചിത അകലത്തിൽ കടലിലേയ്ക്ക് പുലിമുട്ടുകൾ നിർമ്മിച്ചും പശ്ചിമകൊച്ചിയുടെ തീരപ്രദേശത്ത് ഐഎൻഎസ് ദ്രോണാചാര്യയെ സംരക്ഷിക്കുന്നത് മാതൃകയാക്കി ചെല്ലാനത്തെയും സംരക്ഷിക്കണമെന്ന് പരിസ്ഥിതി പ്രവർത്തകരും ജനങ്ങളും ഒന്നടങ്കം ആവശ്യപ്പെടുന്നുണ്ട്. ജിയോ ട്യൂബുൾ നിർമ്മിച്ച് കടലാക്രമണം തടയുമെന്ന് പ്രഖ്യാപനം വന്നുവെങ്കിലും, ഒന്നര ദിവസംകൊണ്ട് ഒന്നുവീതം നിറയ്ക്കാനാകുമെന്ന് പറഞ്ഞെങ്കിലും വർഷം പലതുകഴിഞ്ഞിട്ടും ഒന്നുപോലും ഫലപ്രദമായി നിറയ്ക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടില്ല.

കടലാക്രമണം രൂക്ഷമാകുന്ന സമയത്ത് ചില ആശ്വാസപ്രഖ്യാപനങ്ങളും താത്ക്കാലിക അഭയാർത്ഥിക്യാമ്പുകളിലേയ്ക്കുള്ള ആട്ടിത്തെളിക്കലും തുടരുകയാണ്. ശക്തമായ കടലാക്രമണവും തീരശോഷണവും തടയാൻ ഫലപ്രദമായ നടപടികൾ അധികാരികളുടെ ഭാഗത്തുനിന്ന് സ്വീകരിക്കപ്പെടുന്നില്ലെന്നുമാത്രമല്ല, തീരസംരക്ഷണം പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങുകയാണ്. ജനങ്ങൾ സഹികെട്ട് പ്രതിഷേധങ്ങൾ തുടർച്ചയായി ഉയർത്തിക്കൊണ്ടിരിക്കുന്നു. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ തെരഞ്ഞെടുപ്പിൽ നിരാകരിക്കുന്ന അവസ്ഥവരെ അത് എത്തിയിരിക്കുന്നു.

പാരിസ്ഥിതികമായും സാമൂഹികമായും കടൽകയറ്റം സൃഷ്ടിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുമാണ്. കടലുകയറി തുടങ്ങിയതോടെ ഉൾനാടൻ ജലാശയങ്ങളിലെ ഉപ്പിന്റെ അംശം കൂടി. കായൽനിലങ്ങളിലെ ശുദ്ധജല മത്സ്യസമ്പത്ത് തന്മൂലം നശിക്കുന്നു. തീരക്കടലിലെ മത്സ്യസമ്പത്തിന്റെ ദൗർലഭ്യം ജീവിതത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന, മത്സ്യത്തൊഴിലാളികളുടെ പ്രതീക്ഷയായിരുന്ന ഉൾനാടൻ മത്സ്യബന്ധനസാധ്യതകളും ഫലത്തിൽ ഇല്ലാതാകുകയാണ്.

പഞ്ചായത്തിൽ വ്യാപകമായുള്ള പൊക്കാളിപ്പാടങ്ങൾ ഒരുനെല്ല് ഒരു മീൻ പദ്ധതിപ്രകാരം, ഇടവിട്ട സീസണുകളിൽ മത്സ്യകൃഷിയും പൊക്കാളി നെൽകൃഷിയും നടന്നുവരുന്നപ്രദേശങ്ങളായിരുന്നു. ലോക പൈതൃകവിളകളുടെ പട്ടികയിൽപെടുന്ന സവിശേഷ നെല്ലിനമായ പൊക്കാളികൃഷി അസാധ്യമാകുകയാണ്. പൊക്കാളിപ്പാടങ്ങൾ വൻ ചെമ്മീൻകെട്ട് മാഫിയയുടെ കൈപ്പിടിയിലാകുകയെന്നതാണ് ഇതിന്റെ അനന്തരഫലം. ഉപ്പുവെള്ളംകയറിയ കായൽനിലങ്ങളുടെ പരിസരത്തുള്ള വീടുകളുടെ ഭിത്തികൾക്ക് കേടുപാടുണ്ടാകുന്ന പ്രതിഭാസം ജനജീവിതത്തെ നരകതുല്യമാക്കുന്നു. കായലും കടലും തമ്മിലുള്ള നേരിയ അതിർവരമ്പായ ഈ കരയെ ഫലപ്രദമായി സംരക്ഷിക്കാൻ സാധിച്ചില്ലെങ്കിൽ മധ്യകേരളത്തിലേയ്ക്ക് കടൽ കയറുകയും വൻപരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതുറക്കുകയുമെന്നതാവും ഫലം.

തീരപ്രദേശത്തെ ജനങ്ങളെ ഒഴിപ്പിച്ച് ബീച്ച് ടൂറിസത്തിൽ നിക്ഷേപം നടത്താൻ തയ്യാറെടുത്തിരിക്കുന്ന വൻകിട മുതലാളിമാരുടെ താൽപ്പര്യങ്ങളാണ് തീരദേശത്തെ സംരക്ഷിക്കുന്നതിൽനിന്ന് സർക്കാരിനെ പിന്നോട്ടുവലിക്കുന്നതെന്ന ആക്ഷേപം ശക്തമാണ്. തീരത്തുനിന്ന് ആളെ ഒഴിപ്പിച്ച് ഫ്ളാറ്റുകളിലേയ്ക്കും കോളണികളിലേയ്ക്കും മാറ്റാനുള്ള നീക്കങ്ങളും ശക്തിപ്പെട്ടിരിക്കുന്നു. സ്വന്തം ആവാസവ്യവസ്ഥയെയും ഉപജീവനത്തെയും ഇട്ടെറിഞ്ഞ് മത്സ്യത്തൊഴിലാളികൾക്ക് അതിജീവനം അസാധ്യമാണെന്നതും നാം തിരിച്ചറിയണം.

കേരളത്തിന്റെ തീരപ്രദേശം സുരക്ഷിതമല്ലാതായി തീർന്നിരിക്കുന്നു എന്നു മാത്രമാണ് മുഖ്യമന്ത്രി പറഞ്ഞത്. എല്ലാത്തിനും കാരണം പ്രകൃതി പ്രതിഭാസങ്ങളാണെന്ന്! വിഴിഞ്ഞം തുറമുഖ നിർമ്മാണവേഗതയ്ക്ക് തടസ്സവും ഇതേ കാരണമാണ് അദാനി കമ്പനി പറഞ്ഞത്. പശ്ചിമഘട്ട മലനിരകളെ ഇടിച്ചു നിരത്താൻ ക്വാറി മാഫിയകൾക്ക് നിലവിലുള്ള നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവിറക്കിയിട്ടാണ് സർക്കാർ ഇതു പറയുന്നത്.

കടൽ കയറ്റത്തിന്റെ അടിസ്ഥാന കാരണങ്ങളെ പരിശോധിക്കാൻ ശാസ്ത്രീയമായ അറിവുകൾ തേടണം. തീരദേശത്തെ ആവാസ വ്യവസ്ഥയെ തകർത്തുകളയുന്ന എല്ലാ വൻകിട നിർമ്മാണങ്ങളും നിറുത്തി വച്ചുകൊണ്ട്, മനുഷ്യപക്ഷത്തു നിന്നുകൊണ്ടുള്ള പരിഹാര മാർഗ്ഗങ്ങളിലേക്ക് ഇനിയെങ്കിലും സർക്കാർ കടക്കണം. വാഗ്ദാനങ്ങളിലും പ്രഖ്യാപനങ്ങളിലും പെട്ടുപോകാതെയുള്ള മത്സ്യത്തൊഴിലാളികളുടെയും പൊതുസമൂഹത്തിന്റെയും ജാഗ്രതയോടെയുള്ള ജനകീയ മുന്നേറ്റം വളർത്തിയെടുത്തു കൊണ്ടുമാത്രമേ ഇതെല്ലാം ഉറപ്പാക്കാനാവൂ എന്ന വലിയപാഠം നാം ഉൾക്കൊള്ളണം.

### അപ്രത്യക്ഷമാകുന്ന ആലപ്പാട് പഞ്ചായത്ത്

കൊല്ലം ജില്ലയിലെ തീരദേശ മേഖല നേരിടുന്ന പ്രശ്നങ്ങളും മനുഷ്യനിർമ്മിതമാണ്. ആലപ്പാട്ടെ കരിമണൽ ഖനനം ഭരണാധികാരികൾ തീരസംരക്ഷണത്തെയും തീരദേശ ജനതയെയും എങ്ങനെയാണ് കാണുന്നത് എന്നതിന്റെ ഉദാഹരണമാണ്. ബ്രിട്ടീഷ് വാഴ്ചക്കാലംമുതൽ തുടരുന്ന ചവറ, കരുനാഗപ്പള്ളി പ്രദേശങ്ങളിലെ കരിമണൽ ഖനനം വലിയൊരു പ്രദേശത്തെ തീരശോഷണത്തിനും മത്സ്യത്തൊഴിലാളികൾ ഉൾ

(ശേഷം 15-ാം പേജിൽ)

# കോവിഡ് ദുരന്തത്തിന് മോദി സർക്കാരിനെ പ്രതിക്കൂട്ടിലാക്കി അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ

### ദ ഗാർഡിയൻ, 23-04-2021

മാർച്ച് മാസത്തിന്റെ തുടക്കത്തിൽ, കോവിഡ്-19 ഉമായുള്ള കലാശപ്പോരാട്ടത്തിലാണ് തങ്ങളുടെ രാജ്യമെന്നാണ് നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള ഹിന്ദു ദേശീയവാദ സർക്കാർ അവകാശപ്പെട്ടത്. ഇന്ത്യ ഇന്നൊരു ജീവിക്കുന്ന നരകമായിരിക്കുന്നു. ബി.1.617 എന്നു പേരിട്ടിരിക്കുന്ന, ഇരട്ട ജനിതകവ്യതിയാനം വന്ന ഒരു പുതിയ വകഭേദം, കൊറോണ വൈറസിന്റെ ഭീകരമായ രണ്ടാം തരംഗത്തിൽ ഉദയം ചെയ്തിരിക്കുകയാണ്. ഇതിലൂടെ ആശുപത്രികളിലെ കിടക്കകളും ഓക്സിജനും തീർന്നുകൊണ്ടിരിക്കുകയാണ്. ശവശരീരങ്ങൾ വീടുകളിൽ തന്നെ കിടന്നു ജീർണ്ണിക്കാൻ വിടേണ്ട തരത്തിൽ മോർച്ചറികൾ നിറയുന്നു. മൃതദേഹങ്ങൾ തെരുവിൽ അനാഥമായി ഉപേക്ഷിക്കപ്പെടുന്ന അപകടമുണ്ടാകാമെന്ന് സന്നദ്ധപ്രവർത്തകർ മുന്നറിയിപ്പു തരുന്നു. എന്നിട്ടും കഷ്ടിച്ച് ആറാഴ്ച്ചകൾക്കു മുമ്പ്, അതും രാജ്യത്തെ ജനസംഖ്യയിൽ 1% പേർക്കു പോലും പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്നതിനു മുന്നേതന്നെ, തന്റെ രാജ്യം ലോകത്തിന്റെ മരുന്നുകടയാണെന്നും, മഹാമാരിക്ക് മുമ്പുള്ള ജീവിതം പുനരാരംഭിക്കാമെന്നും മോദി പ്രഖ്യാപിച്ചിരുന്നു. ആയിരങ്ങൾ ക്രിക്കറ്റ് സ്റ്റേഡിയങ്ങളിൽ നിറഞ്ഞപ്പോഴും, ലക്ഷക്കണക്കിന് ഹിന്ദുക്കൾ കുംഭമേളയിൽ ഗംഗയിൽ മുങ്ങിയപ്പോഴും അതിവേഗത്തിൽ രോഗം പകർന്നു പിടിച്ചു. മഹാമാരി പടർന്ന് പിടിക്കുമ്പോഴും തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിപ്പിക്കാൻ ഡൊണാൾഡ് ട്രംപിനെപോലെതന്നെ മോദിയും തയ്യാറായില്ല. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകളുമായി ഇന്ത്യ മുന്നോട്ടുപോയി. മാസ്ക് ധരിക്കാതെ തന്നെ മോദി വമ്പൻ റാലികൾ നടത്തി. തന്റെ തന്നെ സഹജവാസനകളിലുള്ള അമിതവിശ്വാസവും വിദഗ്ധാഭിപ്രായങ്ങളോടുള്ള പുച്ഛവും, ഇന്ത്യൻ പ്രധാനമന്ത്രി അനുഭവിക്കുന്ന രണ്ടു പ്രശ്നങ്ങളാണ്. ആദ്യതരംഗത്തിൽ കോവിഡ് നഗരങ്ങളെയാണ് ബാധിച്ചിരുന്നതെങ്കിൽ, ഇത്തവണ രാജ്യത്തിന്റെ ഭൂരിഭാഗവും വസിക്കുന്ന ഗ്രാമപ്രദേശങ്ങളിലേക്കാണ് അത് കടന്നുചെല്ലുന്നത്. കോവിഡ് അതിരൂക്ഷമായി ബാധിച്ച മറ്റ് അനവധി രാജ്യങ്ങളുടേതുപോലെ തന്നെ, ഇന്ത്യയിലും മരണസംഖ്യ വളരെയധികം ഒഴിവാക്കാമായിരുന്നു. ധാർഷ്ട്യം നിറഞ്ഞതും കഴിവുകെട്ടതുമായ ഒരു സർക്കാരിന്റെ ഫലമാണിത്... ജൈവപരവും സാമൂഹികവുമായ രോഗസംക്രമണം പിടിച്ചുകെട്ടുന്നതിനും, ഭയാശങ്കകൾ ദൂരീകരിച്ച്, മാസ്ക് ധരിക്കുവാനും സാമൂഹിക അകലത്തിന്റെ നിയമങ്ങൾ പാലിക്കുവാനും ജനങ്ങളെ പ്രാപ്തരാക്കുന്നതിന് വിശ്വാസയോഗ്യമായ നിരന്തരസമാശ്വാസം ആവശ്യമുണ്ട്. താനുണ്ടാക്കുന്ന ദുരിതം മറികടക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കുമേൽ കെട്ടിവെക്കുകയാണ് മോദി. അതിന്റെ പഴി ഒരിക്കലും അദ്ദേഹത്തിൽ എത്തുന്നില്ല. തന്റെ അസാധാരണമായ വീക്ഷണങ്ങളിലൂടെ വിനാശകരമായ പൊതുജനാരോഗ്യസ്ഥിതിയിലേയ്ക്ക് നയിക്കുന്നത് അദ്ദേഹം തുടരുകയാണെങ്കിൽ, വളരെ രൂക്ഷമായി തന്നെയാകും ഭാവിയിലെ ചരിത്രകാരന്മാർ മോദിയെ വിലയിരുത്തുക.

### സിഎൻഎൻ, 26-04-2021

രാജ്യം രോഗത്തിന്റെ സുനാമിയെ അഭിമുഖീകരിക്കുകയാണെന്ന മുന്നറിയിപ്പുതന്ന വിദഗ്ധർക്കും ശാസ്ത്രജ്ഞർക്കുംമേൽ പുച്ഛം ചൊരിയുകയായിരുന്നു പോയ ജനുവരിയിൽ നരേന്ദ്ര മോദി. പരാജയപ്പെട്ട നേതാക്കളിൽ ഏറ്റവും പുതിയ പേരുമാത്രമാണ് മോദിയുടേത്. യുഎസിന്റെ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിഷേധസമീപനം പതിനായിരക്കണക്കിന് ജീവനുകളാണ് നഷ്ടമാക്കിയത്. ബ്രസീൽ പ്രസിഡന്റ് ബൊൾസൊണാരോ, തന്റെ തലതിരിഞ്ഞ പ്രതിവിധികൾക്കായി കോവിഡ്-19ന് എതിരായ നടപടികൾ തള്ളിക്കളഞ്ഞപ്പോൾ വലിയൊരു ദുരന്തത്തിനാണ് ഇന്ധനം പകർന്നത്. യുകെ പ്രധാനമന്ത്രി ബോറിസ് ജോൺസണാകട്ടെ, മഹാമാരിയുടെ തുടക്കത്തിൽ അതിന്റെ ഭീഷണിയെ കണ്ടില്ലെന്നു വെച്ചതിന് വ്യക്തിപരമായും രാഷ്ട്രീയമായും വലിയ വില കൊടുക്കേണ്ടിവന്നു. പക്ഷേ അതിനുശേഷം അദ്ദേഹം ശ്രദ്ധാലുവായി. പക്ഷേ, സത്യം അട്ടിമറിക്കുന്ന, ബദൽ യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന, വിദഗ്ധരെയും ശാസ്ത്രജ്ഞരെയും അകറ്റിനിർത്തുന്ന, പൊതുജനത്തെ സുരക്ഷിതരാക്കാൻ വേണ്ട നടപടികളെടുക്കാൻ വിസ്സമ്മതിക്കുന്ന നേതാക്കളെ ഈ മഹാമാരി തുറന്നുകാട്ടുമെന്നത് ഉറപ്പാണ്. അവരുടെ വീഴ്ചകൾ തുറന്നുകാട്ടപ്പെട്ടു എന്നത്, ട്രംപിൽനിന്നും പ്രചോദനം ഉൾക്കൊണ്ട, സത്യം വളച്ചൊടിക്കുന്ന ഇത്തരം പോപ്പുലിസ്റ്റ് നേതാക്കളെ പിന്നോട്ടു വലിക്കില്ല. (ട്രംപ് തന്നെ ഇപ്പോഴും തിരിച്ചുവരവിനായി വീർപ്പുമുട്ടുകയാണ്). മഹാമാരി അവശേഷിപ്പിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ അവശിഷ്ടങ്ങളിലാകും പോപ്പുലിസം വളക്കൂറുള്ള മണ്ണ് കണ്ടെത്തുക. പക്ഷേ, തങ്ങളുടെ രാഷ്ട്രീയ പ്രതിബിംബങ്ങൾക്ക്, പൊതുജനാരോഗ്യത്തേക്കാൾ ഇത്തരം നേതാക്കൾ പ്രധാന്യം കൊടുക്കുമ്പോൾ, ദശലക്ഷക്കണക്കിന് ജനങ്ങളാണ് ദുരിതമനുഭവിക്കുക.

### ബിബിസി, 29-04-2021

ശാസ്ത്രീയ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തതിലും ഉത്തരേന്ത്യയിലെ വമ്പൻ ഹൈന്ദവ ഉത്സവത്തെ മുന്നോട്ടു പോകാൻ അനുവദിച്ചതിലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പ്രതിസ്ഥാനത്താണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ വൈസ് പ്രസിഡന്റ് ഡോ.നവ്ജോത് ദഹിയ, എല്ലാ കോവിഡ് മാനദണ്ഡങ്ങളും കാറ്റിൽ പറത്തിയ തീവ്രവ്യാപനത്തിന് കാരണക്കാരൻ എന്നാണ് മോദിയെ വിശേഷിപ്പിച്ചത്. ബിബിസിയുടെ യോഗിത ലിമായെ പറയുന്നത്, എന്തുകൊണ്ടാണ് സൈന്യത്തിന്റെയും ദുരന്തനിവാരണ സേനയുടേയും വിഭാഗങ്ങളെ കൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഫീൽഡ് ആശുപത്രികൾ ഉണ്ടാക്കിച്ചില്ല എന്ന് നിരവധി ആളുകൾ ചോദിക്കുന്നു എന്നാണ്. ജനങ്ങൾ അവരുടെ കാര്യം സ്വയം നോക്കിക്കോണം എന്ന മട്ടിൽ ഒരു കയ്യൊഴിയലിന്റെ അന്തരീക്ഷമാണ് രാജ്യത്തുള്ളതെന്നാണ് ഞങ്ങളുടെ ലേഖകൻ റിപ്പോർട്ട് ചെയ്യുന്നത്.

### നേച്ചർ, 06-05-2021

കഴിഞ്ഞയാഴ്ച്ച, കോവിഡ്-19 മൂലമുള്ള മരണം ബ്രസീലിൽ നാലു ലക്ഷം കടന്നു. ഇന്ത്യയിലാകട്ടെ മഹാമാരി പ്രതിദിനം 3500ൽ അധികം ജീവനുകളെടുക്കുന്നു. ഇത്, ഓക്സിജൻ, വെന്റിലേറ്റർ, ഇന്റൻസീവ് കെയർ കിടക്കകൾ അങ്ങനെയെല്ലാം വാഗ്ദാനം ചെയ്തുകൊണ്ടുള്ള ആഗോള പ്രതികരണം സൃഷ്ടിച്ചിട്ടുണ്ട്. ഈ രണ്ട് രാജ്യങ്ങളും ആയിരക്കണക്കിന് മൈലുകൾ ദൂരത്തിലാണെങ്കിലും, രണ്ടു രാജ്യത്തെയും പ്രതിസന്ധി അവിടങ്ങളിലെ രാഷ്ട്രീയ പരാജയം മൂലമാണ്. ഗവേഷകരുടെ ഉപദേശത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ അവിടത്തെ നേതാക്കൾ ഒന്നുകിൽ പരാജയപ്പെട്ടു, അല്ലെങ്കിൽ അമാന്തിച്ചു. പൊറുക്കാനാകാത്ത ജീവനാശത്തിലേക്കാണ് ഇത് നയിച്ചത്. ഇന്ത്യയുടെ നേതാക്കൾ ആവശ്യമായിരുന്ന സ്ഥിരതയോടെ പ്രവർത്തിച്ചില്ല. ഉദാഹരണത്തിന് അവർ ആൾക്കൂട്ടങ്ങളെ അനുവദിച്ചു, ചില അവസരങ്ങളിൽ പ്രോത്സാഹിപ്പിച്ചു. ഇത്തരമൊരു സാഹചര്യം പുതിയതല്ല. യുഎസ് മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണത്തിനുകീഴിൽ, കോവിഡ്-19 നെ നേരിടാൻ സാമൂഹിക അകലം പാലിക്കണമെന്നതിന്റെ ആവശ്യകത അവഗണിച്ചതിന്റെ ദുരന്തഫലം നമ്മൾ കണ്ടതാണ്. ■

# പലസ്തീനെതിരേ സിയോണിസ്റ്റ് ഇസ്രായേൽ നടത്തുന്ന കടന്നാക്രമണം അവസാനിപ്പിക്കുക

**മെഡിറ്ററേനിയൻ കടലിന്റെ കിഴക്കുഭാഗത്ത് രണ്ട് ദശലക്ഷം പലസ്തീനിയൻ അറബുകൾ തിങ്ങിപ്പാർക്കുന്ന ഇടുങ്ങിയ തീരപ്രദേശമാണ് ഗാസ. ഇസ്രയേലിലെ സിയോണിസ്റ്റ് ഭരണകൂടം ഗാസയിൽ വീണ്ടും പ്രകോപനപരമായ നീക്കങ്ങൾ നടത്തുകയും, തുടർന്ന് മേയ് 10ന് നടന്ന സായുധാക്രമണത്തോടെ മേഖലയിൽ വീണ്ടും ചോരപ്പുഴയൊഴുക്കുകയും ചെയ്തു. ഇസ്രയേൽ കൈയ്യടക്കി വെച്ചിരിക്കുന്ന മൂന്ന് ഭൂപ്രദേശങ്ങളിൽ ഒന്നാണ് ഗാസ. ജോർദ്ദാൻ അതിർത്തിയിലുള്ള വെസ്റ്റ് ബാങ്കും സിറിയൻ അതിർത്തിയിലുള്ള ഗോലാൻ കുന്നുകളുമാണ് മറ്റ് രണ്ടെണ്ണം. മദ്ധ്യപൂർവ്വേഷ്യയിലെ ഏറ്റവും അപകടകാരിയായ ശക്തിയുടെ പിടിയിൽനിന്നും സ്വയം മോചിപ്പിക്കുവാനും, തങ്ങളുടെ മാതൃഭൂമിയുടെ ഒരു ഭാഗം തിരിച്ചുപിടിക്കുവാനുമുള്ള പോരാട്ടം തുടരുന്ന പലസ്തീനിയൻ ജനതയ്ക്കുമേൽ, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടുകൂടി ഇസ്രയേൽ ഭരണകൂടം നടത്തുന്ന സൈനിക കടന്നുകയറ്റങ്ങൾ പലപ്പോഴും സായുധസംഘർഷങ്ങളുടെ തലത്തിലേക്ക് വളരാറുണ്ട്.**



ഏരിതീയിൽ എണ്ണയൊഴിച്ചുകൊണ്ട്, 2017 ഡിസംബർ 6ന് അന്നത്തെ യുഎസ് പ്രസിഡന്റായിരുന്ന ഡൊണാൾഡ് ട്രംപ്, ഇസ്രയേൽ തലസ്ഥാനമായ ടെൽ അവീവിൽനിന്നും യുഎസ് എംബസി ജറുസലേമിലേക്ക് മാറ്റുന്നതായി ഏകപക്ഷീയമായി പ്രഖ്യാപിച്ചു. ജറുസലേമായിരിക്കും ഇനി ഇസ്രയേലിന്റെ തലസ്ഥാനമെന്നും, അതിലൂടെ മുഴുവൻ ജറുസലേമും ഇസ്രയേലിന്റെ നിയന്ത്രണത്തിൽ വരുമെന്നും സ്ഥാപിക്കാനായിരുന്നു അത്. ഇസ്രയേലും, ഈജിപ്ത്, സിറിയ, ജോർദ്ദാൻ എന്നീ അറബ് രാജ്യങ്ങളും തമ്മിൽ 1967ൽ നടന്ന മിന്നൽ യുദ്ധം ഓർക്കേണ്ടതുണ്ട്. കിഴക്കൻ ജറുസലേമിന്റെയും പലസ്തീനിലെ വെസ്റ്റ് ബാങ്കിന്റെയും നിയന്ത്രണം ജോർദ്ദാനിൽനിന്നും, ഗാസാ മുനമ്പും സിനായ് ഉപദ്വീപും ഈജിപ്തിൽനിന്നും, ഗോലാൻ കുന്നുകൾ സിറിയയിൽനിന്നും ഇസ്രയേൽ കൈയ്യടക്കി. അന്നുതൊട്ട്, ജറുസലേം നഗരം മുഴുവൻ ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്. പലസ്തീൻകാരാകട്ടെ, തങ്ങളുടെ ഭാവിയിലെ പലസ്തീൻ രാജ്യത്തിന്റെ തലസ്ഥാനമായാണ് കിഴക്കൻ ജറുസലേമിനെ കാണുന്നത്. ഇന്നും, കിഴക്കൻ ജറുസലേമിന് മേലുള്ള ഇസ്രയേലിന്റെ പരമാധികാരം അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ജറുസലേം പലസ്തീനിന് അവകാശപ്പെട്ടതാകുന്നു. പക്ഷേ ട്രംപാകട്ടെ, ഇസ്രയേൽ-പലസ്തീൻ സംഘർഷത്തിലെ ഒരു പുതിയ സമീപനത്തിന്റെ തുടക്കത്തെ കുറിക്കുന്നതാണ് തന്റെ പ്രഖ്യാപനമെന്നാണ് കൊട്ടിഘോഷിച്ചത്. തങ്ങളുടെ തീട്ടൂരങ്ങൾക്കുമുന്നിൽ മുട്ടുമടക്കാൻ മടി കാണിക്കുന്ന അറബ് രാജ്യങ്ങൾക്കുമേൽ അധീശത്വത്തിനുള്ള പദ്ധതികൾക്കും ആക്രമണങ്ങൾക്കുമുള്ള ചവിട്ടുപടിയായി സിയോണിസ്റ്റ് ഇസ്രയേൽ രാജ്യത്തെ ഉപയോഗിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഈ അധീശത്വമാണ്, മേഖലയിൽ പുതിയ പ്രശ്നങ്ങൾക്കുള്ള വിത്തു വിതച്ചത്. ഇപ്പോഴത്തെ സായുധസംഘർഷങ്ങളുടെയും തുടക്കം ഈ നീക്കത്തിൽനിന്ന് തന്നെയാണ്. ഈ സംഘർഷത്തിൽ കുട്ടികളടക്കം 200ൽ അധികം പലസ്തീൻകാർ കൊല്ലപ്പെട്ടുവെന്നും, 1440 പേർക്ക് ഗുരുതരപരിക്കേറ്റുവെന്നുമാണ് ഔദ്യോഗികകണക്ക്. 11 ദിവസം നീണ്ട വ്യോമാക്രമണങ്ങൾക്കും ഗാസയിൽനിന്നുള്ള റോക്കറ്റാക്രമണങ്ങൾക്കുംശേഷം, മേയ് 20ന് ഇസ്രയേലിന്റെ മധ്യസ്ഥതയിൽ ഇസ്രയേലും, ഇസ്രയേലിന്റെ യുദ്ധഭീഷണികളോടുള്ള പലസ്തീന്റെ ചെറുത്തുനിൽപ്പിന്റെ മുന്നണിയിൽ ഇപ്പോഴുള്ള സംഘടനയായ ഹമാസും തമ്മിൽ വെടിനിർത്തലിന് ധാരണയായി. പക്ഷേ, യഥാർത്ഥത്തിലുള്ള സാഹചര്യത്തിനനുസരിച്ചാകും ഈ വെടിനിർത്തലിന്റെ ഭാവി എന്ന് രണ്ടു പക്ഷവും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. യഥാർത്ഥ പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഒട്ടും ആയുസ്സില്ലാത്ത ഒരു യുദ്ധവിരാമം മാത്രമായിരിക്കും ഇതെന്നത് വ്യക്തമാണ്.

## ഒരു തിരിഞ്ഞുനോട്ടം

ഇപ്പോഴത്തെ ഇസ്രായേൽ-പലസ്തീൻ സംഘർഷത്തിന്റെ സാഹചര്യത്തെക്കുറിച്ച് വിശദമായ വിശകലനത്തിലേക്ക് കടക്കുന്നതിനു മുമ്പായി, ഈ പ്രശ്നത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചെറുതായി പറയേണ്ടതുണ്ട്.

ജൂതർക്കെതിരെയുള്ള വംശഹത്യകളുടെ പരമ്പരകൾക്കുശേഷം, 19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത്, ജൂതസമൂഹത്തിനായി മാത്രമായൊരു രാഷ്ട്രം സ്ഥാപിക്കുവാനുള്ള മുന്നേറ്റം റഷ്യയിൽ ആരംഭിച്ച്, പിന്നീട് ബ്രിട്ടണടക്കം യൂറോപ്പിന്റെ മറ്റുഭാഗങ്ങളിലേക്ക് വ്യാപിച്ചു. അക്കാലത്ത് ജൂതരായ ആളുകൾ ലോകമെമ്പാടും ചിതറിക്കിടക്കുകയായിരുന്നു. അവർ യൂറോപ്പിന്റെ കിഴക്കൻ ഭാഗത്തായാണ് കൂടുതലും കേന്ദ്രീകരിച്ചിരുന്നത്, മറ്റു ഭാഗങ്ങളിൽ താരതമ്യേന കുറവുമായിരുന്നു. ജൂതരൊഴികെ, ലോകത്തെ എല്ലാ സമുദായങ്ങൾക്കും സ്വന്തമായി ഒരു രാഷ്ട്രമുണ്ട്, അതിനാലാണ് ലോകമെങ്ങും ജൂതരോട് വിവേചനം കാണിക്കുന്നതും അവർക്ക് ക്രൂര പരിവേഷം ചാർത്തുന്നതും എന്നതായിരുന്നു അവരുടെ ന്യായം. തങ്ങൾക്കും സ്വന്തമായി ഒരു രാഷ്ട്രമുണ്ടാവുകയാണെങ്കിൽ, അത് തങ്ങളുടെ സ്ഥാനം ഉറപ്പിക്കുമെന്നും, ലോകത്തിന്റെ ആദരം പിടിച്ചുപറ്റാൻ സഹായിക്കുമെന്നുമുള്ള ചിന്ത അവരെ സ്വാധീനിച്ചു. ഇതാണ് സിയോണിസം ഉദയം ചെയ്യാനുള്ള അരങ്ങൊരുക്കിയത്. 1896ൽ തിയഡോർ ഹെർസൽ എന്നയാളാണ് ഒരു ലോകവ്യാപക പ്രസ്ഥാനമെന്ന നിലയിൽ സിയോണിസത്തിന് തുടക്കം കുറിച്ചത്. എററ്റ്സ് ഇസ്രായേൽ അഥവാ സിയോൺ എന്ന് ജൂതർ വിളിക്കുന്ന ജറുസലേമിലേക്കും ഇസ്രായേൽദേശത്തേക്കും അവരെ തിരിച്ച് കൊണ്ടുപോവുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. അങ്ങനെ, 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കിഴക്കൻ യൂറോപ്പിൽ ജൂതർക്കെതിരേയുണ്ടായ ഹിംസാത്മകമായ വേട്ടയാടലിനും, പടിഞ്ഞാറൻ യൂറോപ്പിലെ യഹൂദവിരോധത്തോടുമുള്ള പ്രതികരണമായാണ്, ആധുനിക സിയോണിസം ഉയർന്നുവന്നത്. അതിന്റെ ഉദയത്തിന്റെ ഗതിയിൽ, നഷ്ടപ്പെട്ട മാതൃദേശത്തോടുള്ള പ്രാചീന ജൂതചരിത്രത്തിലും ബൈബിളിലുമുള്ള ബന്ധത്തെ, ഇസ്രായേൽ ദേശത്ത് ഒരു ആധുനിക ജൂതരാഷ്ട്രം സ്ഥാപിക്കുവാനുള്ള വീക്ഷണത്തോട് അതിതീവ്ര ദേശീയവാദത്തോടുകൂടി ആധുനിക സിയോണിസം ഉരുക്കിച്ചേർത്തു.

ഇത് എവിടെയാണ് സൃഷ്ടിക്കേണ്ടിയിരുന്നത്? ഇത് സൃഷ്ടിക്കേണ്ടിയിരുന്നത് പലസ്തീൻ പ്രദേശത്തിന്റെ നടുവിൽ, അവിടുത്തെ യഥാർത്ഥനിവാസികളായ പലസ്തീൻകാരെ തള്ളിപ്പുറത്താക്കിക്കൊണ്ടായിരുന്നു. അങ്ങനെയാണ്, 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മൗനാനുവാദത്തോടെയും സഹായത്തോടെയും പലസ്തീനിലേക്കുള്ള ജൂതകുടിയേറ്റത്തിന്റെ ഒഴുക്ക് ആരംഭിച്ചത്. അക്കാലത്ത് പലസ്തീൻ ബ്രിട്ടീഷ് സംരക്ഷക ഭരണത്തിലായിരുന്നു. ഈ കുടിയേറിപ്പാർപ്പിനൊപ്പം തന്നെ, അറബ് പലസ്തീൻകാരും ജൂതകുടിയേറ്റക്കാരും തമ്മിലുള്ള ഉരസലുകളും ആരംഭിച്ചു. ജർമനിയിലും നാസി ഭരണത്തിലായിരുന്ന മറ്റു രാജ്യങ്ങളിലും നടന്ന വംശഹത്യകളെ തുടർന്ന് പലസ്തീനിലേക്കുള്ള ജൂതവംശജരുടെ പലായനം പലമടങ്ങു വർധിച്ചു. ഇസ്രയേൽ രൂപീകരിക്കുവാനുള്ള ആവശ്യത്തിന് പിന്തുണയേറിവന്നു. ജൂത-അറബ് വംശജർ ഒരുമിച്ചുജീവിക്കുന്ന ഏകരാഷ്ട്രം ആഗ്രഹിച്ച് അറബ് പലസ്തീനിയൻകാർ, വിഭജനത്തെയും ഇരട്ട ദേശരാഷ്ട്രത്തെയും എതിർത്തു. രണ്ടായാലും അവരുടെ മാതൃരാജ്യം അവർക്ക് നഷ്ടമാകും. പക്ഷേ അവരുടെ ആവശ്യം സ്വീകരിക്കപ്പെട്ടില്ല. ജൂതകുടിയേറ്റക്കാർ ന്യൂനപക്ഷമായിരുന്ന, പലസ്തീനിയൻ ജനതയുടെ മണ്ണിൽ സിയോണിസ്റ്റ് രാഷ്ട്രമായി ഇസ്രയേൽ പ്രഖ്യാപിക്കപ്പെടുന്നതുകൊണ്ട് അവിടുത്തെ സാധാരണജനങ്ങളുടെ ആശയാഭിലാഷങ്ങൾ വഞ്ചിക്കപ്പെടുകയാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ, ലോകത്തെ ഭൂരിഭാഗം രാജ്യങ്ങളും എതിർത്തിട്ടും, ബ്രിട്ടീഷ്-അമേരിക്കൻ സാമ്രാജ്യത്വങ്ങളുടെ മൗനാനുവാദത്തോടെ, അങ്ങേയറ്റം നിയമവിരുദ്ധമായും അനീതിയോടെയും വഞ്ചനാപൂർവ്വം പലസ്തീനിൽനിന്നും ഇസ്രയേൽ അടർത്തിമാറ്റപ്പെട്ടു. 1948-ൽ അന്നത്തെ പലസ്തീനിലെ ജനസംഖ്യയുടെ 33% ഉണ്ടായിരുന്ന ജൂതർക്ക് പക്ഷേ ആകെ ഭൂമിയുടെ 7% മാത്രമേ സ്വന്തമായുണ്ടായിരുന്നുള്ളൂ. അന്നുതുടങ്ങി പലസ്തീനിന്റെ ചെലവിൽ ഇസ്രയേൽ തങ്ങളുടെ ഭൂവിസ്തൃതി വർധിപ്പിക്കുകയാണ്. ഇതാകട്ടെ, അമേരിക്കൻ സാമ്രാജ്യത്വ പിന്തുണയോടെ കടുത്ത ബലം പ്രയോഗിച്ചുകൊണ്ടും. ഇന്നത്, പലസ്തീൻ എന്തായിരുന്നോ അതൊക്കെ ഇസ്രയേലും, പലസ്തീൻ എന്നത് ഗാസ, വെസ്റ്റ് ബാങ്ക് എന്നീ മേഖലകളായും ചുരുങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ, ഇതാണ് ഇസ്രയേൽ രൂപീകരണത്തിന്റെ നിഷ്ഠുരമായ ചരിത്രം.

ഇനി ഹമാസിന്റെ (ഇസ്ലാമിക പ്രതിരോധ പ്രസ്ഥാനമെന്ന് അർത്ഥം) ജനനത്തെ കുറിച്ച്. കരുത്തരായ ഈജിപ്തിനെ തോൽപ്പിച്ചുകൊണ്ട് ഗാസ പ്രദേശത്തിന്റെ നിയന്ത്രണം കൈക്കലാക്കിയ ശേഷം ഇസ്രയേലി ഭരണാധികാരികൾ ആദ്യംതന്നെ ചെയ്തത്, പലസ്തീൻ അറബുകൾക്കായി ശബ്ദമുയർത്തിയിരുന്ന, യാസർ അറഫാത്ത് നേതൃത്വം നൽകിയിരുന്ന, മതേതരമായ പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനെ ഒതുക്കുക എന്നതായിരുന്നു. പലസ്തീൻ അറബുകൾ അങ്ങേയറ്റം ദുരിതവും അനിശ്ചിതാവസ്ഥയും നിറഞ്ഞ ദയനീയ ജീവിതത്തിലേക്ക് വലിച്ചെറിയപ്പെട്ടു. സ്വാതന്ത്ര്യത്തോടെയും അഭിമാനത്തോടെയും നിലനിൽക്കുവാനുള്ള അവരുടെ പ്രക്ഷുബ്ധമായ ശ്രമങ്ങളുടെ ഭാഗമായി പിഎൽഒയുടെ നേതൃത്വത്തിൽ അവർ അവസാനം സംഘടിതമായ ചെറുത്തുനിൽപ്പു തുടങ്ങി. അവരുടെ ചെറുത്തുനിൽപ്പിന്റെ യുദ്ധമായി ആരംഭിച്ചത് ഏറെത്താമസിയാതെ, തങ്ങളുടെ സ്വതന്ത്ര മാതൃരാജ്യമായ പലസ്തീൻ രാഷ്ട്രത്തിനായും, അവിടേക്ക് മടങ്ങിവരാനുള്ള അറബ് വംശജരുടെ അവകാശത്തിനായുമുള്ള പോരാട്ടമായിമാറി. വളരെ ധീരമായി അവർ പൊരുതുകയും ചെയ്തു. പിഎൽഒയെ തകർക്കുക, അല്ലെങ്കിൽ പൊരുതുന്ന പലസ്തീൻകാരുടെ ഐക്യത്തിൽ വിള്ളൽ വീഴ്ത്തുകയെന്നത് ഇസ്രയേലി ഭരണാധികാരികളുടെ അടിയന്തരാവശ്യമായി മാറി. അതുകൊണ്ട്, പിഎൽഒക്കെതിരായി വിവിധ ഇസ്ലാമിക ഗ്രൂപ്പുകളെ അവർ ഇളക്കിവിടാൻ തുടങ്ങി. ഗാസയിലെ മുസ്ലീം ബ്രദർഹുഡിന്റെ അന്നത്തെ നേതാവായിരുന്നു ഷെയ്ഖ് അഹമ്മദ് യസീൻ. ഇസ്ലാമിസ്റ്റ് ഗ്രൂപ്പുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ഇസ്രയേലി ഭരണാധികാരികൾ അദ്ദേഹത്തിനു നൽകി. ഈ അവസരം ഉപയോഗിച്ചുകൊണ്ട്, മുസാമ അൽ ഇസ്ലാമിയ എന്ന ഒരു കടുത്ത ഇസ്ലാമിക

*(ശേഷം 13-ാം പേജിൽ)*

# പശ്ചിമേഷ്യയിലെ കാര്യങ്ങളിൽ ഇടങ്കോലിടുന്നതിൽനിന്നും അമേരിക്കൻ സാമ്രാജ്യത്വം പിൻവാങ്ങണം

*(12–ാം പേജിൽ നിന്ന്)*

സംഘടനക്ക് യസീൻ രൂപം നൽകി. മുസാമയെ ഒരു ക്ഷേമകാര്യ സംഘടനയായി വിശേഷിപ്പിച്ചുകൊണ്ട്, അവരെ ഉപയോഗപ്പെടുത്തി ഇടതുപക്ഷ-മതേതര ശക്തികളെ അടിച്ചമർത്താനാണ് ഇസ്രയേൽ ശ്രമിച്ചത്. ഏതാനും വർഷം കൊണ്ടുതന്നെ, പിഎൽഒയെയും അവരുടെ സ്വാധീനശക്തിയായ സംഘടന-ഫത്തയെയും ഒതുക്കാൻ മുസാമയ്ക്കായി. ഇസ്രയേലി അധികാരികൾ നിർല്ലോഭം മുസാമക്ക് പണം നൽകി. പക്ഷേ, ഒരു ദശകത്തിനുശേഷം ഇസ്രയേൽ അറിയുന്നത് ഷേഖ് യസീന്റെ അനുയായികൾ ഗാസയിൽ ആയുധങ്ങൾ സംഭരിക്കുന്നു എന്നതാണ്. പക്ഷേ ഈ ആയുധങ്ങൾ മതേതരശക്തികൾക്കെതിരേ ഉപയോഗിക്കുവാനാണെന്നാണ് കൗശലക്കാരനായ യസീൻ ഇസ്രയേലിനെ ബോധ്യപ്പെടുത്തിയത്. 1987-ൽ, ഒരു ഇസ്രയേൽ പൗരൻ ഓടിച്ച കാർ ഏതാനും പലസ്തീൻ പൗരന്മാരെ ഇടിച്ചിട്ട സംഭവത്തെ കേന്ദ്രമാക്കി ഒരു പൊട്ടിത്തെറി പലസ്തീനിൽ ഉണ്ടായി. ഇസ്രയേൽ അധീനതയിലുള്ള വെസ്റ്റ് ബാങ്കിലും ഗാസയിലും ഉടനീളം പ്രതിഷേധം പടർന്നു. യസീൻ ഈ പ്രതിഷേധങ്ങളെ നയിക്കുകയും മുസ്ലീം ബ്രദർഹുഡിന്റെ പിന്തുണ നേടുകയും ചെയ്തു. ഈ പൊട്ടിത്തെറിയിൽനിന്നാണ് ഹമാസ് പിറന്നുവീണത്. ഒർത്ഥത്തിൽ ഹമാസ് ഇസ്രയേലിനൊരു ഫ്രാൻകൻസ്റ്റൈനായി മാറുകയായിരുന്നു.

## ഇപ്പോഴത്തെ പ്രതിസന്ധിക്ക് തിരികൊളുത്തിയ മൂന്നു നടപടികൾ

ലോകമെമ്പാടുമുള്ള സമാധാനകാംക്ഷികളായ ജനങ്ങൾ ഇപ്പോഴത്തെ സംഭവവികാസങ്ങളിൽ വേദനിക്കുന്നു. വലിയ വിഭാഗം മാധ്യമങ്ങളും അവരുടെ എഴുത്തുകാരും നിഷ്പക്ഷരായി നടിക്കുന്നതു കൊണ്ട്, ആരാണ് അക്രമത്തിന് തുടക്കമിട്ടതെന്ന് അവരിൽ പലരും സംശയിക്കുകയാണ്. തങ്ങളല്ല അക്രമം ആരംഭിച്ചത്, ഹമാസാണ് ഇസ്രയേലിനു മേൽ റോക്കറ്റുകൾ വർഷിച്ചതെന്ന ഇസ്രയേൽ പ്രധാനമന്ത്രിയുടെയും സൈനികനേതാക്കളുടെയും ഭാഗം അവർ റിപ്പോർട്ടു ചെയ്യുന്നു. ഇസ്രയേൽ സൈന്യം തിരിച്ചടിച്ചതാണത്രെ. പക്ഷേ വസ്തുതകൾ പറയുന്നത് മറ്റൊന്നാണ്.

ഏപ്രിലിൽ, മുസ്ലിം വിശുദ്ധമാസമായ റമദാന്റെ ആരംഭത്തിൽ, ജറുസലേമിൽ മതിലുകളുള്ള പഴയ നഗരത്തിലേക്കുള്ള പുരാതന പ്രവേശന കവാടങ്ങളിലൊന്നായ ഡമാസ്കസ് ഗേറ്റിലേക്കുള്ള വിശാലമായ പടികൾ ഇസ്രായേൽ പോലീസ് മേധാവി വേലി കെട്ടിയടച്ചു. റമദാൻ മാസത്തിൽ, കുടുംബങ്ങൾക്ക് സായാഹ്ന ഇഫ്ത്താർ ഭക്ഷണം ആഘോഷിക്കുന്നതിനുള്ള പ്രിയപ്പെട്ട സ്ഥലമാണ് ഈ പടികൾ. "സുരക്ഷാ കാരണങ്ങൾ" ആരോപിച്ച് അവ അടച്ചുപൂട്ടുന്നതിന് യാതൊരു യുക്തിയുമില്ല. പലസ്തീനിയൻ മുസ്ലീങ്ങളെ, പ്രത്യേകിച്ചും വൈകാരികമായ ഒരു മുഹൂർത്തത്തിൽ അവഹേളിക്കുക മാത്രമായിരുന്നു ഇതിന്റെ വ്യക്തമായ ഉദ്ദേശ്യം. സ്വാഭാവികമായും പലസ്തീനിയൻ മുസ്ലീങ്ങളെ ഈ പ്രകോപനം രോഷാകുലരാക്കി. അതുകൊണ്ട്, തീവ്രമായ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെടുകയും,

> **അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തീട്ടൂരങ്ങൾക്കു മുന്നിൽ മുട്ടുമടക്കാൻ മടി കാണിക്കുന്ന അറബ് രാജ്യങ്ങൾക്കുമേൽ അധീശത്വത്തിനുള്ള പദ്ധതികൾക്കും ആക്രമണങ്ങൾക്കുമുള്ള ചവിട്ടുപടിയായി സിയോണിസ്റ്റ് ഇസ്രയേൽ രാജ്യത്തെ ഉപയോഗിക്കുന്നു. അവരുടെ ഈ അധീശത്വമാണ്, മേഖലയിൽ പുതിയ പ്രശ്നങ്ങൾക്കുള്ള വിത്തു വിതച്ചത്. ഇപ്പോഴത്തെ സായുധസംഘർഷങ്ങളുടെയും തുടക്കം ഈ നീക്കത്തിൽനിന്ന് തന്നെയാണ്.**

അത് പലസ്തീൻകാരും ഇസ്രയേൽ പൊലീസും തമ്മിലുള്ള സംഘർഷങ്ങളിലേക്ക് നയിക്കുകയും ചെയ്തു. തത്ഫലമായി പൊലീസ് ഈ നിയന്ത്രണങ്ങൾ നീക്കി. പക്ഷേ, അപ്പോഴേക്കും മറ്റ് പ്രക്രിയകൾ ആരംഭിച്ചിരുന്നു. നൂറുകണക്കിനു പേർക്ക് പരിക്കേറ്റു. റോക്കറ്റുകൾ തൊടുത്തുവിട്ടു തുടങ്ങി.

ഇതു കൂടാതെ ഇസ്രയേൽ സർക്കാരിന്റെ ഭാഗത്തുനിന്നും മറ്റൊരു വഞ്ചനാപരമായ നീക്കമുണ്ടായി. നഗരത്തിന്റെ കിഴക്കൻ ഭാഗത്ത് ഗണ്യമായ സംഖ്യ പലസ്തീൻകാരുണ്ടെന്നത് അവഗണിച്ചുകൊണ്ട്, ജറുസലേമിനെ പലസ്തീന്റെ പ്രധാനഭാഗങ്ങളുമായി വേർതിരിച്ചുകൊണ്ട് ഇസ്രയേൽ മതിൽ പണിയുകയുണ്ടായി. ഉദ്ദേശ്യം വളരെ വ്യക്തമാണ്. ജൂത ഭവനങ്ങൾകൊണ്ട് നിറച്ചുകൊണ്ട്, മുഴുവൻ നഗരത്തിനും മേലുള്ള ഇസ്രയേൽ അവകാശവാദത്തിനു കരുത്തു പകരുവാനും പലസ്തീൻകാരെ ശ്വാസം മുട്ടിച്ച് പുറത്താക്കാനുമാ യിരുന്നു അതിന്റെ ലക്ഷ്യം. ഇന്നവിടെ താമസിക്കുന്ന പലസ്തീൻകാർ പൗരന്മാരല്ല, വെറും താമസക്കാർ മാത്രമാണ്. ആരോഗ്യപരിപാലനവും സാമൂഹ്യസുരക്ഷയും അവർക്ക് പ്രാപ്യമാണ്. പക്ഷേ, ജൂതവംശജരുടെ അതേ അവകാശങ്ങളില്ല.

കിഴക്കൻ ജറുസലേമിലെ ഷെയ്ഖ് ജറാ പ്രദേശത്തുനിന്ന് പലസ്തീൻ കുടുംബങ്ങളെ കുടിയൊഴിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ, ഇസ്രായേലിന്റെ സുപ്രീം കോടതി ഒരു വിധി പുനഃപരിശോധിക്കാൻ തുടങ്ങി എന്ന വസ്തുതയാണ് ജറുസലേമിൽ പിരിമുറുക്കങ്ങൾ വർദ്ധിപ്പിച്ചത്. ഇസ്രയേൽ രാഷ്ട്രം നിലവിൽ വരുന്നതിനുമുമ്പ്, 1948ൽ ജറുസലേമിന്റെ കിഴക്കൻ ഭാഗം ജോർദ്ദാന്റെ കൈവശമായിരുന്നതിനുമുമ്പ്, ഇപ്പോൾ അവരുടെ വീടുകൾ ഇരിക്കുന്ന ഭൂമി ജൂതരുടെ ഉടമസ്ഥതയിലായിരുന്നു. 1948-ലെ യുദ്ധത്തിൽ (ഇസ്രയേലും പലസ്തിൻകാരും തമ്മിലുള്ള സംഘർഷം 1948-ൽ തുടങ്ങി) അഭയാർത്ഥികളായ പലസ്തീൻകാരെ 1950-കളിൽ ജോർദ്ദാൻ സർക്കാർ അവിടെയാണ് പുനരധിവസിപ്പിച്ചത്. അന്നു തൊട്ട് അവർ അവിടെ താമസിക്കുകയും ചെയ്യുന്നു. പക്ഷേ, തീവ്രവലതുപക്ഷ സംഘങ്ങളിൽ പെട്ട ഇസ്രയേലി കുടിയേറ്റക്കാർ ഈ സ്ഥലം പലസ്തീൻകാരിൽനിന്നും തിരിച്ചുപിടിക്കാനായി ശ്രമിക്കുകയും, കോടതികൾ ക്രൂരമായി അവർക്കൊപ്പം നിൽക്കുകയും ചെയ്യുന്നു.

കിഴക്കൻ ജറുസലേമിലെ വസ്തുവകകളുടെ യഥാർത്ഥ ഉടമസ്ഥരുടെ അനന്തരാവകാശികൾക്ക് അവ തിരിച്ചുപിടിക്കുവാനുള്ള അനുവാദം ഇസ്രയേലി നിയമം നൽകുന്നുണ്ടെന്നവസ്തുതശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷേ, ഇസ്രയേലിന്റെ കൈവശമുള്ള പടിഞ്ഞാറൻ ജറുസലേമിലാകട്ടെ, മൂന്നിലൊന്നു ഭൂമിയും 1948നുമുമ്പ് അവിടെ താമസിക്കുകയും പിന്നീട് കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്ത പലസ്തീനിയൻ കുടുംബങ്ങളുടേതായിരുന്നു. പക്ഷേ ഇസ്രയേൽ നിയമമനുസരിച്ച്, പടിഞ്ഞാറൻ ജറുസലേമെന്നല്ല, ഇസ്രയേലിലെവിടെയുമുള്ള തങ്ങളുടെ നഷ്ടപ്പെട്ട ഭവനങ്ങൾ തിരിച്ചുപിടിക്കാമെന്ന ആശ പോലും പലസ്തീൻകാർക്കില്ല. നഗരത്തിലെ പലസ്തീൻകാരായ താമസക്കാർ എപ്പോഴും പ്രതിഷേധത്തിന് തയ്യാറാകുന്നതിൽ അത്ഭുതമൊന്നുമില്ല. അതേ സമയം, കുടിയേറ്റക്കാരും അതിതീവ്രവലതുപക്ഷക്കാരുമായ ഇസ്രയേലി ജൂതസംഘങ്ങൾ ഷേഖ് ജറായിൽ വന്നിറങ്ങുകയും, പലസ്തീൻകാരായ നിവാസികളെ ഭയപ്പെടുത്തുന്നതിനായി 'അറബുകൾക്കു മരണം' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് നഗരത്തിലൂടെ മാർച്ച് ചെയ്യുകയും ചെയ്തു. ഓരോ രാത്രി പിന്നിടുന്തോറും പ്രദേശം യുദ്ധക്കളമായി മാറി. പൊലീസാകട്ടെ, കുടിയേറ്റക്കാർക്ക് ഒപ്പം നിൽക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്തുകൊണ്ട് പലസ്തീൻകാരായ പ്രതിഷേധക്കാരെ ക്രൂരമായി കൈകാര്യം ചെയ്തു. അങ്ങനെ ഹിംസാത്മകമായ അടിച്ചമർത്തൽ ഷേഖ് ജറാ പ്രശ്നത്തെ ഇസ്രയേലിലും വെസ്റ്റ് ബാങ്കിലും ഗാസയിലുമുള്ള പലസ്തീൻകാർക്കും, പലസ്തീന് പുറത്തുള്ള അറബ് ലോകത്തിനും വേണ്ടിയുള്ള പോർവിളിയായി മാറ്റി.

ഇസ്രയേലി ഭരണാധികാരികളുടെ വെറിയുടെ അങ്ങേയറ്റമായിരുന്നു പതിനായിരക്കണക്കിന് വിശ്വാസികൾ അൽ അക്സ മസ്ജിദിൽ എത്തുന്ന റമദാന്റെ അവസാന നാളുകളിൽ ഹറം അൽ ഷരീഫിൽ കണ്ടത്. നൂറു കോടിയിലധികം മുസ്ലീങ്ങൾ വിശുദ്ധമായി കാണുന്നതും, ഇസ്ലാമിൽ ഏറ്റവും പ്രാധാന്യമുള്ള പുണ്യ സ്ഥലങ്ങളിൽ മൂന്നാമത്തേതുമായ ഇടമാണിത്. ജൂതവംശജരും ആദരിക്കുന്ന ഇടം. പലസ്തീൻ രാഷ്ട്രത്തിന് അനുകൂലമായ ചില മുദ്രാവാക്യങ്ങൾ ഇവിടെ ഉയരുകയും, ആവേശഭരിതനായ ആരോ കൊടി വീശുകയും ചെയ്തു. ഇതിനു മറുപടിയായി, അൽ അക്സ മസ്ജിദിൽ നിഷ്ഠുരമായ പൊലീസ് നടപടിയുണ്ടായി. ഇതാകട്ടെ, ഉടനടിയുള്ള തിരിച്ചടിക്ക് തിരികൊളുത്തുകയും ചെയ്തു. ചില പലസ്തീൻകാർ പൊലീസിനുനേരേ കല്ലെറിഞ്ഞപ്പോൾ, അസാധാരണമായ ക്രൂരതയോടെയാണ് പൊലീസ് തിരിച്ചടിച്ചത്. യഥാർത്ഥത്തിൽ അത്തരത്തിലൊരു തിരിച്ചടിക്കലിനായി ഇസ്രയേലി ഭരണാധികാരികൾ കാത്തിരിക്കുകയായിരുന്നു. എങ്കിൽ അതുമറയാക്കിക്കൊണ്ട് നിർദ്ദയമായ ആക്രമണങ്ങൾക്ക് അവർക്ക് തുടക്കം കുറിക്കാം. നൂറുകണക്കിന് പലസ്തീൻകാർക്ക് മുറിവേറ്റു. റമദാൻ മാസത്തിൽ മസ്ജിദിനുള്ളിലുള്ള വിശ്വാസികൾക്കുനേരേ സ്റ്റൺ ഗ്രനേഡുകളും കണ്ണീർവാതകവും പ്രയോഗിക്കാൻ പൊലീസുകാരെ അയക്കണമെങ്കിൽ അസാധാരണമായ ക്രൂരതയും പ്രകോപനവും ഉണ്ടാകേണ്ടതുണ്ട്. മാത്രവുമല്ല, 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, സംഘർഷത്തിന്റെ ആരംഭംതൊട്ടുതന്നെ, ഹറാം അൽ ഷരീഫിനെ നശിപ്പിച്ച് അവിടെ ജൂതർക്ക് തങ്ങളുടെ ദേവാലയം പുനർനിർമിക്കണമെന്ന ആത്യന്തികലക്ഷ്യം പേറുന്നവയായിട്ടാണ് സിയോണിസ്റ്റ് നടപടികളെ പലസ്തീൻകാരായ മുസ്ലീമുകൾ കാണുന്നത്. മിക്ക പലസ്തീൻകാരെ സംബന്ധിച്ചിടത്തോളവും ഇസ്രയേൽ പൊലീസ് ഈ തോന്നലിന് അടിവരയിടുന്നത് ഇതാദ്യമായല്ല.

അപ്പോൾ ഭൂരിഭാഗം മാധ്യമറിപ്പോർട്ടുകൾക്കും വിരുദ്ധമായി, മതിയായ പ്രകോപനമുണ്ടാക്കിയതും, മേഖലയെ ആളിക്കത്തിക്കുന്നതരത്തിൽ സായുധ കടന്നാക്രമണങ്ങൾ നടത്തിയതും ഇസ്രയേൽ ഭരണാധികാരികളാണെന്നത് വ്യക്തമാണ്. അതുകൊണ്ട്, ഇസ്രയേലിന്റെ ആക്രമണം നിരുപാധികമായി ഉടനടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏവരും അതിനെ അസന്ദിഗ്ധമായി അപലപിക്കേണ്ടതുണ്ട്.

## അസ്വസ്ഥമാക്കുന്ന മറ്റ് സംഭവവികാസങ്ങൾ

കൂടാതെ, ഇസ്രയേൽ ഭരണകൂടം മനുഷ്യാവകാശങ്ങളെ നഗ്നമായി ലംഘിക്കുന്നതിന് മറ്റുചില തെളിവുകൾകൂടിയുണ്ട്. 'ഇസ്രയേൽ അധികാരികളുടെ വർണ്ണവിവേചനത്തിന്റെയും വേട്ടയാടലിന്റെയും അതിരു കടന്ന കുറ്റകൃത്യങ്ങൾ' എന്ന, 213 പേജുള്ള റിപ്പോർട്ട്, 2021 മേയ് 9ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് പുറത്തുവിട്ടു. ഇസ്രയേലിലും അവർ കൈവശം വെച്ചിരിക്കുന്ന മറ്റ് പ്രദേശങ്ങളിലും പലസ്തീൻകാർക്കുനേരേയുള്ള ഇസ്രയേലിന്റെ പെരുമാറ്റത്തെ ഈ റിപ്പോർട്ട് പരിശോധിക്കുന്നു. ജോർദ്ദാൻ നദിക്കും മെഡിറ്ററേനിയൻ കടലിനുമിടയിൽ, ഏറെക്കുറെ ഒരേ ജനസംഖ്യയുള്ള രണ്ട് വിഭാഗങ്ങൾ പാർക്കുന്ന പ്രദേശത്തെ ഭരിക്കുന്ന ഏക അധികാരകേന്ദ്രമാണ് ഇസ്രയേൽ സർക്കാരെന്നും, അവർ കൃത്യമായ രീതിശാസ്ത്രത്തോടെ ജൂതരായ ഇസ്രയേലുകാർക്ക് ആനുകൂല്യങ്ങൾ നൽകുകയും, അതേസമയംതന്നെ പലസ്തീൻകാരെ അടിച്ചമർത്തുകയും ചെയ്യുന്നുവെന്നും അതിൽ ചൂണ്ടിക്കാട്ടുന്നു. അതു തന്നെ ഇസ്രയേൽ കൈയേറിയിരിക്കുന്ന ഭൂമിയിൽ കൂടുതൽ രൂക്ഷമായി ചെയ്യുന്നു. പലസ്തീൻകാരെ പോലെ ഒരു പ്രത്യേക സമൂഹത്തിന്റെ മൗലികാവകാശങ്ങൾ വിവേചനപരമായ ഉദ്ദേശ്യത്തോടെ കടുത്ത രീതിയിൽ നിഷേധിക്കുന്നത്, അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും അന്താരാഷ്ട്രനിയമങ്ങളും അനുസരിച്ച്, വേട്ടയാടലും വർണ്ണവിവേചനവും എന്ന തരത്തിൽപ്പെട്ട, മനുഷ്യരാശിക്കെതിരേയുള്ള കുറ്റമാകുന്നു എന്ന് ഈ റിപ്പോർട്ട് സമർത്ഥിക്കുന്നു.

തങ്ങളുടെ നീചമായ നയത്തിന്റെ ഭാഗമായി, ഇസ്രയേൽ അധികാരികൾ ജൂതസമൂഹങ്ങൾക്ക് ലഭ്യമായ ഭൂമി വർധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതാകട്ടെ, അന്താരാഷ്ട്ര നിയമങ്ങൾക്കു

*(ശേഷം 14–ാം പേജിൽ)*

# സ്വതന്ത്ര പരമാധികാര രാഷ്ട്രം സ്ഥാപിക്കുന്നതിന് പലസ്തീന് ലോക ജനത പിന്തുണ നൽകണം

(13-ാം പേജിൽ നിന്ന്)

വിരുദ്ധമായി കയ്യേറിയ പ്രദേശങ്ങളിലടക്കം ഭൂമി പിടിച്ചെടുത്ത്, പാർപ്പിടങ്ങൾ നിർമ്മിച്ചുകൊണ്ടാണ് ചെയ്യുന്നത്. കൂടാതെ, കഠിനമായ പെർമിറ്റ് വ്യവസ്ഥകളിലൂടെ പലസ്തീൻകാരുടെ യാത്രകൾ തടഞ്ഞുകൊണ്ടും. വീടുകൾ വിട്ടുപോകുവാൻ ആയിരക്കണക്കിന് പലസ്തീൻകാരെ സമ്മർദ്ദത്തിലാക്കുന്ന തരത്തിൽ, നിർദ്ദയമായ സാഹചര്യങ്ങളിൽ ചില കേന്ദ്രങ്ങളിൽ തിങ്ങിഞെരുങ്ങി പാർക്കാൻ അവരെ നിർബന്ധിതരാക്കുകയാണ്. അതേസമയംതന്നെ ഇസ്രയേലിലെ ജൂതരാകട്ടെ, അതേ പ്രദേശത്തുതന്നെ, ഇസ്രയേലിന്റെ സിവിൽ നിയമങ്ങൾ പ്രകാരം തങ്ങളുടെ മുഴുവൻ അവകാശങ്ങളും ആസ്വദിച്ചുകൊണ്ട് ജീവിക്കുന്നു. പലസ്തീൻകാർക്കുള്ള കെട്ടിട പെർമിറ്റുകൾ നിഷേധിക്കപ്പെടുന്നു; പെർമിറ്റില്ല എന്ന കാരണം പറഞ്ഞ് ആയിരക്കണക്കിന് വീടുകൾ ഇടിച്ചുനിരത്തപ്പെടുന്നു. ലക്ഷക്കണക്കിന് പലസ്തീൻകാർക്കും അവരുടെ ബന്ധുക്കൾക്കും താമസക്കാർക്കുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. കയ്യേറ്റപ്രദേശങ്ങളിൽ ജനസംഖ്യാ രജിസ്ട്രി തന്നെ മരവിപ്പിച്ചിരിക്കുകയാണ്. അതിനാൽ കുടുംബങ്ങളുടെ ഒത്തുചേരൽ തന്നെ തടസ്സപ്പെടുന്നു. ഗാസ നിവാസികൾ വെസ്റ്റ്ബാങ്കിൽ ജീവിക്കുന്നത് വിലക്കിയിരിക്കുന്നു. പലസ്തീൻകാരായ ഇസ്രയേൽ പൗരന്മാർക്കെതിരെയും വിവേചനമുണ്ട്. പലസ്തീൻകാരെ ഒഴിവാക്കുന്നതിന് ജൂതരുടെ നൂറുകണക്കിന് ചെറുപട്ടണങ്ങളെ അനുവദിക്കുന്ന നിയമങ്ങളുണ്ട്. ജൂതരായ ഇസ്രയേലി കുട്ടികളുടെ സ്കൂളുകളുമായി താരതമ്യം ചെയ്യുമ്പോൾ പലസ്തീൻകാരുടെ സ്കൂളുകൾക്ക് വളരെ തുച്ഛമായ നീക്കിയിരുപ്പ് മാത്രമേ ബജറ്റുകളിൽ ഉണ്ടാവുകയുള്ളൂ. ജറുസലേമിൽ തന്നെ, മുനിസിപ്പാലിറ്റിയുടെ സഹായത്തോടെ സർക്കാർ ആസൂത്രണം ചെയ്യുന്നത്, നഗരത്തിൽ ഉറച്ച ഒരു ജൂതഭൂരിപക്ഷം നിലനിർത്താനാണ്. 1967ൽ ഇസ്രയേൽ കയ്യേറിയ നഗരത്തിന്റെ കിഴക്കൻ ഭാഗത്ത് പലസ്തീൻകാരാണ് ഭൂരിപക്ഷമെന്നതും, 1993ലെ ഓസ്ലോ ഉടമ്പടി പ്രകാരം നഗരത്തിന്റെ പദവിയെന്തെന്നത് ഇസ്രയേലും പലസ്തീനും തമ്മിലുണ്ടാക്കേണ്ട ഒരു സ്ഥിരം സമാധാന ഉടമ്പടിയിലൂടെ തീർപ്പാക്കേണ്ടതാണെന്നുമുള്ള വസ്തുതകളെ മറച്ചുകൊണ്ടാണ് ഇത്തരം നടപടികൾ. ഇസ്രയേലിലും അവർ കൈവശം വെച്ചിരിക്കുന്ന പ്രദേശങ്ങളിലുമുള്ള പലസ്തീൻകാർ നേരിടേണ്ടിവരുന്ന, വർണ്ണവിവേചനവും വേട്ടയാടലും എന്നുതന്നെ പറയാവുന്ന തരത്തിലുള്ള വിവേചനത്തിന്റെ പശ്ചാത്തലമിതാണ്. ഇതാകട്ടെ, അന്താരാഷ്ട്രതലത്തിലും നിയമപരമായും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യമായി അംഗീകരിക്കപ്പെട്ടവയാണ്. ജറുസലേമിനെ കേന്ദ്രമാക്കി, ഈ പശ്ചാത്തലത്തിലാണ് ഇപ്പോഴത്തെ പ്രതിസന്ധിയും വികസിച്ചത്.

> **19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കിഴക്കൻ യൂറോപ്പിൽ ജൂതർക്കെതിരേയുണ്ടായ ഹിംസാത്മകമായ വേട്ടയാടലിനും, പടിഞ്ഞാറൻ യൂറോപ്പിലെ യഹൂദവിരോധത്തോടുമുള്ള പ്രതികരണമായാണ്, ആധുനിക സിയോണിസം ഉയർന്നുവന്നത്. അതിന്റെ ഉദയത്തിന്റെ ഗതിയിൽ, നഷ്ടപ്പെട്ട മാതൃദേശത്തോടുള്ള പ്രാചീന ജൂതചരിത്രത്തിലും ബൈബിളിലുമുള്ള ബന്ധത്തെ, ഇസ്രായേൽ ദേശത്ത് ഒരു ആധുനിക ജൂതരാഷ്ട്രം സ്ഥാപിക്കുവാനുള്ള വീക്ഷണത്തോട് അതിതീവ്ര ദേശീയവാദത്തോടുകൂടി ആധുനിക സിയോണിസം ഉരുക്കിച്ചേർത്തു**

## ഇപ്പോഴത്തെ സംഭവത്തിൽ എടുത്തുകാണേണ്ട പ്രത്യേകതകൾ

ഇപ്പോഴത്തെ സംഭവത്തിൽ കാണേണ്ട മറ്റ് സവിശേഷ വശങ്ങളാണ് ഇനി പറയുന്നത്.

ഒന്നാമതായി, ഇസ്രയേലിലും അവർ കൈവശം വെച്ചിരിക്കുന്ന പ്രദേശങ്ങളിലും ഉള്ള ഇസ്രയേൽ നയത്തെ, വേട്ടയാടലും വർണ്ണവിവേചനവും നിറഞ്ഞ, മനുഷ്യരാശിക്കെതിരെയുള്ള ഒരു കുറ്റകൃത്യമായി അന്താരാഷ്ട്ര അഭിപ്രായം വ്യക്തമായും അടയാളപ്പെടുത്തുന്നു.

രണ്ടാമതായി, ഇസ്രയേലും ഈജിപ്തും ഗാസയിലെ തീരപ്രദേശത്ത് ഉപരോധം ഏർപ്പെടുത്തിയെങ്കിലും സാമാന്യം നല്ലൊരു ആയുധശേഖരം കൈവശപ്പെടുത്തുവാൻ ഹമാസ് നേതൃത്വത്തിനു കഴിഞ്ഞു. കൂടാതെ, മുൻ സംഘർഷങ്ങളിൽ ഉപയോഗിച്ചവയേക്കാൾ കൂടുതൽ കരുത്തും ദൂരവ്യാപ്തിയുമുള്ള, ടെൽ അവീവിലും ജറുസലേമിലുംവരെ എത്താൻ ശേഷിയുള്ള റോക്കറ്റുകളാണ് ഇത്തവണ ഉപയോഗിക്കപ്പെട്ടത്. യുഎസ് സാമ്പത്തികപിന്തുണയുള്ള അയൺ ഡോം മിസൈൽ പ്രതിരോധസംവിധാനത്തെ മറികടക്കാൻ നൂറിലധികം മിസൈലുകൾ ഒരുമിച്ച് തൊടുത്തുവിടുന്ന പുതിയ തന്ത്രമാണ് ഹമാസ് സ്വീകരിച്ചതും. അത് ഇത്തവണ ഇസ്രയേലിൽ കൂടുതൽ അത്യാഹിതങ്ങൾ സൃഷ്ടിച്ചിട്ടുണ്ടാകാം. കലുഷിതമായ സാഹചര്യത്തിൽ നേതൃത്വം ഏറ്റെടുത്തും, കൃത്യമായ റോക്കറ്റാക്രമണങ്ങളിലൂടെ ഇസ്രയേലിനുള്ളിൽ തന്നെ പ്രഹരമേൽപ്പിച്ചും, ഏറെ കരുത്തരായ ശത്രുക്കൾക്കുമേൽ തങ്ങളുടെ അജണ്ട അടിച്ചേൽപ്പിച്ചും ഗാസയിലെ ഹമാസ് ഇത്തവണ ഇസ്രയേലിലെ സൈന്യത്തെയും രഹസ്യാന്വേഷണവിഭാഗത്തെയും സർക്കാരിനെതന്നെയും അമ്പരപ്പിച്ചു.

മൂന്നാമതായി, ഗാസയിലെ ആക്രമണത്തിന് സമാന്തരമായി, ലോദ്, റാംല, ജഫ, അക്രെ, കിഴക്കൻ ജറുസലേം തുടങ്ങിയ മിശ്രവംശീയ ഇസ്രയേൽ നഗരങ്ങളിലെ തെരുവുകളിൽ അക്രമകോലാഹലങ്ങളുണ്ടായിരുന്നു. ഇവിടങ്ങളിൽ, കൂടുതലും മറ്റിടങ്ങളിൽ നിന്നും എത്തുന്ന തീവ്രവലത് ജൂതകലാപകാരികൾ, പ്രദേശത്തെ അറബ് വംശജർക്കുമേൽ ചാടിവീഴാൻ ശ്രമിച്ചെങ്കിലും ഇത്തവണ ശക്തമായ പ്രതിരോധം നേരിടേണ്ടിവന്നു. 21 വർഷം മുമ്പുണ്ടായ രണ്ടാം പലസ്തീനിയൻ കലാപം അഥവാ ഇൻതിഫാദയുടെ തുടക്കത്തിനുശേഷം ഈ അളവിലുള്ള സംഘർഷം ഇത് ആദ്യമാണ്. ഒരു ആഭ്യന്തരയുദ്ധത്തിന് സമാനമായ സാഹചര്യമാണ് ഇത് സൃഷ്ടിച്ചത്. സാധാരണനില പുനഃസ്ഥാപിക്കുന്നതിൽ നെതന്യാഹു നേതൃത്വം നൽകിയ അപ്പോഴത്തെ സർക്കാരിന്റെ പരാജയത്തെ ഇത് അടിവരയിട്ടു കാണിച്ചു.

നാലാമതായി, ഇസ്രയേൽ ഭരണാധികാരികൾ മുന്നോട്ടു വെക്കുന്ന, സ്വയം പ്രതിരോധിക്കാനുള്ള അവകാശം, പ്രയോഗിക്കുന്നതിനെപ്പറ്റിയുള്ള വാദം. യുഎസ് പ്രസിഡന്റ് ജോ ബൈഡനും അനുയായികൾക്കും അവരുടെ കൊമ്പൊടിയുകയാണ് എന്നത് വ്യക്തമാണ്. അക്രമം അടിച്ചമർത്തുന്നതിന് ആവശ്യമെങ്കിൽ ഇരുമ്പുമുഷ്ടി ഉപയോഗിക്കുമെന്ന അന്നത്തെ ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹുവിന്റെ മുന്നറിയിപ്പ് ഓർക്കേണ്ടതുണ്ട്. അടിച്ചമർത്തിയ ജനവിഭാഗങ്ങൾക്കെതിരേ, വിശേഷിച്ചും ഗാസയിൽ, ഇസ്രയേൽ സ്ഥാപിച്ചിരിക്കുന്ന സൈനികസന്നാഹം അങ്ങേയറ്റം സങ്കീർണ്ണവും അതീവമാരകവും, യുഎസ് സാമ്രാജ്യത്വവും അവരുടെ കൂട്ടാളികളും അടക്കമുള്ളവരുടെ നിർല്ലോഭമായ സാമ്പത്തികസഹായവും പിന്തുണയുംകൊണ്ട് എണ്ണയിട്ടെടുത്തതുമാണെന്ന്, ജനാധിപത്യമനസ്സുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വ്യക്തമാവുന്നുണ്ട്. കയ്യേറ്റത്തിന്റെ ഇരകളായ ജനവിഭാഗത്തിനാകട്ടെ, യന്ത്രവൽകൃത ആയുധങ്ങളില്ല, വ്യോമസേനയോ നാവികസേനയോ ഇല്ല, വമ്പൻ ആയുധങ്ങളോ, കേന്ദ്രീകൃതസംവിധാനങ്ങളോ ഇല്ല. തങ്ങളുടെ ആക്രമണശേഷിയിലേക്ക് ഹമാസ് എത്രതന്നെ കൂട്ടിച്ചേർക്കലുകൾ നടത്തിയാലും അതൊന്നും ഇസ്രയേലിന്റെ ഭീകരമായ കരുത്തിനുമുന്നിൽ പിടിച്ചുനിൽക്കാൻതന്നെ കഴിയുന്നതല്ല. അങ്ങനെയൊരു ശക്തി, ഗാസയെ സ്വയംപ്രതിരോധത്തിനായി ആക്രമിക്കാൻ നിർബന്ധിതമായി എന്ന് പറയുന്നതുതന്നെ പരിഹാസ്യമാണ്. അതുകൊണ്ട്, കയ്യേറ്റഭൂമിയിലടക്കം ഇസ്രയേൽ നടത്തുന്ന കൂട്ടക്കൊലയ്ക്കെതിരേ ചോദ്യങ്ങൾ ഉയരുകയാണ്. അതൊരു യുദ്ധക്കുറ്റമാണ്.

അഞ്ചാമതായി, നെതന്യാഹുവിന്റെ രാഷ്ട്രീയഭാവിയും വ്യക്തിതാത്പര്യങ്ങളും അവഗണിക്കാനാകാത്ത ഘടകങ്ങളാണ്. വ്യക്തമായ ഫലമില്ലാതിരുന്ന മാർച്ചിലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഒരു സഖ്യസർക്കാരുണ്ടാക്കുന്നതിൽ നെതന്യാഹു പരാജയപ്പെട്ടു. (ഇപ്പോൾ അദ്ദേഹത്തിന്റെ എതിരാളികൾ ഒത്തുചേർന്ന സഖ്യസർക്കാർ നെതന്യാഹുവിനെ അധികാരത്തിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്) അപ്പോൾ ഒരു യുദ്ധകാഹളം മുഴക്കുന്നത് തന്നെ രക്ഷിക്കും എന്ന് അദ്ദേഹം കരുതി. അതിനാൽ, ഇസ്രയേൽ പൗരന്മാർക്കു നേരേയുണ്ടായ റോക്കറ്റാക്രമണങ്ങൾക്ക് പകരം ചോദിക്കാൻ ഇസ്രയേൽ ആഗ്രഹിക്കുന്നതിനാൽ ഹമാസിനെതിരേയുള്ള പ്രത്യാക്രമണം തുടരുമെന്ന് മേയ് 16ന് അദ്ദേഹം പ്രഖ്യാപിച്ചു. പോരാട്ടത്തിന്റെ ഈ ഘട്ടവും ഇസ്രയേൽ തന്നെ ജയിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഇസ്രയേൽ പൗരന്മാരെ തനിക്കനുകൂലമാക്കാൻ പലസ്തീനെതിരെ സ്ഥിരം യുദ്ധം ആരംഭിക്കുന്നതും പലസ്തീൻ പ്രദേശങ്ങളെ കൈയടക്കുന്നതും അവരുടെ താത്പര്യാർത്ഥമാണെന്ന് അവരെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു വ്യക്തമായും അദ്ദേഹത്തിന്റെ ഉദ്ദേശ്യം. സംഘർഷം കൂടുതൽ നീളുന്തോറും, നെതന്യാഹുവിന്റെ എതിരാളികൾക്ക് അദ്ദേഹത്തിനെതിരേ സഖ്യം രൂപീകരിക്കാനുള്ള ശ്രമങ്ങൾ കൂടുതൽ തടസ്സപ്പെടുന്നു. മറ്റൊരു തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ, സുരക്ഷയുടെ കാര്യത്തിൽ ശക്തമായ പ്രതിച്ഛായയുള്ള നെതന്യാഹുവിന് ഉറപ്പായ വിജയം നേടാനുള്ള സാധ്യതയേയും അത് വർധിപ്പിക്കുന്നു. ഏതൊരു ഫാസിസ്റ്റ് ഏകാധിപതിയുടെയും പ്രത്യേകതയാണിത്. നീണ്ടുനിൽക്കുന്ന ഒരു യുദ്ധമോ, ഒറ്റപ്പെട്ട സായുധസംഘർഷങ്ങളോ ഒക്കെ, യഥാർത്ഥപ്രശ്നങ്ങളിൽനിന്നും ജനങ്ങളുടെ ശ്രദ്ധയെ അടർത്തുന്നു. ഒപ്പം ആയുധങ്ങൾ കുന്നുകൂട്ടി, സമ്പദ്ഘടനയുടെ സൈനികവൽക്കരണത്തിന്റെ ഭാഗമായ ആയുധ നിർമ്മാണത്തെ അത് കൂടുതൽ ത്വരിതപ്പെടുത്തുന്നു. അങ്ങനെ, മരണാസന്നമായ മുതലാളിത്തം ആണ്ടുമുങ്ങിയ പ്രതിസന്ധിയെ അകറ്റിനിർത്താൻ ശ്രമിക്കുന്നു. അതേസമയംതന്നെ, യുദ്ധഭ്രമത്തെ നിലനിർത്തുകവഴി, തീവ്രദേശഭക്തിയുടെയും കപടദേശസ്നേഹത്തിന്റെയും വികാരങ്ങൾ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കാൻ അത് സഹായിക്കുന്നു.

## യുഎസ്, യുകെ, ചൈന, ഇന്ത്യ എന്നിവരുടെ നിലപാടുകൾ

ഇനി അന്താരാഷ്ട്ര പ്രതികരണങ്ങൾ പരിശോധിക്കാം. ഗാസയിലെ ജനവാസകേന്ദ്രങ്ങളിൽ നിന്നും ഇസ്രയേലിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലേക്ക് അനിയന്ത്രിതമായി റോക്കറ്റുകൾ തൊടുത്തുവിടുന്നതിനെ അപലപിച്ച ഐക്യരാഷ്ട്രസംഘടനയുടെ തലവൻ, പരമാവധി സംയമനം പാലിക്കണമെന്ന് ഇസ്രയേലിനോട് അഭ്യർത്ഥിച്ചു. മറുവ

(ശേഷം 15-ാം പേജിൽ)




സ്ത്രീധന കൊലപാതകങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആതിക്രമങ്ങൾക്കും വിനാശകരമായ മദ്യനയത്തിനുമെതിരെ എഐഎംഎസ്എസ്-ന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന പ്രതിഷേധ സംഗമം സംസ്ഥാന സെക്രട്ടറി സഖാവ് കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു

# ലോകവ്യാപകമായ സാമ്രാജ്യത്വവിരുദ്ധ സമാധാന പ്രസ്ഥാനം സംഘടിപ്പിക്കുക എന്നതാണ് ഈ കാലത്തിന്റെ ആവശ്യം

(14–ാം പേജിൽ നിന്ന്)

ശത്ത്, യുഎസ് പ്രസിഡന്റ് ബൈഡനും, സെക്രട്ടറി ഓഫ് സ്റ്റേറ്റും നെതന്യാഹുവിനെ വിളിച്ച് ഇസ്രയേലിനുള്ള തങ്ങളുടെ പിന്തുണയറിയിച്ചു. ഗാസയിലെ മാരകമായ ഇസ്രയേൽ ആക്രമണത്തിനിടെ, ഒരു ആഴ്ച്ചക്കിടെ മൂന്നാം തവണ കൂടിയ ഐക്യരാഷ്ട്രസംഘടനയുടെ രക്ഷാസമിതി വീണ്ടും തീരുമാനമാകാതെ അവസാനിച്ചു. കാരണം, ഇസ്രയേലും ഹമാസും തമ്മിലുള്ള അടിയന്തര വെടിനിർത്തലിന് ആവശ്യപ്പെടുന്ന സംയുക്തപ്രമേയത്തെ അമേരിക്ക തടയുകയാണ് ഉണ്ടായത്. രണ്ടു വിഭാഗങ്ങളോടും പിൻവാങ്ങാൻ പറഞ്ഞെങ്കിലും, യുകെ, യുഎസിനൊപ്പം ചേർന്ന് ഏകസ്വരത്തിൽ ഹമാസിന്റെ തീവ്രവാദനടപടികളെ അപലപിച്ചു. ചൈനയാകട്ടെ, മറുവശത്ത് അടിയന്തര വെടിനിർത്തലിന് മധ്യസ്ഥത വഹിക്കുവാൻ യുഎൻ രക്ഷാസമിതിയെ പ്രോത്സാഹിപ്പിച്ചു. അന്താരാഷ്ട്രനിയമത്തിന് അനുസൃതമായി പലസ്തീൻകാർ മുന്നോട്ടുവയ്ക്കുന്ന ന്യായമായ ദ്വിരാഷ്ട്ര പരിഹാരത്തെ അവർ പിന്തുണച്ചു. കൂടാതെ, ഈ വിഷയത്തിൽ യുഎൻ, അറബ് ലീഗ്, ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷൻ എന്നിവരുടെ സൃഷ്ടിപരമായ പങ്കിനെയും ചൈന പിന്താങ്ങി. ദ്വിരാഷ്ട്ര പരിഹാരത്തെ അടിസ്ഥാനമാക്കി, രണ്ടു വിഭാഗങ്ങളും സമാധാനചർച്ചകൾ എത്രയുംവേഗം തുടങ്ങണമെന്ന നിലപാടും അവർ കൈക്കൊണ്ടു. അതിലൂടെ, 1967ലെ അതിർത്തിയെ അടിസ്ഥാനമാക്കി കിഴക്കൻ ജറുസലേം തലസ്ഥാനമായി സ്വതന്ത്രരാഷ്ട്രമായ പലസ്തീൻ സ്ഥാപിക്കുകയും, അങ്ങനെ പലസ്തീന്റെയും ഇസ്രയേലിന്റെയും, അതുപോലെതന്നെ ജൂത–അറബ് രാഷ്ട്രങ്ങളുടെയും സമാധാനപരമായ സഹവർത്തിത്വം സാധ്യമാകുമെന്നും അവർ പ്രത്യാശിച്ചു.

ഇന്ത്യയെസംബന്ധിച്ചിടത്തോളം, മേയ് 16ന് യുഎൻ രക്ഷാസമിതിയിലും, മേയ് 20ന് പൊതുസഭയിലുമുള്ള ഇടപെടലുകൾക്കിടയിൽ നടത്തിയ പ്രസ്താവനകളിൽ, വ്യക്തമായും ഇസ്രയേലിന് അനുകൂലമായ ചുവടുമാറ്റത്തിന്റെ സൂചനയുണ്ടായിരുന്നു. മേയ് 16ന് യുഎൻ രക്ഷാസമിതിയിൽ അവതരിപ്പിച്ച ഇന്ത്യയുടെ പ്രസ്താവനയിൽ, ന്യായമായ പലസ്തീൻ വിഷയത്തെ ഇന്ത്യ ശക്തമായി പിന്തുണക്കുകയും, ദ്വിരാഷ്ട്ര പരിഹാരത്തിന് അചഞ്ചലമായ പിന്തുണയറിയിക്കുകയും ചെയ്യുന്നു എന്ന വരി, മേയ് 20ന് യുഎൻ പൊതുസഭയിൽ നടത്തിയ പ്രസ്താവനയിൽ കാണാനില്ലായിരുന്നു. കൂടാതെ മേയ് 20ന് നടത്തിയ പ്രസ്താവനയിൽ, അനേകം സിവിലിയൻ മരണങ്ങൾക്ക് ഇടയാക്കിയ, ഗാസയിൽനിന്നും ഇസ്രയേലിലേക്ക് നടത്തിയ അനിയന്ത്രിത റോക്കറ്റാക്രമണങ്ങളെ ഇന്ത്യ അപലപിച്ചിട്ടുമുണ്ട്. കിഴക്കൻ ജറുസലേമിലും സമീപ പ്രദേശങ്ങളിലും ഉൾപ്പെടെ, നിലവിലെ സ്ഥിതിഗതികൾ ഏകപക്ഷീയമായി മാറ്റാനുള്ള ശ്രമങ്ങളിൽനിന്ന് വിട്ടുനിൽക്കാനും, തീവ്രമായ സംയമനം കാണിക്കാനും, പിരിമുറുക്കങ്ങൾ വർദ്ധിപ്പിക്കുന്നപ്രവർത്തനങ്ങളിൽനിന്ന് വിട്ടുനിൽക്കാനും ഞങ്ങൾ ഇരുപക്ഷത്തോടും അഭ്യർത്ഥിക്കുന്നു എന്നാണ് രക്ഷാസമിതിയിലെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളത്. ഇസ്രായേൽ–ഹമാസ് നടപടികളെതമ്മിൽ സാമ്യപ്പെടുത്തുന്നതായിരുന്നു ഇത്. പ്രത്യേകിച്ചും കിഴക്കൻ ജറുസലേമിലും ഷെയ്ഖ് ജറാ പ്രദേശത്തുമുള്ള ഇസ്രായേലിന്റെ നടപടിയോടെയാണ് പ്രശ്നം ആരംഭിച്ചതെന്നാണ് ഇന്ത്യ അന്ന് പ്രസ്താവിച്ചത്. പൊതുസഭയിലെ പ്രസ്താവനയിൽ അതൊക്കെ ഒഴിവാക്കിക്കൊണ്ട്, വ്യക്തമായും ഇസ്രയേലിനെ കൂടുതൽ പിന്തുണക്കുകയാണ് ഉണ്ടായത്. ഇന്ത്യയുടെ രക്ഷാസമിതി പ്രസ്താവന ഭരണകക്ഷിയായ ബിജെപിയുടെ സ്വന്തം അനുയായികളിൽനിന്നുതന്നെ സർക്കാരിനെതിരെ ധാരാളം വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. ഈ സമയത്ത് ഇന്ത്യ ഇസ്രായേലിനെ വേണ്ടത്ര പിന്തുണയ്ക്കുന്നില്ലെന്നും, നിഷ്പക്ഷ നിലപാടെടുക്കുന്നത് ഹമാസിന്റെ നടപടികളെ അംഗീകരിക്കുന്നതാണെന്നും അവർ കരുതുന്നു. ഇസ്രയേലിനും സമാനമായിതന്നെ തോന്നി. ഇസ്രയേലിനെ പിന്തുണച്ച രാജ്യങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ട്വീറ്റ് ചെയ്തപ്പോൾ ഇന്ത്യയുടെ പേര് അതിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട്, ബിജെപി നേതൃത്വത്തിലുള്ള ഇന്ത്യാ ഗവണ്മെന്റ് ഗതിമാറ്റം നടത്തിയെന്നതും അത്, സാമ്രാജ്യത്വവിരുദ്ധരും സമാധാനപ്രേമികളുമായ ഇന്ത്യക്കാരുടെ വീക്ഷണത്തിന് എതിരാണെന്നതും വ്യക്തമാണ്.

> **മേയ് 16ന് യുഎൻ രക്ഷാസമിതിയിലും, മേയ് 20ന് പൊതുസഭയിലുമുള്ള ഇടപെടലുകൾക്കിടയിൽ നടത്തിയ പ്രസ്താവനകളിൽ, വ്യക്തമായും ഇസ്രയേലിന് അനുകൂലമായ ചുവടുമാറ്റത്തിന്റെ സൂചനയുണ്ടായിരുന്നു. മേയ് 16ന് യുഎൻ രക്ഷാസമിതിയിൽ അവതരിപ്പിച്ച ഇന്ത്യയുടെ പ്രസ്താവനയിൽ, ന്യായമായ പലസ്തീൻ വിഷയത്തെ ഇന്ത്യ ശക്തമായി പിന്തുണക്കുകയും, ദ്വിരാഷ്ട്ര പരിഹാരത്തിന് അചഞ്ചലമായ പിന്തുണയറിയിക്കുകയും ചെയ്യുന്നു എന്ന വരി, മേയ് 20ന് യുഎൻ പൊതുസഭയിൽ നടത്തിയ പ്രസ്താവനയിൽ കാണാനില്ലായിരുന്നു.**

## ആഗോളതലത്തിൽ സാമ്രാജ്യത്വവിരുദ്ധ സംഘടിത സമാധാനപ്രസ്ഥാനം വളർത്തിയെടുക്കുക

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആരംഭിച്ച ജൂതകുടിയേറ്റത്തിനുമുമ്പ്, പലസ്തീനിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ജൂതരും ഇടകലർന്ന്, ശത്രുതയില്ലാതെ സമാധാനത്തോടെ നൂറ്റാണ്ടുകളോളം ജീവിച്ചിരുന്നു എന്നത് ഒരു ചരിത്രവസ്തുതയാണ്. ഈ യുദ്ധസമാന സാഹചര്യത്തിനിടയിലും വംശീയവ്യത്യാസങ്ങൾ മറന്ന് ഇസ്രയേലിലെതന്നെ സാധാരണജനങ്ങൾ ഇസ്രയേൽ സർക്കാരിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കുന്നത് ലോകത്തെ ബൂർഷ്വാ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായില്ല. യുഎസിലെ ജൂതവിഭാഗത്തിൽപ്പെടുന്ന ആയിരക്കണക്കിന് ആളുകൾ പലസ്തീനെ പിന്തുണച്ചുകൊണ്ടും ഇസ്രയേലിനെ തള്ളിപ്പറഞ്ഞുകൊണ്ടും റാലി നടത്തുകയുണ്ടായി. യുദ്ധം അവസാനിപ്പിക്കണമെന്നും, സാഹചര്യത്തെ വഷളാക്കുന്ന ഇസ്രയേലിലെയും പലസ്തീനിലെയും വലതുപക്ഷ ശക്തികൾക്ക് അവസാനം കാണണമെന്നും അവർ ആവശ്യപ്പെട്ടു. ഒരുകാലത്ത് ഇസ്രയേലിൽ സമാധാനത്തിനും സൗഹൃദത്തിനുംവേണ്ടി നിലകൊണ്ട, അന്ന് അവിടെ പ്രബല ശക്തിയായിരുന്ന ഇടതുപക്ഷം ഇന്ന് ദുർബലമായെന്നത് നിരാശാജനകമാണ്. യുദ്ധങ്ങൾ, യുദ്ധക്കൊതിയന്മാരായ സാമ്രാജ്യത്വവാദികളുടെയും, അതത് രാജ്യങ്ങളിലെ മുതലാളിവർഗ്ഗത്തിന്റെയും മാത്രം താത്പര്യങ്ങളെ സേവിക്കുന്നതാണെന്ന് സാധാരണജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ഏറ്റവും ദുരിതമനുഭവിക്കേണ്ടിവരുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താത്പര്യങ്ങൾക്ക് നേരേ എതിരുമാണ് യുദ്ധങ്ങൾ. മഹാനായ ലെനിൻ പഠിപ്പിച്ചതുപോലെ സാമ്രാജ്യത്വമാണ് യുദ്ധം സൃഷ്ടിക്കുന്നത്. സാമ്രാജ്യത്വം നിലനിൽക്കുന്ന കാലത്തോളം, യുദ്ധത്തിൽനിന്നും – അത് പ്രാദേശികമാകട്ടെ, ഭാഗികമാകട്ടെ, വൻതോതിലാകട്ടെ, മോചനമുണ്ടാകില്ല. സാധാരണജനങ്ങൾക്ക് അത് തകർച്ചയും മരണങ്ങളും മാത്രം സമ്മാനിക്കുന്നു. ഇന്നത്തെ ലോകത്തിൽ എവിടെ നടക്കുന്ന യുദ്ധവും ലോകത്ത് എവിടെയുള്ളവരെയും ബാധിക്കും എന്നതും മനസ്സിലാക്കേണ്ടതുണ്ട്. സാമ്രാജ്യത്വചേരിയുടെയും തിരുത്തൽവാദികളുടെയും പിന്തുണയോടെയുള്ള പ്രതിവിപ്ലവത്തോടെ, യുഎസ്എസ്ആറിനും സോഷ്യലിസ്റ്റ് ചേരിക്കുമുണ്ടായ ദുഃഖകരമായ തകർച്ചയെ തുടർന്ന്, സാമ്രാജ്യത്വചേരിയുടെ യുദ്ധവെറിക്കെതിരെയുള്ള സംരക്ഷണഭിത്തി കൂടിയാണ് തകർന്നത്. ഒരു ഏകധ്രുവലോകത്ത്, തങ്ങളുടെ യുദ്ധവെറിക്കെതിരെ ഫലപ്രദമായ തടസ്സങ്ങൾ ഇല്ലെന്നുകണ്ടാൽ സാമ്രാജ്യത്വശക്തികളും അവരുടെ പിണിയാളുകളും കലികൊണ്ട് പാഞ്ഞുനടക്കും. ഇപ്പോൾ സിയോണിസ്റ്റ് ഇസ്രായേൽ വൻതോതിൽ തങ്ങളുടെ ആക്രമണങ്ങൾ ആരംഭിക്കാനും തുടരാനും പുതിയ ഊർജ്ജം കണ്ടെത്തിയതുപോലെ. അതിനാൽ, സാമ്രാജ്യത്വ യുദ്ധതന്ത്രത്തിന് തടസ്സമാകാൻ കഴിയുന്ന തരത്തിൽ, സമാധാനസ്നേഹികളായ ജനങ്ങൾ ലോകമെമ്പാടും ഏകോപിതവും സുസ്ഥിരവും ശക്തവും സംയോജിതവുമായ സാമ്രാജ്യത്വവിരുദ്ധ സമാധാന പ്രസ്ഥാനം സംഘടിപ്പിക്കുക എന്നതാണ് ഈ കാലത്തിന്റെ ആവശ്യം. അതേസമയംതന്നെ, പൊരുതുന്ന പലസ്തീൻജനതക്ക് സജീവ പിന്തുണ നൽകുവാനും, സിയോണിസ്റ്റ് ഇസ്രയേൽ ഭരണകൂടം നടത്തുന്ന മാരകമായ ആക്രമണങ്ങൾക്ക് ഉടൻ അറുതി വരുത്തണമെന്നും, ഗാസയിലും വെസ്റ്റ്ബാങ്കിലും ഗോലൻ കുന്നുകളിലും അവർ കൈവശപ്പെടുത്തിയിരിക്കുന്ന ഭൂമി ഉടനടി വിട്ടൊഴിയാൻ ആവശ്യപ്പെടണമെന്നും ഏവരോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. പശ്ചിമേഷ്യയിലെ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്നും പിൻവാങ്ങണമെന്ന് യുഎസ് സാമ്രാജ്യത്വത്തോടും ഞങ്ങൾ ആവശ്യപ്പെടുന്നു. സ്വതന്ത്ര പരമാധികാര പലസ്തീൻ രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള ലോകവ്യാപക പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## തീരത്ത് സമരജ്വാലകൾ ഉയരുന്നു

(11–ാം പേജിൽ നിന്ന്)

പ്പെടെ പതിനായിരക്കണക്കിന് ആളുകളുടെ വീടുകളും ജീവനോപാധികളും നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കി. ധാരാളം ശുദ്ധജല സ്രോതസ്സുകളും നെൽവയലുകളുമുണ്ടായിരുന്ന ആലപ്പാട് പഞ്ചായത്ത് പൂർണമായും ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുന്ന സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു. പരിസ്ഥിതി–ഖനന–തീരസംരക്ഷണമേഖലയിൽ രാജ്യത്ത് നിലനിൽക്കുന്ന എല്ലാ നിയമങ്ങളുടെയും ലംഘനമാണ് രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ മുൻനിർത്തിക്കൊണ്ട് കേന്ദ്രസംസ്ഥാന ഭരണാധികാരികളുടെ ഒത്താശയോടെ ഇവിടെ അരങ്ങേറുന്നത്.

കുടിവെള്ളവും വായുവുമടക്കം മനിലമാക്കി പ്രവർത്തിക്കുന്ന ചവറയിലെ ഐആർഇ, ടൈറ്റാനിയം ഫാക്ടറികൾ ഖനനമേഖലയിലെ മാത്രമല്ല ചവറ, പന്മന, നീണ്ടകര പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ജനങ്ങൾക്ക് തീരാവ്യാധികളാണ് സമ്മാനിക്കുന്നത്. പര്യാപ്തമായ മലിനീകരണ നിയന്ത്രണ നിർമ്മാർജ്ജന സംവിധാനങ്ങളില്ലാത്ത നീണ്ടകരയിലെ മത്സ്യസംസ്കരണഫാക്ടറികൾ ആധുനികമായ ഒരു സമൂഹത്തിന് യോജിച്ച വ്യാവസായിക തൊഴിൽ പരിസ്ഥിതി അന്തരീക്ഷത്തിലല്ല പ്രവർത്തിക്കുന്നത്.

കൊല്ലം തുറമുഖത്തിന്റെ നിർമ്മാണത്തിനായി തങ്കശ്ശേരിയിൽ നിർമ്മിച്ച വലിയ പുലിമുട്ട് കൊല്ലം നഗരത്തിന്റെ തെക്കുവശത്തുള്ള തീരദേശ മേഖലയായ ഇരവിപുരത്ത് വലിയ കടൽ കയറ്റത്തിനും തീരശോഷണത്തിനും കാരണമാകുന്നു. കോടികൾ മുടക്കി നിർമ്മിക്കുന്ന കടൽ ഭിത്തിയും പുലിമുട്ടുകളും താത്ക്കാലികമായി പരിഹാരമാണെന്നുതോന്നുമെങ്കിലും പലപ്പോഴും ഈ നിർമ്മിതികൾതന്നെ കടൽകയറ്റത്തിനും തീരശോഷണത്തിനും കാരണമാകുന്നു എന്നുമാണ് കാണപ്പെടുന്നത്. കൊല്ലം തുറമുഖ നിർമ്മാണത്തിനായി നിർമ്മിച്ച പുലിമുട്ടിന്റെ ഭാഗമായി കടലിറങ്ങി സൃഷ്ടിക്കപ്പെട്ട കരഭൂമിക്കുവേണ്ടിയാകട്ടെ കുത്തകകമ്പനികൾ ഒളിഞ്ഞും തെളിഞ്ഞും രംഗത്തുമുണ്ട്.

തീരവാസികളുടെമേൽ നിഷ്ഠൂരമായ ആക്രമണങ്ങൾ അഴിച്ചുവിട്ട് തീരമാകെ കുത്തകകൾക്ക് തീറെഴുതാൻ അധികാരികൾ ശ്രമിക്കുവോളം തീരത്ത് ജനസമരങ്ങൾ ഉയർന്നുവന്നുകൊണ്ടേയിരിക്കും. തീര സംരക്ഷണത്തിനുള്ള ശാസ്ത്രീയ പദ്ധതികൾ ജനങ്ങളുടെ ജീവിതമാർഗ്ഗങ്ങളും ജീവനോപാധികളും സംരക്ഷിച്ചുകൊണ്ട് നടപ്പിലാക്കാൻ സർക്കാരുകൾ തയ്യാറായേ മതിയാകൂ. ■

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20
UNITY Malayalam Monthly
2021 July
Vol.48 No.3 Price: Rs. 5.00

# ഫാദർ സ്റ്റാൻ സ്വാമി ഭരണകൂട ഭീകരതയുടെ ഇര

**കെ**ട്ടിച്ചമക്കപ്പെട്ട ഭീമാ കൊറേഗാവ് കേസിൽ പെടുത്തി അറസ്റ്റ് ചെയ്ത് മാനുഷികമായ പരിഗണനകളെല്ലാം നിഷേധിച്ച് തുറുങ്കിലടക്കപ്പെട്ട ഫാദർ സ്റ്റാൻ സ്വാമി എന്ന വന്ദ്യവയോധികന്റെ മരണം ഭരണകൂടഭീകരതയുടെ ഫലമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ അഭിപ്രായപ്പെട്ടു.


അന്യായമായി യുഎപിഎ ചുമത്തി തുറുങ്കിലടച്ചിരിക്കുന്ന മുഴുവൻ മനുഷ്യാവകാശ പ്രവർത്തകരെയും പുറത്തു വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു


രാജ്യത്തെ ഏറ്റവും കിരാത നിയമമായ യുഎപിഎ ചുമത്തി തടവിലാക്കപ്പെട്ട, ഗുരുതരമായ രോഗപീഡകളാൽ വലഞ്ഞ ഫാദർ സ്വാമിക്ക് സ്വാഭാവിക നീതി പോലും നിഷേധിക്കപ്പെട്ടു. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരാജയത്തെയാണ് ഈ സംഭവം വെളിവാക്കുന്നത്. ഭരണകൂടത്തിനും സർക്കാരിനും ഇഷ്ടമില്ലാത്ത, അനീതിയെ ചോദ്യം ചെയ്യുന്ന നൂറുകണക്കിനാളുകളാണ് ഇന്ന് ഇന്ത്യൻ തടവറകളിൽ നരകിക്കുന്നത്. നീതിക്കുവേണ്ടി അന്തർദേശീയ തലത്തിൽ ഉയരുന്ന അപേക്ഷകളെപോലും സർക്കാർ വകവക്കുന്നില്ല. കാശ്മീരിൽ യുഎപിഎ ചുമത്തി 11 വർഷം തടവിൽ കഴിഞ്ഞ ഒരു ചെറുപ്പക്കാരൻ നിരപരാധിയെന്ന് കണ്ടെത്തിയത് ഈയിടെയാണ്.

ഇപ്രകാരം തടവിലാക്കപ്പെട്ടവരിൽ സംസ്ഥാനത്ത് നിന്നുള്ളവരുമുണ്ട്. കേരള സർക്കാരും പ്രബല രാഷ്ട്രീയകക്ഷികളും ഇക്കാര്യത്തിൽ വച്ചുപുലർത്തുന്ന നിഷ്ക്രിയത്വം അപലപനീയമാണ്. മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ കൂടുതൽ ജനവിരുദ്ധമാകുന്നതിന് അനുസരിച്ച് വളർന്നുവരാൻ സാധ്യതയുള്ള ജനമുന്നേറ്റത്തെ തടയാൻ കൂടുതൽ കർക്കശ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. ഈ നടപടികളെയും നീക്കങ്ങളെയും ചെറുക്കാൻ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഭീമ കൊറേഗാവ് കേസിൽപ്പെടുത്തി തടവിലിട്ടിരിക്കുന്ന എല്ലാരെയും ഉടൻ മോചിപ്പിക്കണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ■

# വിഖ്യാത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീൻ ന്യൂ യോർക്ക് ടൈംസിന് അയച്ച കത്ത്

**പലസ്തീൻ ജനതയ്ക്കുമേൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒത്താശയോടെ ഇസ്രായേൽ നിരന്തരമായി നടത്തുന്ന ആക്രമണങ്ങൾ ഏഴുപതിറ്റാണ്ടുകൾക്കുമുമ്പ് ഐൻസ്റ്റീൻ നൽകിയ മുന്നറിയിപ്പ് അക്ഷരംപ്രതി ശരിയെന്ന് തെളിയിക്കുന്നതാണ്.**

മഹാനായ ശാസ്ത്രജ്ഞനും മാനവികതാവാദിയുമായിരുന്ന ആൽബർട്ട് ഐൻസ്റ്റീൻ ജർമ്മനിയിലെ ഒരു ജൂത കുടുംബത്തിലാണ് ജനിച്ചത്. ഹിറ്റ്ലറുടെ നാസിസത്തിന്റെ കടുത്ത വിമർശകനായിരുന്ന ഐൻസ്റ്റീൻ ഹിറ്റ്ലർ അധികാരത്തിലെത്താൻ പോകുന്ന ഘട്ടത്തിൽത്തന്നെ രാജ്യം വിട്ടു. ബഹിഷ്കൃതരായ ജൂതജനതയെ അധിവസിപ്പിക്കുന്നതിന്റെ പേരിൽ സയണിസം അതിന്റെ ഭീഷണമായ ശിരസ്സ് ഉയർത്താൻ തുടങ്ങിയത് ഐൻസ്റ്റീനെ അലട്ടിയിരുന്നു. അങ്ങനെയാണദ്ദേഹം 1948ൽ ന്യൂയോർക്ക് ടൈംസിന് ഈ കത്തെഴുതിയത്.


ആൽബർട്ട് ഐൻസ്റ്റീൻ

ന്യൂയോർക്ക് ടൈംസിന്റെ പത്രാധിപർമാർക്ക്:

പുതുതായി രൂപീകരിക്കപ്പെട്ട ഇസ്രായേലിൽ, സംഘാടനത്തിലും രീതികളിലും രാഷ്ട്രീയദർശനത്തിലും സാമൂഹിക അഭ്യർത്ഥനയിലുമെല്ലാം നാസി, ഫാസിസ്റ്റ് പാർട്ടികളോടു സാദൃശ്യമുള്ള 'ഫ്രീഡം പാർട്ടിയുടെ' ഉദയമാണ് നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും അസ്വാസ്ഥ്യജനകമായ രാഷ്ട്രീയ പ്രതിഭാസം. പാലസ്തീനിൽ മുമ്പുണ്ടായിരുന്ന ഒരു വലതു തീവ്രവാദ ദേശീയ ഭ്രാന്തന്മാരുടെ സംഘടനയായ 'ഇർഗൻ സാവി ല്യൂമി'യുടെ അംഗങ്ങളിലും അണികളിലും നിന്നാണത് രൂപീകരിക്കപ്പെട്ടത്.

ഈ പാർട്ടിയുടെ നേതാവായ മെനാച്ചം ബെഗിന്റെ അമേരിക്കൻ ഐക്യനാടുകളിലേക്കുള്ള ഇപ്പോഴത്തെ സന്ദർശനം, വരാൻ പോകുന്ന ഇസ്രായേൽ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പാർട്ടിക്ക് അമേരിക്കൻ പിന്തുണയുണ്ടെന്ന ധാരണയുണ്ടാക്കാനും യുഎസിലെ യാഥാസ്ഥിതിക സയണിസ്റ്റ് ഘടകങ്ങളുമായുള്ള രാഷ്ട്രീയബന്ധം ഉറപ്പിച്ചെടുക്കാനുമാണ്. ദേശീയപ്രശസ്തിയുള്ള നിരവധി അമേരിക്കക്കാർ ഈ സന്ദർശനത്തെ സ്വാഗതം ചെയ്യാനായി സ്വയം തയ്യാറായിട്ടുണ്ട്. ലോകത്തെമ്പാടും ഫാസിസത്തെ എതിർക്കുന്നവർ മിസ്റ്റർ ബെഗിന്റെ രാഷ്ട്രീയ ചരിത്രവും വീക്ഷണങ്ങളുമെല്ലാം ശരിയായി മനസ്സിലാക്കിയാൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന് പിന്തുണ നൽകാൻ മുന്നോട്ടു വരുമെന്ന് തോന്നുന്നില്ല.

സാമ്പത്തികസംഭാവനകൾ,ബെഗിനെ പിന്തുണച്ചുകൊണ്ടുള്ള പൊതുവായ പ്രകടനങ്ങൾ, വലിയൊരു വിഭാഗം അമേരിക്കക്കാർ ഇസ്രായേലിലെ ഫാസിസ്റ്റ് ശക്തികളെ പിന്തുണയ്ക്കുന്നവരാണെന്ന ധാരണ പാലസ്തീനിൽ സൃഷ്ടിക്കൽ എന്നിവയിലൂടെ പരിഹരിക്കാനാകാത്ത കേടുപാടുകൾ ഉണ്ടാകുന്നതിനുമുമ്പ് മിസ്റ്റർ ബെഗിന്റെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെയും ചരിത്രവും ലക്ഷ്യങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ അമേരിക്കൻ ജനതയ്ക്ക് നൽകേണ്ടിയിരിക്കുന്നു. മിസ്റ്റർ ബെഗിന്റെ പാർട്ടിക്കുള്ള പൊതുപിന്തുണ അതിന്റെ യഥാർത്ഥ സ്വഭാവത്തെ ഒരു തരത്തിലും സൂചിപ്പിക്കുന്നില്ല. ഇന്നവർ സ്വാതന്ത്ര്യത്തെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും സാമ്രാജ്യത്വത്തിനെതിരെയും സംസാരിക്കും, എന്നാൽ അടുത്ത കാലംവരെ അവർ ഫാസിസ്റ്റ് രാഷ്ട്രത്തിന്റെ പ്രമാണങ്ങളാണ് ഉറക്കെ ഉദ്ഘോഷിച്ചിരുന്നത്. ഒരു ഫാസിസ്റ്റ് പാർട്ടി സ്വന്തം ചെയ്തികളിൽക്കൂടി അതിന്റെ യഥാർത്ഥ സ്വഭാവം മറച്ചുവയ്ക്കുന്നു; ഭാവിയിലതെന്തുചെയ്യും എന്ന് നമുക്കതിന്റെ കഴിഞ്ഞകാല ചെയ്തികളിൽനിന്നും മനസ്സിലാക്കാം.

## അറബ് ഗ്രാമത്തിനു നേരേയുള്ള ആക്രമണം

ദേർ യാസ്സിൻ എന്ന അറബ് ഗ്രാമത്തോടുള്ള അവരുടെ പെരുമാറ്റമാണ് ഞെട്ടിപ്പിക്കുന്ന ഒരുദാഹരണം. പ്രധാന പാതയിൽനിന്ന് വിട്ടുമാറി ജൂതന്മാരുടെ സ്ഥലത്താൽ ചുറ്റപ്പെട്ട ഈ ഗ്രാമം യുദ്ധത്തിൽ പങ്കെടുത്തിട്ടേ ഉണ്ടായിരുന്നില്ല, എന്നു മാത്രമല്ല ഗ്രാമത്തെ തങ്ങളുടെ താവളമാക്കാൻ ശ്രമിച്ച അറബ് സംഘവുമായി അവർ പോരടിക്കുകപോലും ചെയ്തിരുന്നു. ഒരു സൈനിക ലക്ഷ്യമല്ലാതിരുന്ന ഈ പ്രശാന്തഗ്രാമത്തെ ഭീകരസംഘങ്ങൾ ഏപ്രിൽ 9ന് ആക്രമിക്കുകയും പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായി 240 പേരെ വധിക്കുകയും കുറച്ചുപേരെ ജറുസലേം വീഥികളിലൂടെ യുദ്ധത്തടവുകാരെപ്പോലെ പരേഡ് നടത്തുന്നതിനായി ബാക്കിവയ്ക്കുകയും ചെയ്തു.(ന്യൂയോർക്ക് ടൈംസ്) ഭൂരിഭാഗം ജൂതസമൂഹവും ഈ കൃത്യത്തിൽ ഭയചകിതരാകുകയും ട്രാൻസ് - ജോർദ്ദാനിലെ അബ്ദുള്ളരാജാവിന് ക്ഷമാപണം നടത്തിക്കൊണ്ടുള്ള കമ്പിസന്ദേശം അയയ്ക്കുകയും ചെയ്തു. പക്ഷേ ഭീകരവാദികൾ സ്വന്തം ചെയ്തികളിൽ ലജ്ജിച്ചില്ല എന്നതോ പോകട്ടെ, ഈ കൂട്ടക്കൊലയിൽ അഭിമാനം പ്രകടിപ്പിക്കുകയും അത് വ്യാപകമായി പ്രചരിപ്പിക്കുകയും രാജ്യത്തുണ്ടായിരുന്ന വിദേശ മാദ്ധ്യമ പ്രവർത്തകരെ ക്ഷണിച്ചു വരുത്തി ശവക്കൂനയും ദേർ യാസ്സിനിൽ വരുത്തിയ വിനാശവും കാണിച്ചുകൊടുക്കുകയും ചെയ്തു. ദേർ യാസ്സിൻ സംഭവം ഫ്രീഡം പാർട്ടിയുടെ പ്രവൃത്തിയും സ്വഭാവവും ഉദാഹരിക്കുന്നുണ്ട്.

ജൂതസമുദായത്തിനകത്ത് അവർ അതിദേശീയതയുടെയും മതനിഗൂഢതാവാദത്തിന്റെയും വംശാധിപത്യത്തിന്റെയും ഒരു മിശ്രിതം ഉദ്ഘോഷിക്കുകയും ചെയ്തു. സമരങ്ങളെ തകർക്കാൻ അവയെ ഉപയോഗിക്കുകയും സ്വതന്ത്ര ട്രേഡ് യൂണിയനുകളെ തകർക്കുന്നതിനായി സ്വന്തം നിലയിൽ സമ്മർദ്ദമുപയോഗിക്കുകയും ചെയ്തു. സ്വന്തം മേഖലകളിൽ ഇറ്റാലിയൻ ഫാസിസ്റ്റ് മാതൃകയിൽ കോർപ്പറേറ്റ് ട്രേഡ് യൂണിയനുകളെ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങിങ്ങായുള്ള ബ്രിട്ടീഷ് വിരുദ്ധ ആക്രമണങ്ങളുടെ അവസാന വർഷങ്ങളിൽ ഐഇസഡ്എൽ(IZL), സ്റ്റേൺ ഗ്രൂപ്പ് എന്നിവർ പാലസ്തീൻ ജൂതസമൂഹത്തിൽ ഭീകരതയുടെ ആധിപത്യത്തിന് തുടക്കമിടുകയും ചെയ്തു. അവർക്കെതിരെ സംസാരിച്ചതിന് അദ്ധ്യാപകരെ മർദ്ദിച്ചു, മക്കളെ അവരോടൊപ്പം വിടാത്തതിന് പ്രായമായവരെ വെടിവച്ചു. കൊള്ളസംഘത്തിന്റെ രീതികൾ, മർദ്ദനം, ഭവനഭേദനം, വ്യാപകമായ കവർച്ച എന്നിവയിലൂടെ ഭീകരവാദികൾ ജനസാമാന്യത്തെ ഭയപ്പെടുത്തുകയും നേട്ടം പിടിച്ചുവാങ്ങുകയും ചെയ്തു.

പാലസ്തീനിലെ സൃഷ്ടിപരമായ നേട്ടങ്ങളിൽ ഫ്രീഡം പാർട്ടിയിലെ ആളുകൾക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല. അവർ ഒരു നിലവുമൊരുക്കിയില്ല, ഒരു വാസസ്ഥലവുമൊരുക്കിയില്ല ജൂത പ്രതിരോധ പ്രവർത്തനങ്ങളെ തള്ളിപ്പറയുക മാത്രം ചെയ്തു. അവരുടെ കൊട്ടിഘോഷിക്കപ്പെട്ട കടിയേറ്റ പരിശ്രമങ്ങൾ നിസ്സാരവും ഫാസിസ്റ്റ് കൂട്ടാളികള കൊണ്ടുവരുന്നതിൽ മാത്രം ഒതുങ്ങുന്നതുമായിരുന്നു.

ഒപ്പ്

ആൽബർട്ട് ഐൻസ്റ്റീൻ

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).